# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2022 മാർച്ച് 31 | ദീപം 55 | നാളം 5 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org


# കെ റെയിൽ പ്രതിഷേധാഗ്നിയിൽ എരിയുന്ന കേരളം






പ്രഫ. റോണി കെ. ബേബി


കെ റെയിൽ അഥവാ സിൽവർ ലൈൻ പദ്ധതി എന്ന സെമി ഹൈ സ്പീഡ് റെയിൽ പാതയുടെ പേരിൽ അതിശക്തമായ വാദപ്രതിവാദങ്ങളാണ് കേരളത്തിലെ ഭരണ പ്രതിപക്ഷങ്ങൾ ഉയർത്തുന്നത്. പദ്ധതി കടന്നുപോകുന്ന പല പ്രദേശങ്ങളിലും ക്രമസമാധാന നിലയെപ്പോലും ബാധിക്കുന്ന വിധത്തിൽ വിഷയം വളർന്നുകഴിഞ്ഞു. കിടപ്പാടം നഷ്ടപ്പെടുന്ന പലരും അതിജീവനത്തിനുള്ള പോരാട്ടത്തിലാണ്. കേരളം ഇതുവരെ കാണാത്ത സമരപോരാട്ടങ്ങൾക്കാണു കളമൊരുങ്ങുന്നത്. പതിവുപോലെ സമരത്തിനു വർഗീയ മുഖം നൽകാനുള്ള ശ്രമങ്ങളും ആരംഭിച്ചുകഴിഞ്ഞു. വിമോചനസമരത്തിന്റെ മാതൃകയിൽ ചങ്ങനാശ്ശേരി കേന്ദ്രീകരിച്ചു സർക്കാരിനെതിരേ ഗൂഢാലോചന നടക്കുന്നുവെന്നാണു ഭരണകക്ഷിയുടെ സെക്രട്ടറിയുടെ നിലപാട്.

### കെ റെയിൽ എന്ത്?

കേരളത്തിലെ പതിനൊന്നു ജില്ലകളിലൂടെ കടന്നുപോകുന്നതും നിലവിൽ പതിനൊന്നു മണിക്കൂർ വരുന്ന തിരുവനന്തപുരം-കാസർകോട് യാത്രാസമയം നാലു മണിക്കൂറാക്കി ചുരുക്കുന്നതുമായ അർധ-അതിവേഗ റെയിൽ പദ്ധതിയാണ് സിൽവർ ലൈൻ. സംസ്ഥാനസർക്കാരും റെയിൽവേയും ചേർന്നുള്ള കേരള റെയിൽ ഡെവലപ്മെന്റ് കോർപറേഷനാണ് (കെ-റെയിൽ) നടത്തിപ്പുകാർ. 63,941 കോടി രൂപയാണു പ്രതീക്ഷിക്കുന്ന ചെലവ്. തുക അന്താരാഷ്ട്ര ഏജൻസികളിൽനിന്നു വായ്പയായി എടുക്കും. ഇപ്പോൾ നഗരങ്ങളിൽ ജോലി ചെയ്യുന്നവരുടെ ജീവിതത്തിൽ വലിയൊരു സമയം യാത്രയ്ക്കാണു ചെലവാകുന്നത്. യാത്രാസമയം ഗണ്യമായി കുറയ്ക്കാനായാൽ യാത്രയിൽ പാഴാകുന്ന സമയം വീടുകളിലോ തൊഴിലിടങ്ങളിലോ അവർക്കതു പ്രയോജനപ്പെടുത്താനും ജീവനക്കാരുടെ ഉത്പാദനക്ഷമത കൂട്ടാനും സഹായിക്കും. സഞ്ചാരവേഗം കുറയുന്നതു നാടിന്റെ വികസനപുരോഗതിക്കു തടസ്സം സൃഷ്ടിക്കും. ജോലിയുടെ ആവശ്യാർത്ഥം നഗരങ്ങളിൽ താമസിക്കുന്നവർക്കും ദിനംപ്രതി വീടണയാനും അതുവഴി നഗരങ്ങളിലെ തിക്കും തിരക്കും മലിനീകരണവും വൻതോതിൽ കുറയ്ക്കാനും പുതിയ പാതയുടെ വരവോടെ സാധിക്കും. നിർമാണഘട്ടത്തിൽ 50,000 പേർക്കു തൊഴിൽ, പദ്ധതി തുടങ്ങിയാൽ 11,000 പേർക്ക് തൊഴിൽ തുടങ്ങി നിരവധി നേട്ടങ്ങളാണ് പദ്ധതിക്ക് അനുകൂലമായി സർക്കാർ ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്നത്.

എന്നാൽ, സിൽവർ ലൈൻ പദ്ധതി സാമ്പത്തികമായും സാമൂഹികമായും പാരിസ്ഥിതികമായും കേരളത്തിനു ദോഷം ചെയ്യുമെന്നാണു പദ്ധതിയെ നിശിതമായി എതിർക്കുന്നവരും പ്രതിപക്ഷവും പറയുന്നത്. 530 കി.മീറ്റർ വരുന്ന സിൽവർ ലൈനിൽ, ലഭ്യമായ രേഖകൾ പ്രകാരം 88 കിലോമീറ്റർ പാടങ്ങളിലൂടെയുള്ള ആകാശപാതയാണ്. മറ്റിടങ്ങളിലെല്ലാം പാതയുടെ ഇരുവശങ്ങളിലും 4-6 മീറ്റർ ഉയരത്തിൽ സുരക്ഷാഭിത്തി നിർമിക്കും. ഇതു സംസ്ഥാനത്തെ രണ്ടായി വിഭജിക്കാൻ ഇടയാക്കും. ആയിരക്കണക്കിനു വീടുകളും പൊതുകെട്ടിടങ്ങളും ഇല്ലാതാകും. പാത കടന്നുപോകുന്ന ഭൂമിയിൽ നല്ലൊരു ഭാഗം പരിസ്ഥിതിലോലപ്രദേശങ്ങളിൽ വരുന്നതാണ്. ഇങ്ങനെ പരിസ്ഥിതിക്കും ജനങ്ങൾക്കും കടുത്ത ആഘാതമാകും പദ്ധതിയെന്നാണ് എതിർക്കുന്നവരുടെ നിലപാട്. ചെലവു കുറച്ചുകാട്ടിയും യാത്രക്കാരുടെ എണ്ണം പെരുപ്പിച്ചും വസ്തുതകൾ മറച്ചുവച്ചുമാണ് സർക്കാർ പദ്ധതി ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്നതെന്ന് പദ്ധതിയെ എതിർക്കുന്നവർ പറയുന്നു.

സിൽവർ ലൈൻ പദ്ധതിക്കെതിരേ ശാസ്ത്ര സാഹിത്യ പരിഷത്ത് ഉൾപ്പെടെ നിരവധി ബഹുജന സന്നദ്ധ സംഘടനകളും രംഗത്തു വന്നിട്ടുണ്ട് എന്നത് സർക്കാരിന്റെ വാദങ്ങളെ ദുർബലമാക്കുന്നുണ്ട്. പദ്ധതിയുടെ ഡി പി ആർ (വിശദപദ്ധതിരേഖ) പുറത്തുവിടാത്തതിലും സമഗ്രപരിസ്ഥിതിപഠനവും സാമൂഹികാഘാതപഠനവും നടത്താതെ നടപ്പാക്കാനുള്ള നീക്കത്തിലും പൊതുസമൂഹത്തിനുമുണ്ട് ആശങ്ക.


▶8


# സർക്കാരിന്റെ ഖജനാവു നിറയ്ക്കാൻ എന്തിനു കൃഷിയിറക്കണം?






അഡ്വ. വി. സി. സെബാസ്റ്റ്യൻ


അസംഘടിതകർഷകരുടെമേൽ എന്തുമാകാമെന്ന് ഒരിക്കൽക്കൂടി തെളിയിച്ചിരിക്കുകയാണ് സംസ്ഥാന സർക്കാർ. മാറിമാറി ഭരണത്തിൽ കടന്നുവരുന്നവർ എന്തു ചെയ്താലും ഏറാൻമൂളികളായി പ്രതികരണശേഷി നഷ്ടപ്പെട്ട് അടിമപ്പണി ചെയ്യുന്ന അവസ്ഥയിലേക്ക് അധഃപതിച്ച കർഷകർ, സ്വന്തം തല അറുത്തുമാറ്റിയാൽപ്പോലും പാഠം പഠിക്കില്ലെന്നു ശപഥം ചെയ്തതുപോലെയാണ് കാര്യങ്ങളുടെ പോക്ക്. സംഘടിച്ചു പ്രതികരിക്കാൻ ശ്രമിക്കാതെ ആർക്കോവേണ്ടി അച്ചാരംവാങ്ങി സ്വയം നശിച്ചുജീവിക്കുന്ന കർഷകന് വൻ പ്രഹരമേല്പിച്ചിരിക്കുകയാണ് ഭൂനികുതി വർധിപ്പിച്ചുകൊണ്ടുള്ള സംസ്ഥാനസർക്കാരിന്റെ ബജറ്റ് നിർദേശം.

സംസ്ഥാനത്തെ സംഘടിത ഉദ്യോഗസ്ഥമേലാളന്മാരെയും നിയമസഭയിൽ കർഷകദ്രോഹനിർദ്ദേശങ്ങൾക്കു കയ്യടിച്ച്, നാട്ടിലുടനീളം കർഷകസ്നേഹം പ്രസംഗിക്കുന്ന ജനപ്രതിനിധികളെയും തീറ്റിപ്പോറ്റാൻ മണ്ണിൽ പണിയെടുക്കുന്ന മണ്ണിന്റെ മക്കളുടെമേൽ അമിതഭാരം അടിച്ചേല്പിക്കുന്ന കൊടുംക്രൂരത എത്രനാൾ കണ്ടില്ലെന്നു നടിക്കാനാവും?

ഭൂനികുതിനിർദേശത്തിന്റെ പിന്നിലുള്ള യഥാർത്ഥ ചിത്രം പഠനവിഷയമാക്കാൻ കർഷകസംഘടനകളും ജനപ്രതിനിധികളും കർഷകാഭിമുഖ്യമുള്ള രാഷ്ട്രീയ പാർട്ടികളും ശ്രമിക്കാത്തതു നിർഭാഗ്യകരമാണ്. ഭൂനികുതിയുടെ ശതമാനം അടിസ്ഥാനത്തിലുള്ള വർധന ഒഴിവാക്കി സ്ലാബ് സംവിധാനത്തിലൂടെയുള്ള വൻവർധനയുടെ പ്രത്യാഘാതം കർഷകനു താങ്ങാവുന്നതിലധികമായിരിക്കും. ഓരോ സ്ലാബിലും വ്യത്യസ്തമായ നികുതിനിരക്കാണ് നിർദേശിച്ചിരിക്കുന്നത്. കേൾക്കുമ്പോൾ നിസ്സാരമെന്നു തോന്നുമെങ്കിലും ഇപ്പോഴുള്ള ഭൂനികുതിയുടെ ഇരട്ടിയോ അതിലേറെയോ തുകയായി പുത്തൻ നികുതി കുത്തനെ വർധിക്കും. ബജറ്റ് പാസ്സാക്കിയതിനുശേഷം 2022-23 മുതലായിരിക്കും ഇതിന്റെ ദുരന്തഫലം കർഷകർ നേരിടുന്നത്.


▶12

# സുറിയാനിസഭയുടെ ധീരനായകൻ



ഡോ. ഡൊമിനിക് വെച്ചൂർ

ഭാരതസഭയുടെ അഭിമാനവും മാർത്തോമ്മാനസ്രാണികളുടെ ആരാധ്യപുരുഷനുമായ പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ ചരമവാർഷികദിനമായിരുന്നു മാർച്ച് 20. അദ്ദേഹം ദിവംഗതനായിട്ട് 223 വർഷം പൂർത്തിയായി.

**തോമ്മാക്കത്തനാരുടെ ചില അടിസ്ഥാനാഭിമുഖ്യങ്ങൾ**

ദൈവവിശ്വാസവും ദൈവാരാധനയും ജീവശ്വാസംപോലെ പ്രധാനപ്പെട്ടതായിരുന്നു അദ്ദേഹത്തിന്. സർവശക്തനും പിതാവുമായ ഏകദൈവത്തിലുള്ള വിശ്വാസത്തെ തന്റെ ജീവിതത്തിന്റെ ആധാരശിലയായി അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു. അദ്ദേഹം ജീവിതകാലം മുഴുവൻ ദൈവത്തെ തേടുകയും അവിടുത്തെ വലിയ നിധിയും നിക്ഷേപവുമായി കരുതുകയും ചെയ്തു.

ഒപ്പം, ഏകസത്യദൈവത്തിന്റെ ഏകപുത്രനും മുഴുവൻ മനുഷ്യവംശത്തിന്റെയും ഏകരക്ഷകനുമായ ഈശോമിശിഹായിൽ അദ്ദേഹം ദൃഢമായി വിശ്വസിച്ചിരുന്നു. സീറോ മലബാർ സഭയുടെ വി. കുർബാനക്രമത്തിലെ മാർ തെയഡോറിന്റെ അനാഫൊറായിൽ പ്രാർത്ഥിക്കുന്നതുപോലെ 'സകലത്തിന്റെയും പൂർത്തീകരണവും സകലവും പൂർത്തിയാക്കുന്നവനുമായ ഈശോമിശിഹായിൽ' പാറേമ്മാക്കലച്ചൻ പൂർണമായി വിശ്വസിച്ചു.

തിരുസ്സഭയെ മിശിഹായുടെ മണവാട്ടിയും വിശ്വാസിഗണത്തിന്റെ അമ്മയും ഗുരുനാഥയുമായി പാറേമ്മാക്കൽ മനസ്സിലാക്കി. ഒപ്പം, സഭയെ രക്ഷയുടെ തുറമുഖവും സങ്കേതവും കൃപാവരത്തിന്റെ നിക്ഷേപാലയവുമായി തിരിച്ചറിഞ്ഞു. സഭ അദ്ദേഹത്തിനെന്നും ഒരു കൂട്ടായ്മയുടെ കുടുംബാനുഭവമായിരുന്നു. സത്യസഭയെ രക്ഷയ്ക്കുള്ള ഉപാധികളുടെ പൂർണതയായി അദ്ദേഹം മനസ്സിലാക്കിയിരുന്നു.

അദ്ദേഹത്തിന്റെ ക്രൈസ്തവസ്വത്വബോധത്തിന്റെയും അദ്ദേഹം രചിച്ച ക്ലാസിക് സഞ്ചാരവിവരണമായ വർത്തമാനപ്പുസ്തകത്തിന്റെയും അടിസ്ഥാനാഭിമുഖ്യം ഈ മിശിഹാവിജ്ഞാനീയവും സഭാദർശനവുമായിരുന്നു. ഇതു നന്നായി വ്യക്തമാക്കുന്നതാണ് വർത്തമാനപ്പുസ്തകത്തിന്റെ മുഖവുരയിലെ ആദ്യവചസ്സുകൾ: "ഉടയതമ്പുരാന്റെ അനന്തകാരുണ്യത്താലും, പണ്ടുമുതലേ അന്യമതസ്ഥരുടെയും നാനാജാതി ജനങ്ങളുടെയും ഇടയിൽ ഈശോമിശിഹായുടെ തിരുനാമം പ്രഘോഷിക്കുകയും അതിനനുസരിച്ച് ഏറിയ ത്യാഗം സഹിച്ച് വലിയ നിഷ്ഠയോടും ചിട്ടയോടുംകൂടി തങ്ങളുടെ കാരണവന്മാരു നടന്നുകാണിച്ചുതന്ന മര്യാദയ്ക്കും ജീവിതക്രമത്തിനും തങ്ങളാലാകുന്നതുപോലെ ഒരു ഭംഗം വരുത്താതെപോന്ന ജനതയാകയാലും, ഈ ജനതയുടെ ഇടയിൽ, ആദ്യമായി സുവിശേഷം അറിയിച്ചവനും ക്രൈസ്തവസഭയ്ക്ക് അടിസ്ഥാനമിട്ടവനുമായ മാർത്തോമ്മാശ്ലീഹായുടെ യോഗ്യതകളാലും, ഈജിപ്തിലെ അനേകം രാജാക്കന്മാരുടെ ഭരണത്തിൻ കീഴിൽ ഇസ്രായേൽമക്കളെ ദൈവം വർദ്ധിപ്പിക്കുകയും പരിപാലിക്കുകയും ചെയ്തു എന്നതുപോലെതന്നെ നമ്മുടെ സഭയെയും അനേകം രാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയും ഭരണത്തിൻകീഴിൽ യാതൊരു നാശവും ക്ലേശവും വരുത്താതെ അന്നുമുതൽ ഇന്നുവരെ ദൈവം കാത്തുപാലിച്ചുപോരുകയും ചെയ്തു.'' തോമ്മാക്കത്തനാരുടെ ഈ ആമുഖവചസ്സുകൾതന്നെ അദ്ദേഹത്തിന്റെ മുഴുവൻ ജീവിതവീക്ഷണവും നന്നായി വ്യക്തമാക്കുന്നു.



**വിശ്വാസവും പ്രത്യാശയും നിറഞ്ഞ ജീവിതം**

തന്റെ ജീവിതയാത്ര മുഴുവനോടും ദൈവത്തെ ചേർത്തു പിടിച്ച ഒരു ശ്രേഷ്ഠാചാര്യനാണ് തോമ്മാക്കത്തനാർ. ജീവിതത്തിന്റെ പ്രതിസന്ധിഘട്ടങ്ങളിലെല്ലാം അദ്ദേഹം ആശ്രയം വച്ചത് മാനുഷികപരിഹാരങ്ങളെക്കാൾ ദൈവപരിപാലനയിലും ദൈവഹിതത്തിലുമാണ്. വർത്തമാനപ്പുസ്തകത്തിലെ നിരവധിയായ വിവരണങ്ങളിൽ പല തവണ ആവർത്തിക്കപ്പെടുന്ന ഒരു വാചകമാണ് 'ഉടയതമ്പുരാന്റെ മാനോഗുണവും കരുണയും' എന്നത്. 'തമ്പുരാന്റെ സ്തുതിക്കും മഹത്വത്തിനു'മായി അദ്ദേഹം എല്ലാം ചെയ്തു. സങ്കീർത്തകന്റെ നിലപാടായിരുന്നു അദ്ദേഹത്തിന്റേതും. "പർവതങ്ങളിലേക്കു ഞാൻ കണ്ണുകളുയർത്തി. എനിക്കു സഹായം എവിടെ നിന്നു വരും? എനിക്കു സഹായം കർത്താവിൽനിന്നു വരുന്നു. ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിൽനിന്ന്" (121, 1-2).

**വിശുദ്ധ കുർബാനയിൽ കേന്ദ്രിതമായ ജീവിതം**

തന്റെ വിശ്വാസജീവിതത്തിന്റെ ചൈതന്യവും ശക്തിയും പാറേമ്മാക്കലച്ചൻ സ്വാംശീകരിച്ചത് വി. കുർബാനയിൽനിന്നായിരുന്നു. തങ്ങളുടെ സാഹസികമായ ലിസ്ബൺ- റോമാ യാത്രയിലുടനീളം ഉണ്ടായ വൈതരണികളെയും പ്രതിസന്ധികളെയും അതിജീവിക്കാൻ പാറേമ്മാക്കലിനും കരിയാറ്റിമല്പാനും കരുത്തു പകർന്നത് അവരുടെ ആഴമുള്ള പ്രാർത്ഥനാജീവിതവും വിശിഷ്യാ, അനുദിനമുള്ള വി. കുർബാനയർപ്പണവുമായിരുന്നു. ദൈവാരാധന വിശിഷ്യാ, പരി. കുർബാനയർപ്പണമാണ് ക്രൈസ്തവജീവിതത്തിന്റെ ഉറവിടവും അത്യുച്ചിയുമെന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനം (ആരാധനക്രമം, 10) നേരത്തേതന്നെ തങ്ങളുടെ ജീവിതത്തിൽ ഇവരിരുവരും അന്വർത്ഥമാക്കിയിരുന്നു. പരി. അമ്മയോടും മാർത്തോമ്മാശ്ലീഹായോടും മറ്റു വിശുദ്ധരോടുമുള്ള വണക്കവും ഭക്തിയും ഇവർ പുലർത്തിയിരുന്നു.

**സുകൃതസമ്പന്നമായ ജീവിതം**

ക്രൈസ്തവസുകൃതങ്ങളുടെ ഒരു വിളനിലമായിരുന്നു പാറേമ്മാക്കലിന്റെ ജീവിതം. എളിമയും വിനയവും ലാളിത്യവും ആ ജീവിതത്തിൽ നന്നായി വിളങ്ങിയിരുന്നു. കരുണയും കരുതലും പരസ്നേഹചൈതന്യവും പാറേമ്മാക്കലിന്റെ ജീവിതത്തെ കൂടുതൽ ശോഭയുള്ളതാക്കി. അനുസരണവും സഭാധികാരത്തോടുള്ള വിധേയത്വവും അദ്ദേഹത്തിന്റെ ജീവിതത്തിന്റെ മുഖമുദ്രയായിരുന്നു. സഭാധികാരികൾ തങ്ങളെ തെറ്റിദ്ധരിച്ചപ്പോഴും പ്രതികൂലമായി പ്രതികരിച്ചപ്പോഴും പാറേമ്മാക്കലും കരിയാറ്റിയും സമചിത്തതയോടെ വ്യാപരിച്ചു. എങ്കിലും സത്യസന്ധതയോടെയും നീതിബോധത്തോടെയും തെറ്റുകൾ ചൂണ്ടിക്കാണിക്കാൻ അവർ മറന്നില്ല.

തികഞ്ഞ സഭാസ്നേഹവും സമുദായസ്നേഹവും കത്തിജ്വലിക്കുന്നതായിരുന്നു. തോമ്മാക്കത്തനാരുടെ ജീവിതം. സഭയുടെ ഐക്യം കാത്തുസൂക്ഷിക്കാനും ഏതദ്ദേശീയ മെത്രാന്മാരെ ലഭിക്കാനും സഭയ്ക്കു സ്വന്തമായി ഒരു വൈദികപരിശീലന 'പഠിത്തവീട്' ലഭിക്കാനുമൊക്കെയായിട്ടായിരുന്നു പ്രധാനമായും പാറേമ്മാക്കലിന്റെ റോമായാത്ര. ചിരപുരാതനമായ മാർത്തോമ്മാനസ്രാണികളുടെ സഭയുടെ തനതായ പൈതൃകവും ചരിത്രവും ദൈവാരാധനാരീതികളും അതിന്റെ തന്മയിൽ സംരക്ഷിക്കപ്പെടണമെന്ന് അദ്ദേഹം തീവ്രമായി ആഗ്രഹിച്ചു. അതിനുവേണ്ടി കഠിനമായി അദ്ധ്വാനിക്കുകയും ചെയ്തു.

പാറേമ്മാക്കലിന്റെ തികഞ്ഞ സുറിയാനി പ്രതിപത്തിയും സ്നേഹവും വർത്തമാനപ്പുസ്തകത്തിൽ പലയിടങ്ങളിലും വ്യക്തമാക്കുന്നുണ്ട്. നസ്രാണികളുടെ വേദഭാഷയും ആരാധനാഭാഷയും ഈശോയും ശ്ലീഹന്മാരും സംസാരിച്ചതും സുറിയാനിഭാഷയാണെന്നുള്ള അടിസ്ഥാനബോധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. വർത്തമാനപ്പുസ്തകത്തിൽനിന്ന് ഉദ്ധരിക്കട്ടെ: "ഞങ്ങൾ സുറിയാനിക്കാരാണ്. മാർത്തോമ്മാശ്ലീഹാ ഞങ്ങളുടെ നാട്ടിൽ ശുദ്ധമാനവിശ്വാസം ഞങ്ങൾക്കുതന്ന കാലംമുതൽ ഇന്നോളം ഒരു മുടക്കവും വരുത്താതെ സുറിയാനിക്രമത്തിലാണ് ഞങ്ങളുടെ പള്ളികളിൽ ആരാധനയും കർമങ്ങളും നടത്തിപ്പോന്നിരുന്നത്. ഇതു കണ്ടുനിന്റെ കാരണവന്മാർ ഞങ്ങളുടെ പള്ളികളിലെ ഈ പഴയ ക്രമം മാറ്റുവാൻ ആകുന്നതുപോലെ ശ്രമിച്ചുനോക്കിയെങ്കിലും അതു ഫലിക്കുന്നില്ലെന്നു കണ്ട് മടുത്തു പിന്മാറി" (72-ാം പാദം).

**അല്മായസഹകരണവും പങ്കാളിത്തവും പ്രോത്സാഹിപ്പിച്ചു**

ശക്തമായ അല്മായ-അജപാലക കൂട്ടായ്മയുടെ ഇതിഹാസമാണ് വർത്തമാനപ്പുസ്തകം. മുണ്ടുമുറിയെല്ലാം വിറ്റുപെറുക്കിയാണ് പാറേമ്മാക്കലിന്റെയും കരിയാറ്റിയുടെയും റോമായാത്രയ്ക്കുള്ള ചെലവ് ദൈവജനം കണ്ടെത്തിയത്. അജപാലകനും അല്മായരുമടങ്ങുന്ന നസ്രാണി യോഗം സഭാപരമായ വിഷയങ്ങളിൽ ഉചിതമായി ഇടപെട്ടിരുന്നു. വർത്തമാനപ്പുസ്തകത്തിലെ അങ്കമാലിയോഗവിവരണങ്ങളും യോഗതീരുമാനങ്ങളും ഇക്കാര്യം നിരന്തരം വെളിപ്പെടുത്തുന്നു.

ദേശീയതയുടെ ഉറച്ച വക്താവുകൂടിയായിരുന്നു പാറേമ്മാക്കലച്ചൻ. "നാം ഭാരതീയരാണ്", "ഇന്ത്യ ഇന്ത്യാക്കാരുടേതാണ്" തുടങ്ങിയ ചിന്തകൾ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിനു നൂറ്റാണ്ടുകൾക്കു മുമ്പേ ഉയർത്തിപ്പിടച്ച തികഞ്ഞ ദേശസ്നേഹികൂടിയായിരുന്നു പാറേമ്മാക്കലച്ചൻ. ക്രൈസ്തവരുടെ വിവിധങ്ങളായ സാമൂഹികവിഷയങ്ങളിലും ക്രൈസ്തവസമൂഹത്തിന്റെ സംരക്ഷണയിലും പ്രതിരോധത്തിലും പാറേമ്മാക്കൽ ഏറെ ശ്രദ്ധിച്ചിരുന്നു.

പാറേമ്മാക്കൽ തോമ്മാക്കത്തനാർ ലക്ഷ്യങ്ങൾ സഫലമാക്കാൻ കഴിയാതെപോയ ഒരു അജപാലകനോ ജനനേതാവോ അല്ല. വർത്തമാനപ്പുസ്തകം ലക്ഷ്യം സാധിക്കാൻ കഴിയാതെ പോയ ഒരു യാത്രയുടെ കേവല വിവരണവുമല്ല. മറിച്ച്, തലമുറകൾക്ക് എന്നും പ്രചോദനം പകർന്നുനല്കുന്ന 'അമർജ്യോതി'കളാണ്. ഈശോയുടെ ഉത്തമശിഷ്യരും തീക്ഷ്ണത നിറഞ്ഞ സഭാസ്നേഹികളും പരിപക്വമായ ദേശീയതയുടെ പ്രവാചകരുമാകുവാൻ പാറേമ്മാക്കലും അദ്ദേഹതത്തിന്റെ വർത്തമാനപ്പുസ്തകവും നമ്മെ നിരന്തരമായി പ്രബോധിപ്പിക്കുന്നു.

■



*ഇന്ത്യൻ ദേശീയതയുടെയും സാമൂഹികപ്രതിബദ്ധതയുടെയും വക്താവും മലയാളത്തിലെ പ്രഥമ സഞ്ചാരസാഹിത്യകൃതിയായ വർത്തമാനപ്പുസ്തകത്തിന്റെ കർത്താവുമായ പാറേമാക്കൽ ഗോവർണ്ണദോരിന്റെ 223-ാം ചരമവാർഷികദിനാചരണത്തോടനുബന്ധിച്ചുള്ള അനുസ്മരണസമ്മേളനം രാമപുരത്ത് പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ ദീപം തെളിച്ച് ഉദ്ഘാടനം ചെയ്യുന്നു. കോട്ടയം പൗരസ്ത്യ വിദ്യാപീഠം പ്രഫസർ ഫാ. ഡോ. ഡൊമിനിക് വെച്ചൂർ, രൂപത ഡയറക്ടർ ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, രൂപത പ്രസിഡന്റ് ഇമ്മാനുവേൽ നിധീരി, ജനറൽ സെക്രട്ടറി ജോസ് വട്ടുകുളം തുടങ്ങിയവർ സമീപം.*

# ജീവിതത്തിന്റെ സത്യസന്ധമായ നേർച്ചിത്രങ്ങൾ



ജോസ്
വഴുതനപ്പിള്ളി

നന്മമരങ്ങളായി ചില മനുഷ്യർ തിന്മയെ ചവിട്ടിമെതിച്ച് അതിനെ ഉന്മൂലനം ചെയ്യുന്നു. അവർ അങ്ങനെ സ്നേഹത്തിന്റെ, സാഹോദര്യത്തിന്റെ വെന്നിക്കൊടികൾ പാറിക്കുന്നു. ഈ മട്ടിലുള്ള സാഹിത്യകൃതികൾ ഒന്നുംതന്നെ മലയാളിക്കു പ്രിയങ്കരമല്ല. നന്മതിന്മയുടെ വേർതിരിവു സൃഷ്ടിക്കുന്ന, അവരെ രണ്ടു ചേരികളിലായി നിർത്തി ഉപന്യസിക്കുന്ന കഥകളോ നോവലുകളോ ഒന്നും മലയാളിയെഴുത്തുകാരുടെ വായനപ്പുസ്തകങ്ങളിലും കണ്ടിരുന്നിരിക്കില്ല. ഉദാഹരണത്തിന്, ഗ്രീക്കു പുരാണങ്ങളിലെ ഹെർക്കുലീസിനെ എടുക്കാം. ആൾ ഉഗ്രപ്രതാപിയായിരുന്നെങ്കിലും കൊടുംക്രൂരതകൾ ചെയ്ത ആളായിരുന്നു. ഹേരാ എന്നൊരു മോഹിനിയുടെ സ്വാധീനത്താൽ അയാൾ സ്വന്തം മക്കളെപ്പോലും കൊന്നു. ഇതു വായിച്ചപ്പോഴൊന്നും ആരും നന്മയെയും തിന്മയെയും വേർതിരിച്ചു കണ്ടില്ല.

ഹൈന്ദവപുരാണങ്ങളിലെ വാല്മീകി ഒരു കൊലപാതകിയും പിടിച്ചുപറിക്കാരനുമായിരുന്നു. പിന്നീട് അയാൾക്കു മാനസിക പരിവർത്തനം സംഭവിക്കുന്നു; സമാരാധ്യനായ ആത്മീയഗുരുവായി മാറുന്നു. അല്ലാവുദ്ദീനും അദ്ഭുതവിളക്കും എന്ന കഥയിൽ അമ്മാവന് ഒരു ദുരാഗ്രഹം, ആ വിളക്കു സ്വന്തമാക്കാൻ. പക്ഷേ, കഥയിൽ ആരെയും ശത്രുപക്ഷത്തു നിർത്തി ശിക്ഷിക്കുന്നില്ല. മോശം കഥാപാത്രമാക്കി വിചാരണ ചെയ്യുന്നില്ല.

**എഴുത്തിലെ കറുപ്പും വെളുപ്പും**

പതിനാറാം നൂറ്റാണ്ടിൽ യൂറോപ്പിലാകമാനം ജനപ്രിയ കലാരൂപമായിരുന്നു സന്മാർഗ നാടകങ്ങൾ. നീതിയുടെയും സന്മാർഗത്തിന്റെയും പ്രതീകങ്ങളായി, പര്യായങ്ങളായി കുറെ കഥാപാത്രങ്ങൾ അതിലുണ്ടായിരുന്നു. അവർ നമുക്ക് ദൈവിക ഗുണങ്ങൾ പറഞ്ഞുതരും. മനുഷ്യന്റെ സ്വതഃസിദ്ധമായ ബലഹീനതകളെ ദുഷ്ടശക്തികൾ ആക്രമിക്കാൻ തുടങ്ങുമ്പോൾ അവൻ മാരകപാപങ്ങളിലേക്കു നിപതിക്കുന്നു. ദൈവത്തിന്റെ നാലു പുത്രിമാരായ കരുണയെ, നീതിയെ, ആത്മസംയമനത്തെ, സത്യത്തെ ഉപേക്ഷിക്കുന്നു; നാശവും മരണവും ക്ഷണിച്ചു വരുത്തുന്നു. ഇത്തരം നാടകങ്ങൾ ഒന്നും മലയാളി ശ്രദ്ധിച്ചില്ല. അതിനുപകരം അറബിക്കഥകളും ഷേക്സ്പിയറും ക്ലാസ്സിക്കുകളും വേണ്ടുവോളം വായിച്ചു.


അറബിക്കഥയിലെ ഇല്ലിറ്ററേറ്റ് സ്കൂൾമാസ്റ്റർ സ്വന്തം നിലനില്പിനായി വിദ്യാസമ്പന്നനായി അഭിനയിക്കുന്നു. ഒടുവിൽ ഒരു പട്ടാളക്കാരൻ അയച്ച ടെലിഗ്രാം വായിപ്പിക്കാൻ കൊണ്ടുചെല്ലുമ്പോൾ അയാൾ വെറുതെ ഭാവാഭിനയത്തിലൂടെ ആൾ മരിച്ചു എന്ന് വരുത്തിവയ്ക്കുന്നു. സാക്ഷാൽ പട്ടാളക്കാരൻ വരുമ്പോൾ പൂച്ചു പുറത്താകുന്നു. ഇവിടെയും ആരും സ്കൂൾമാസ്റ്ററെ ഒരു വില്ലൻകഥാപാത്രമായി കണ്ടില്ല.


**അലി ബാബയും നാല്പതു കള്ളന്മാരും**


അലി എന്ന ചെറുപ്പക്കാരൻ, തസ്കരൻമാർ ഗുഹയിലൊളിപ്പിച്ച സ്വർണനാണയങ്ങൾ കണ്ടെത്തുകയും അടിച്ചുമാറ്റുകയും ചെയ്യുന്നു. അവിടെ നാം ആരും പറയുന്നില്ല, 'അതു മോശം' എന്ന്. ഒടുവിൽ തസ്കരനേതാവ് കൽഭരണികളിൽ ഒളിപ്പിച്ച മറ്റു കള്ളന്മാരുമായി എത്തുമ്പോൾ അലിയുടെ വേലക്കാരി തിളപ്പിച്ച എണ്ണയൊഴിച്ചു അവരെ കൊലപ്പെടുത്തുന്നു. അതൊരു ക്രൂരകൃത്യമായി നമുക്കു തോന്നുന്നതേയില്ല. എല്ലാം വെറുതെ ഒരു കഥ കേൾക്കുന്ന ലാഘവത്തിൽ, അലിയോടുള്ള സഹജവികാരത്തോടെ നാം വായിച്ചുപോകുന്നു.

ഒലിവർ ട്വിസ്റ്റ് എന്ന നോവലിൽ പാവം ഒലിവർ ഫാഗിൻ എന്നൊരു പോക്കറ്റടി സ്കൂൾ നടത്തിപ്പുകാരന്റെയും ദുർനടപ്പുകാരി നാൻസിയുടെയും സംഘത്തിൽ പെട്ടുപോകുന്നു. കഥയിൽ ഇവരെയാരെയും ഭീകരരായോ ദുഷ്ടരായോ നാം കാണുന്നില്ല. ചില സാഹചര്യങ്ങൾ അവരെ അങ്ങനെയാക്കി എന്നു മാത്രം ചിന്തിക്കുന്നു.

മാക്ബെത് നാടകത്തിൽ കൊട്ടാരത്തിൽ വിരുന്നിനെത്തിയ രാജാവിനെ കൊലചെയ്യുകയാണ് മാക്ബെത്. അതിനുവേണ്ടി കാവൽക്കാരെ മയക്കി ഉറക്കുന്നതു ലേഡി മാക്ബെത്താണ്. ഇതെല്ലം മനുഷ്യരെക്കൊണ്ടു ദുർഭൂതങ്ങൾ ചെയ്യിക്കുന്നു എന്നു സമാധാനിക്കുക മാത്രം. 'മേയർ ഓഫ് കാസ്റ്റർബ്രിഡ്ജ്' എന്ന നോവലിൽ തന്റെ ഭാര്യയെ ലേലം വിളിച്ചിട്ടാണു തിരപ്പുറപ്പാട്. വീണ്ടും ധനാഢ്യനായി കുടുംബത്തെ വീണ്ടെടുത്തിട്ടും ഒടുവിൽ അയാൾ സ്വന്തം ചെയ്തികൾകൊണ്ടും പ്രതികാരചിന്തകൊണ്ടും എല്ലാം നഷ്ടമാക്കുന്നു. മനുഷ്യമനസ്സുകളുടെ ഇരുധ്രുവങ്ങളിലേക്കുള്ള ചാഞ്ചാട്ടമാണ് 'ഡോക്ടർ ജെക്കാൾ ആൻഡ് മിസ്റ്റർ ഹൈഡ്' എന്ന കഥയിലും വായിക്കുക.



















**കുറ്റവും ശിക്ഷയും**

റോഡിൻ എന്നൊരു ദരിദ്ര യുവാവ് പണം പലിശയ്ക്കു കൊടുക്കുന്ന, അറുത്ത കൈക്ക് ഉപ്പു തേക്കാത്ത ഒരു സ്ത്രീയെ കൊലപ്പെടുത്തുന്നു. സ്വത്തെല്ലാം സ്വന്തമാക്കി തന്റെ ദാരിദ്ര്യം തുടച്ചുനീക്കാം, മഹത്തായ കാര്യങ്ങൾ ചെയ്യാം എന്നൊക്കെയായിരുന്നു അവന്റെ പ്ലാൻ. പക്ഷേ, തീവ്രമായ മാനസികവേദനകളിലേക്കും വിഭ്രാന്തിയിലേക്കുമാണ് അയാൾ നിപതിക്കുന്നത്. അയാൾക്ക് സ്വയംമടുപ്പും വിദ്വേഷവും തോന്നുന്നു.

**തിന്മയിലേക്ക് ഒരു ചായ്വ്**

തിന്മയിലേക്ക് ഒരു ആകർഷണം മനുഷ്യർക്കെല്ലാം സ്വതഃസിദ്ധമാണ്. അസൂയ, കോപം തുടങ്ങിയ അധമവികാരങ്ങൾ തൊട്ടുതീണ്ടിയിട്ടില്ലാത്തവർ ആരുമില്ല. മനുഷ്യജീവിതം തെറ്റും ശരിയും ഇഴചേർന്നു കിടക്കുന്ന ഒരു പ്രതിഭാസമാണ്. അലിബാബയുടെ കഥയിൽ ആ സ്വർണനാണയങ്ങൾ കൈക്കലാക്കാൻ യാതൊരു മടിയും അയാൾക്കില്ല. അതെന്തോ സ്വന്തവും അവകാശപ്പെട്ടതുമാണ് എന്നാണു വിചാരം. അതാണു മനുഷ്യൻ. മനുഷ്യനെ മൃഗീയസ്വഭാവക്കാരനെന്നൊക്കെ വിശേഷിപ്പിക്കാറുണ്ട്. നാമൊക്കെ ഉൾക്കാമ്പിൽ സത്യവും നെറിവും സത്സ്വഭാവവും പേറിക്കൊണ്ടാണ് ജന്മമെടുക്കുന്നതെന്നും ഒരു സിദ്ധാന്തമുണ്ട്. സന്മാർഗം നാം പഠിച്ചെടുക്കുന്നതാണ് എന്നാണ് അരിസ്റ്റോട്ടിലിന്റെ അഭിപ്രായം.

പുനത്തിലിന്റെ സ്മാരകശിലകളിൽ സ്നേഹസമ്പന്നനായ ആ ഫ്യൂഡൽപ്രഭു നാട്ടുകാർക്കുവേണ്ടി എന്തൊക്കെ നന്മകളാണു ചെയ്യുന്നത്! അയാൾ വലിയ കാരുണ്യവാനായിരുന്നു; പക്ഷേ, ഒരു വല്ലാത്ത സ്ത്രീലമ്പടനുമായിരുന്നു. തന്റെ ഭാര്യയെ നശിപ്പിച്ചതിന്റെ പക പോക്കി ഒരു യുവാവ് അയാളെ വധിക്കുന്നു. നന്മയും തിന്മയുമൊക്കെ എരിവും പുളിയുംപോലെ ജീവിതത്തിൽ സമ്മിശ്രമായിരിക്കുന്നു എന്ന സത്യം തിരിച്ചറിഞ്ഞവരാണ് നമ്മുടെ എഴുത്തുകാർ.

അലസ്ക്സാണ്ടർ സോൾഷെനിസ്റ്റസൻ പറയുന്നത് 'നന്മയുടെയും തിന്മയുടെയും പോർമുഖങ്ങൾ ഓരോ മനുഷ്യന്റെയും അന്തരാത്മാവിലൂടെ കടന്നു പോകുന്നു' എന്നാണ്.

**എഴുത്തിലെ സന്മാർഗികളും ദുർമാർഗികളും**

അസാധാരണമായ ഒരു പക്വത ചിന്തകളിൽ സാധ്യമാക്കാൻ മലയാളത്തിലെ എഴുത്തുകാർക്കു കഴിയുന്നുണ്ട്. ധാരാളം നല്ല ഭാവാത്മകമായ തന്മയോടെ കഥാപാത്രങ്ങളെ സൃഷ്ടിക്കുന്ന എഴുത്തുകാർ ഇതര ഭാഷകളിൽ ഉണ്ടെന്നിരിക്കിലും, അവിടെയൊന്നും കാണാത്ത ഒരു തിളക്കവും മിഴിവും സത്യസന്ധമായ ജീവിതനിരീക്ഷണവും നമുക്കിവിടെ മലയാളത്തിൽ ദൃശ്യമാകുന്നുണ്ട്.

ഒരു സങ്കീർത്തനംപോലെ എന്ന നോവലിൽ കഥാനായകനായ ഡോസ്റ്റോയേവ്സ്ക്കിയുടെ ബലഹീനതകളിലൂടെ, ഏകാന്തതയിലൂടെ എഴുത്തുകാരൻ നമ്മെ വഴിനടത്തുന്നു. ചൂതാട്ടക്കാരനും മദ്യപനുമായ അയാളുടെ പ്രണയബന്ധങ്ങളെല്ലാം തകർന്നുപോകുന്നു. തീരാവ്യാധികളും ദാരിദ്ര്യവും അയാളെ വേട്ടയാടുന്നു.

രണ്ടാനമ്മയുമായി അവിഹിതവേഴ്ചയിൽ ഏർപ്പെട്ട് അതിന്റെ മനോവ്യഥയാൽ വിദേശയൂണിവേഴ്സിറ്റിയിലെ പഠനമൊക്കെ മതിയാക്കി പലായനം ചെയ്യുന്ന രവിയുടെ കഥയാണ് 'ഖസാക്കിന്റെ ഇതിഹാസം'. താൻപോലുമറിയാതെ ഒരു സന്ദിഗ്ധാവസ്ഥയിൽ ദുർബലനായി നിലകൊള്ളുന്ന മനുഷ്യരെ വരച്ചിടുകയാണ് ഈ നോവലുകളിൽ.

'ആയുസ്സിന്റെ പുസ്തക'ത്തിലെ യോഹന്നാൻ, ജീവിതത്തിൽ പല കാരണങ്ങളാൽ ഒറ്റപ്പെട്ടുപോകുന്ന ഒരു വ്യക്തയാണ്. ഒടുവിൽ അയാൾ സുന്ദരിയായ സാറ എന്ന വിധവയിൽ ആശ്വാസം കണ്ടെത്തി. സാറായെ വിവാഹം കഴിക്കാൻ ആഗ്രഹിച്ച പിതാവ് തോമാ, മകനും അവളുമായുള്ള വേഴ്ച കണ്ടുപിടിക്കുന്നു. സാറായെ തോമാ കഴുത്തു ഞെരിച്ചു കൊല്ലുന്നതോടെ യോഹന്നാൻ കരകാണാക്കടലിൽ എറിയപ്പെട്ടവനെപ്പോലെ ആകുന്നു.

'അരനാഴികനേരം' എന്ന വിഖ്യാതമായ നോവലിൽ വൃദ്ധനായ കുഞ്ഞോനാച്ചൻ തന്റെ മരുമകൾ കുറുപ്പ് എന്നൊരു വ്യക്തിയുമായുള്ള ബന്ധത്തിനു സാക്ഷിയായി. ഈ കഥ പുറംലോകം അറിയാതിരിക്കാൻ മരുമകളും കുറുപ്പുംകൂടി കഞ്ചാവിൽ വിഷം കലർത്തി നൽകി വൃദ്ധനെ കൊല ചെയ്യുന്നു. ഒടുവിൽ പശ്ചാത്തപവിവശയായി മരുമകൾ ദീനാമ്മയും അതേ വിഷം കഴിച്ചുമരിക്കുന്നു.

**എഴുത്തിലെ ജീവിത യാഥാർഥ്യങ്ങൾ**

ഏറെ വിഹ്വലതകൾക്കു നടുവിലാണ് ചഞ്ചലചിത്തനായ മനുഷ്യന്റെ ജീവിതം. അവിടെ ഇതൊരു നല്ല മനുഷ്യൻ ഇതൊരു ചീത്ത മനുഷ്യൻ എന്നു ലേബലിട്ട് ആരെയും വിശേഷിപ്പിക്കാനാകില്ല. ചില സാഹചര്യങ്ങളാണ് ചിലരെ ചില നാൽക്കവലകളിൽ എത്തിച്ചേർക്കുക. അവിടെ കറുപ്പും വെളുപ്പുമില്ല. അത് രണ്ടും സമം ചേർക്കുമ്പോൾ കിട്ടുന്ന ചാരനിറം മാത്രം. അതാണ് എഴുത്തിലെ ജീവിതയാഥാർത്ഥ്യം. ഇവിടെ തിന്മയെ ഉന്മൂലനം ചെയ്തു നന്മയെ പുനഃസ്ഥാപിക്കാനൊന്നും ആരും ശക്തരല്ല. കാരണം, മനുഷ്യർ ബലഹീനരാണ്.

മലയാളി വായിച്ചുകൂട്ടിയ ക്ലാസ്സിക്കുകളുടെയും പുരാണങ്ങളുടെയും ഒക്കെ സ്വാധീനം കൊണ്ടാവണം നമ്മുടെ എഴുത്തുകൾക്കു മനുഷ്യജീവിതത്തോടു മുഖാമുഖം പിടിക്കുന്ന കണ്ണാടികളാവാൻ സാധിക്കുന്നത്; എഴുത്തുകാർക്കു സത്യസന്ധതയോടെ ജീവിതത്തിന്റെ നേർച്ചിത്രങ്ങൾ വരച്ചിടാനാകുന്നത്.

■

ബാലനോവൽ 1 രാമപുരം മണി

# ധനുമാസത്തിലെ പൗർണമി




ഇന്നു ധനുമാസത്തിലെ പൗർണമി. നല്ല നിലാവുണ്ടാകും.

മന്ദരരാജ്യത്തിനടുത്തുള്ള പുഷ്പവനത്തിൽ നിലാവു പെയ്തിറങ്ങുന്നതു കാണാൻ എന്തു ചേലാണ്. ഇടതൂർന്ന വൻമരങ്ങളും വള്ളിപ്പടർപ്പുകളും നിറഞ്ഞ കാട് നിലാവത്തു കണ്ണിനമൃതം നൽകുന്ന ഒരു കാഴ്ചയാണ്. മഞ്ഞുകാലത്ത് മരങ്ങളിൽനിന്നു മഞ്ഞു പൊഴിയുന്നതു കേൾക്കാം.

ചെറിയ കുളിരുള്ള ഒരു കാറ്റ് എപ്പോഴും വീശിക്കൊണ്ടിരിക്കും. ചന്ദനമരങ്ങളെയും മറ്റു സുഗന്ധവാഹികളായ ചെടികളെയും തഴുകിയൊഴുകി വരുന്ന കാറ്റിനു നല്ല സുഗന്ധം.

നാനാതരം വൃക്ഷങ്ങൾ, വള്ളിച്ചെടികൾ, കായ്കനികൾ, ഇടയ്ക്കിടയ്ക്ക് കളകളാരവത്തോടെ ഒഴുകുന്ന പൂഞ്ചോലകൾ. ആടിപ്പാടി പറന്നുല്ലസിക്കുന്ന പക്ഷിക്കൂട്ടങ്ങൾ, കലമാനുകൾ, കുരങ്ങുകൾ, സിംഹം, കരടി, ആന എല്ലാം. മനുഷ്യരെ വന്യമൃഗങ്ങൾക്കു ഭയമാണ്. എങ്കിലും ആന ചിലപ്പോൾ പുറത്തിറങ്ങും. വാഹനങ്ങൾ



തകർക്കും, മനുഷ്യരെ ഉപദ്രവിക്കും... സിംഹം, പുലി മുതലായ മൃഗങ്ങൾ ചിലപ്പോൾ ആളുകളെ പേടിപ്പിക്കുകയും ഉപദ്രവിക്കുകയും ചെയ്യും. കുരങ്ങുകൾ മഹാവികൃതികളാണ്. മനുഷ്യർ കാടുകാണാൻ വരുമ്പോൾ കുരങ്ങന്മാർ അവരെ പലവിധത്തിൽ ഉപദ്രവിക്കാറുണ്ട്. വാഹനങ്ങൾക്കു കേടുപാടുകൾ വരുത്തുക. സാധനങ്ങൾ നശിപ്പിക്കുക അങ്ങനെ പല വികൃതികൾ വാനരന്മാർ ചെയ്യും. മനുഷ്യരവരെ ഉപദ്രവിക്കുകയും വിരട്ടിയോടിക്കുകയും ചെയ്യും. ചിലർ കുരങ്ങന്മാർക്കു പഴങ്ങളും ഭക്ഷണസാധനങ്ങളും നൽകും. കുട്ടികൾ കുരങ്ങന്മാരെ ഗോഷ്ടികൾ കാണിക്കും, കുരങ്ങന്മാർ തിരിച്ചും അങ്ങനെതന്നെ ചെയ്യും. ഇതാണു കാട്ടിലെ ചിത്രങ്ങൾ...

കാണികളുടെ കണ്ണിനിമ്പം നൽകുന്ന കാട്.

ഇളംവെയിലും കുളിർത്തെന്നലും കൂടിക്കുഴഞ്ഞ് സ്വർഗമാക്കുന്ന കാട്. പുഷ്പവനം എന്ന കൊടുംകാട്. രാജാക്കന്മാരും മന്ത്രിമാരും രാജകുമാരന്മാരും രാജകുമാരിമാരും വിനോദത്തിനായി നായാട്ടിനു പോകും.

ഇത്തവണ പുഷ്പവനത്തിലേക്കു നായാട്ടിനു പോകുന്നത് മന്ദരരാജ്യത്തിലെ സത്യധർമൻ മഹാരാജാവിന്റെ പുത്രി സുഗന്ധി രാജകുമാരിയാണ്. കുറെ തോഴിമാരോടും അംഗരക്ഷകരോടുമൊപ്പം നായാട്ടിനു പോകാൻ തയ്യാറാവുക്കയാണു രാജകുമാരി. സത്യധർമ മഹാരാജാവിന്റെയും സീമന്തിനി രാജ്ഞിയുടെയും ഏക പുത്രിയാണ് സുഗന്ധി.

സുഗന്ധി സുന്ദരിയാണ്. വെളുത്ത നിറം. നീണ്ടിടംപെട്ട നീലനയനങ്ങൾ... കവിൾത്തടങ്ങളോ റോസാപ്പൂവിതളുകൾപോലെ. പഴുത്ത ചാമ്പക്കാപോലെ ചുവന്ന ചുണ്ടുകൾ. അവ വിടർന്നാലോ മുല്ലമൊട്ടുകൾപോലുള്ള ദന്തനിരകൾ കാണാം. അംഗപ്രത്യംഗം സൗന്ദര്യം വഴിഞ്ഞൊഴുകുന്ന ആകാരവടിവ്. നീണ്ടിരുണ്ട് ചുരുണ്ട കാർകൂന്തൽ. അവ കുമാരിയുടെ നിതംബത്തെയും മറച്ചുകിടന്ന് ഓളംവെട്ടി. കുമാരിയുടെ നടത്തയോ അരയന്നപ്പിടപോലെ അടിവച്ചടിവച്ച്...

ആരു കണ്ടാലും രാജകുമാരിയെ മോഹിച്ചുപോകും. അമൃതേത്തു കഴിഞ്ഞ് ഒന്നു മയങ്ങുകയായിരുന്നു സുഗന്ധി. ഒരു കിളിശബ്ദം കേട്ടവൾ ഞെട്ടിയുണർന്നു.

"രാജകുമാരീ..."

ചെമ്പകമാണ്. സുഗന്ധിയുടെ പ്രധാന തോഴി.

"മയങ്ങിയോ തങ്കക്കുടമേ."

"ചെറുതായി മയങ്ങിത്തുടങ്ങിയിരുന്നു." രാജകുമാരി മൊഴിഞ്ഞു.

"ഈയുള്ളവൾ വന്നുണർത്തിയതു ശല്യമായോ?" ചെമ്പകം ചോദിച്ചു.

"ഒരിക്കലുമില്ല. നിന്റെ 'തങ്കക്കുടമേ' എന്ന വിളി കേൾക്കാൻ എനിക്കെപ്പോഴും കൊതിയാണ്."

"നാളെ രാവിലെ ഭക്ഷണശേഷം നായാട്ടിനു പുറപ്പെട്ടോളാനാണു രാജകല്പന. കുമാരി തയ്യാറല്ലേ..."

"ഞാൻ തയ്യാറാണ്. നമ്മുടെകൂടെ ആരൊക്കെ?"

സുഗന്ധി ചോദിച്ചു.

"പല്ലക്കു ചുമക്കാൻ, അതായതു നിന്നെ ചുമക്കാൻ, നാലുപേർ.... മെയ്‌വർണൻ. കൈക്കരുത്തൻ. സിംഹഗർജൻ. സൗമ്യശീലൻ." ചെമ്പകം പല്ലക്കു ചുമക്കുന്നവരുടെ പേരു പറഞ്ഞു.

"കൊള്ളാം മിടുക്കന്മാർ. എന്റെ അമ്മ വരുന്നില്ലേ..." സുഗന്ധി ചെമ്പകത്തോടു ചോദിച്ചു.

"രാജ്ഞി വരുന്നില്ലെന്നു തോന്നുന്നു. രാജ്ഞികൂടി നായാട്ടിനു വന്നാൽ ഇവിടെ രാജാവു തനിച്ചാകില്ലേ..." ചെമ്പകം പുഞ്ചിരിച്ചു.

(തുടരും)



പ്രതികരണം

# ബസ് കൺസഷൻ വിദ്യാർത്ഥികളുടെ അവകാശമാണ്

കേരളത്തിൽ ബസ്ചാർജ്‌വർദ്ധന ഉന്നയിക്കുമ്പോഴെല്ലാം ബസുടമകൾ സ്ഥിരമായി ആവശ്യപ്പെടുന്ന ഒരു കാര്യമാണ് വിദ്യാർത്ഥികളുടെ കൺസഷൻനിരക്ക് കുറയ്ക്കണമെന്നത്. ആ അവസരങ്ങളിലെല്ലാം വിദ്യാർത്ഥികളും വിദ്യാർത്ഥിസംഘടനകളും ഇതിനെ എതിർക്കാറുമുണ്ട്.

ഇത്തവണ ഈ ആവശ്യം ഉയർന്നപ്പോൾ രണ്ടു രൂപ കൺസഷൻ കൊടുക്കുന്നതു നാണക്കേടാണെന്നു വിദ്യാർത്ഥികൾതന്നെ പറയുന്നുവെന്നാണ് സംസ്ഥാന ഗതാഗതമന്ത്രി ആന്റണി രാജു പറയുന്നത്.

വിദ്യാർത്ഥികൾക്കു നൽകുന്ന കൺസഷൻ അവരുടെ അവകാശമാണ്. കേരളത്തിലെ വിദ്യാർത്ഥികളുടെ കണക്കെടുത്താൽ കൺസഷൻ ഉപയോഗിച്ചു യാത്ര ചെയ്യുന്നവരുടെ എണ്ണം മുൻകാലങ്ങളെ അപേക്ഷിച്ചു കുറവാണെന്നു കാണാനാകും. ഒട്ടേറെ കുട്ടികളെ വീട്ടിലെ വാഹനങ്ങളിലാണു സ്കൂളുകളിൽ എത്തിക്കുന്നത്. ഇതോടൊപ്പം സ്കൂൾ ബസുകളും സ്ഥിരം ടാക്സികളും ഉപയോഗിക്കുന്നുണ്ട്. സർക്കാർ സ്കൂളുകൾപോലും വിദ്യാർത്ഥികൾക്കായി ബസ് സർവീസുകൾ നടത്തുന്നുണ്ട്. ഇങ്ങനെയൊക്കെ യാത്ര ചെയ്യാൻ നിർവ്വാഹമില്ലാത്ത വിദ്യാർത്ഥികളാണ് കൂടുതലും ഇപ്പോൾ ബസുകളെ ആശ്രയിക്കുന്നത്.

പരീക്ഷാസന്ദർഭങ്ങളിൽ ഒഴികെ മറ്റു ദിവസങ്ങളിൽ രാവിലെ എട്ടിനും പത്തിനുമിടയിലും വൈകിട്ടു മൂന്നരയ്ക്കും നാലരയ്ക്കുമിടയിലും ഉള്ള സമയങ്ങളിലാണ് ഭൂരിപക്ഷം വിദ്യാർത്ഥികളും ബസുകളെ ആശ്രയിക്കുന്നത്. രാവിലെയും വൈകിട്ടും വളരെ കുറഞ്ഞ ദൂരത്തിൽ രണ്ടു നേരമാണ് വിദ്യാർത്ഥികൾ സഞ്ചരിക്കുന്നത്. ദീർഘദൂരത്തിൽ യാത്ര ചെയ്യുന്ന വിദ്യാർത്ഥികൾ ഉണ്ടെങ്കിലും എണ്ണം വളരെ കുറവാണ്.

ഓർഡിനറി ബസ്സുകളുടെ സീറ്റിംഗ് കപ്പാസിറ്റിയുടെ 25 ശതമാനവും ടൗൺ സർവീസുകളിൽ 50 ശതമാനവും മാത്രമേ ആളുകൾക്കു നിന്നുകൊണ്ടു യാത്ര ചെയ്യാൻ അനുവാദമുള്ളൂ. എന്നാൽ, എല്ലാ ബസുകളിലും ആളുകളെ കുത്തിനിറച്ചു കൊണ്ടുപോകുന്നത് നിത്യകാഴ്ചയാണ്. വിദ്യാർത്ഥികളെ കയറ്റിയതിന്റെ പേരിൽ എന്തെങ്കിലും നഷ്ടമുണ്ടായിട്ടുണ്ടെങ്കിൽപ്പോലും നിയമവിരുദ്ധമായ ഈ നടപടിയിലൂടെ അതിലും എത്രയോ നേടിക്കൊണ്ടിരിക്കുന്നു. ഇതിനെതിരേ സർക്കാർ എന്തെങ്കിലും നടപടിയെടുത്തതായി അറിയാനും സാധിച്ചിട്ടില്ല.

കൺസഷൻ എന്ന വിദ്യാർത്ഥികളുടെ അവകാശം നിഷേധിക്കാൻ പാടുള്ളതല്ല. ബസുടമകളുടെ വാദത്തിന്റെ പൊള്ളത്തരം ബസുകളിൽ യാത്ര ചെയ്യുന്ന വിദ്യാർത്ഥികളുടെ കണക്കെടുത്താൽ കണ്ടെത്താനാകും. പൊതുഖജനാവിൽനിന്നു കോടികൾ കെഎസ്ആർടിസിക്കു മാസാമാസം നൽകുന്നുണ്ട്. സ്വകാര്യ ബസുകൾ സർക്കാരിനു നികുതി നൽകുന്നുണ്ട്. ഈ സാഹചര്യത്തിൽ അവർക്കു ബുദ്ധിമുട്ടുണ്ടെങ്കിൽ നികുതിയിൽ ഇളവു നൽകുകയാണ് വേണ്ടത്.

ഇതു സംബന്ധിച്ചു ഗതാഗതമന്ത്രിക്കു സമർപ്പിച്ചിട്ടുള്ള നിവേദനത്തിലെ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഒന്നാം ക്ലാസ് മുതൽ 12 ാം ക്ലാസ് വരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും പഠനാവശ്യങ്ങൾക്കായി അധ്യയന ദിവസങ്ങളിൽ രാവിലെയും വൈകിട്ടും രണ്ടു നേരം 30 കിലോമീറ്റർ പരിധിക്കുള്ളിൽ യാത്ര പൂർണ്ണമായും സൗജന്യമാക്കുക.

2. ഡിഗ്രി മുതൽ മുകളിലേക്കുള്ള വിദ്യാർത്ഥികൾക്കു മിനിമം ചാർജിൽ പകുതിയും അതിനു മുകളിൽ 75 ശതമാനവും കൺസഷൻ അനുവദിക്കണം.

3. ഓർഡിനറി കെഎസ്ആർടിസി ബസുകളിലും ഇതേ മാനദണ്ഡത്തിൽ സ്കൂൾ-കോളജ് ഐ ഡി കാർഡുകളുടെ അടിസ്ഥാനത്തിൽ കൺസഷൻ ലഭ്യമാക്കണം.

4. റഗുലർ - പാരലൽ വിദ്യാർത്ഥി വേർതിരിവ് ഇല്ലാതെ എല്ലാ വിദ്യാർത്ഥികൾക്കും കൺസഷൻ അനുവദിക്കാൻ നടപടിയെടുക്കുകയും വേണം.

വിദ്യാർത്ഥികളുടെ കൺസഷൻ കാര്യം പറയുമ്പോൾ കുട്ടികൾ മൊബൈൽ ഫോൺ ഉപയോഗിക്കുന്നു, ഐസ്ക്രീം തിന്നുന്നു തുടങ്ങിയ വാദങ്ങൾ പറഞ്ഞു കേൾക്കാറുണ്ട്. ബസ് ചാർജ് വർദ്ധന നടപ്പാക്കുമ്പോൾ എല്ലാ ബസുടമകൾക്കും ബാധകമാണല്ലോ. അല്ലാതെ ഒരു ബസ് മാത്രമുള്ളവർക്കു മാത്രമല്ലല്ലോ ചാർജുവർദ്ധന നടപ്പാക്കുന്നത്. അതിനാൽ ആ വാദം തികച്ചും ബാലിശമാണ്. ബസ് കൺസഷൻ എന്നത് വിദ്യാർത്ഥിസമൂഹത്തിനാകെ അനുവദിച്ചു നൽകിയിട്ടുള്ള അവകാശമാണ്, അതു നിഷേധിക്കരുത്.

**എബി ജെ ജോസ്**
**പാലാ**

# ദീപനാളം

കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ


മരിക്കേണ്ടിവന്നാലും സത്യം വെടിയരുത്. ദൈവമായ കർത്താവ് നിനക്കുവേണ്ടി പൊരുതിക്കൊള്ളും.

പ്രഭാഷകൻ 4:28

**എഡിറ്റോറിയൽ**

## സന്തോഷസൂചികയിൽ നാം തിരയുന്നതെന്ത്?

സന്തോഷവും സംതൃപ്തിയും വളരുന്ന ഒരു സമൂഹത്തിന്റെ ലക്ഷണമാണ്. അതിന്റെ അഭാവം രോഗാതുരമായ ഒരന്തരീക്ഷത്തിന്റെ പ്രകടമായ ലക്ഷണവുമാണ്. ചിരിക്കാൻ മറന്നുപോയവരുടെയും യഥാർത്ഥത്തിൽ അതെന്താണെന്ന് അറിഞ്ഞുകൂടാത്തവരുടെയും കൂട്ടത്തിലാണോ നാം ജീവിക്കുന്നത് എന്നുപോലും ചിലപ്പോൾ ചിന്തിച്ചുപോകുന്നു. കാരണം, അത്രയേറെ ഗൗരവപ്രകൃതിക്കാരും വിഷാദരോഗികളും അഥവാ അത്തരം ഭാവം നടിക്കുന്നവരുമൊക്കെയായി നാം മാറിക്കഴിഞ്ഞു.

എന്താണു സന്തോഷം? സന്തോഷവും സംതൃപ്തിയും അനുഭവിക്കുന്നവർ ആരാണ്? അതിന്റെ മാനദണ്ഡങ്ങൾ എന്താണ്? സന്തോഷപ്രദമായ രാജ്യങ്ങളേതാണ്? എന്നിത്യാദി ചോദ്യങ്ങൾക്കുള്ള ഉത്തരമാണ് ഐക്യരാഷ്ട്രസഭയുടെ സസ്റ്റയിനബിൾ ഡെവലപ്മെന്റ് റിപ്പോർട്ട് അടിസ്ഥാനമാക്കിയുള്ള 'വേൾഡ് ഹാപ്പിനസ് ഡേ റിപ്പോർട്ട്.' എല്ലാ വർഷവും മാർച്ച് 20 നാണ് യു.എൻ. അന്താരാഷ്ട്രസന്തോഷദിനമായി ആചരിക്കുന്നത്.

2022 ലെ വേൾഡ് ഹാപ്പിനസ് റിപ്പോർട്ടുപ്രകാരം ഫിൻലൻഡ് സന്തോഷസൂചികയിൽ ഒന്നാം സ്ഥാനത്താണ്. തുടർച്ചയായി അഞ്ചാം വർഷമാണ് ഫിൻലൻഡ് ഈ കിരീടം നിലനിർത്തുന്നത്. ഡെന്മാർക്ക്, സ്വിറ്റ്സർലൻഡ്, ഐസ്‌ലൻഡ്, നെതർലൻഡ്സ് എന്നിവയാണ് തൊട്ടുപിന്നിലുള്ള രാജ്യങ്ങൾ.

ലോകത്തിലെ ഏറ്റവും അസന്തുഷ്ടരാജ്യം അഫ്ഗാനിസ്ഥാനാണെന്നാണു റിപ്പോർട്ട്. കഴിഞ്ഞ ഓഗസ്റ്റിൽ താലിബാൻ അധികാരത്തിലെത്തും മുമ്പേ ഇതാണു സ്ഥിതിയെന്നും റിപ്പോർട്ട് പറയുന്നു. ലോകരാജ്യങ്ങളുടെ കൂട്ടത്തിൽ ഇന്ത്യ 136-ാം റാങ്കിൽ വളരെ പിറകിലാണെന്ന കാര്യം നമ്മെ ലജ്ജിപ്പിക്കുന്നു! മാത്രമല്ല, അയൽരാജ്യമായ പാക്കിസ്ഥാൻ ഇന്ത്യയെക്കാൾ മുൻപന്തിയിലാണ് (103-ാം റാങ്ക്) എന്നുകൂടി കേൾക്കുമ്പോൾ ആത്മവിമർശനത്തിന്റെ ഗൃഹപാഠങ്ങൾ അടിയന്തരസ്വഭാവത്തോടെ ചെയ്തുതീർക്കണമെന്ന അവശ്യബോധത്തിലേക്കെത്തും നമ്മൾ.

പ്രധാനമായും ആറു ഘടകങ്ങളെയാണ് രാജ്യങ്ങളുടെ സന്തോഷനിർണയത്തിനാധാരമാക്കിയത്. ഒരു രാജ്യത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനം, സാമ്പത്തികസ്ഥിതി, സാമൂഹികസുരക്ഷാസംവിധാനങ്ങൾ, ആയുർദൈർഘ്യം, അഴിമതിരാഹിത്യം, ജീവിതസ്വാതന്ത്ര്യം എന്നിവയാണവ. ഒരു രാജ്യത്തെ ഏതൊരു പൗരനും അനുഭവിക്കുന്ന സ്വാതന്ത്ര്യവും സമത്വവും ക്ഷേമവും മുൻനിർത്തിയാണ് യഥാർത്ഥസന്തോഷത്തിനു വിലയിട്ടതെന്നാണ് യുഎന്നിന്റെ പൊതുവിലയിരുത്തൽ.

ഏതായാലും, രാജ്യം 136-ാം റാങ്കിൽ വളരെ പിന്നിലായി നില്ക്കുമ്പോഴും 'തിളങ്ങുന്ന ഇന്ത്യ'യെക്കുറിച്ചാണ് നാം വല്ലാതെ വാചാലരാവുന്നത്. തിളക്കമുള്ള ഇന്ത്യയെക്കുറിച്ച് ഊറ്റം കൊള്ളുമ്പോഴും ഇളക്കം സംഭവിച്ചതെവിടെയെന്ന് ആരായേണ്ടത് വികസനമാഗ്രഹിക്കുന്ന ഏതൊരു പൗരന്റെയും ഉത്തരവാദിത്വമാണ്. വിദ്യാഭ്യാസത്തിന്റെയും ആതുരശുശ്രൂഷയുടെയും സാമൂഹികോത്തരവാദിത്വത്തിന്റെയും മറ്റും കാര്യത്തിൽ രാജ്യത്ത് മുൻപന്തിയിൽത്തന്നെ നിലയുറപ്പിച്ചിട്ടുള്ള കേരളത്തിന്റെ സന്തോഷങ്ങൾ തിരയേണ്ടതും വിലയിരുത്തേണ്ടതും അതിന്റെ ആദ്യപടിയായി നില്ക്കുന്നു.

2022 ലെ കണക്കുപ്രകാരം, കേരളത്തിലെ ജനസംഖ്യ 3.34 കോടിയാണ്. പൊതുകടം നാലു ലക്ഷം കോടിയോളമാണ്. ആളോഹരികടം ഒരു ലക്ഷത്തിനുമുകളിലാണ്. സംസ്ഥാനത്തിന്റെ മൊത്തം വാർഷികവരുമാനത്തിന്റെ 18.35 ശതമാനവും പലിശയ്ക്കു മാത്രമായി വേണ്ടിവരും. ശമ്പളത്തിനും പെൻഷനും 58.46 ശതമാനവും. സന്തോഷസൂചികയിൽ നമ്മുടെ കേരളത്തിന്റെ 'സ്ഥാനം' എത്രയെന്നറിയാൻ അധികം ആലോചിക്കേണ്ടതില്ലല്ലോ.

നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം, കുറ്റകൃത്യനിരക്കിൽ കേരളം രാജ്യത്ത് നാലാംസ്ഥാനത്താണ്. ജനപ്രതിനിധികൾപോലും ക്രിമിനൽകേസുകളിൽ പ്രതിയാക്കപ്പെടുന്ന സംഭവങ്ങൾ തുടർക്കഥയാവുന്നു. കേരളത്തിലെ സർവകലാശാലകളിൽപ്പോലും അഴിമതിയും സ്വജനപക്ഷപാതവും കെടുകാര്യസ്ഥതയും സാംക്രമികരോഗംപോലെ പെറ്റുപെരുകുമ്പോൾ സന്തോഷമല്ല, സങ്കടപ്പെരുമഴയാണ് ഇവിടെ പെയ്തിറങ്ങുന്നതെന്നു പറയാതെ തരമില്ല.

മയക്കുമരുന്നുകച്ചവടവും അതിന്റെ തണലിൽ മതതീവ്രവാദവും തഴച്ചുവളരുന്ന സംസ്ഥാനമാണു കേരളം. ലഹരിയുപയോഗത്തിൽ പഞ്ചാബു കഴിഞ്ഞാൽ കേരളമാണ് മുൻനിരയിലുള്ളത്. പ്രതിവർഷം ആയിരക്കണക്കിനു കോടി രൂപയുടെ മദ്യം മലയാളി കുടിച്ചുതീർക്കുന്നത് സന്തോഷത്തിന്റേതല്ല, മഹാസങ്കടത്തിന്റെ റേറ്റിങ്ങാണ് വെളിപ്പെടുത്തുന്നത്. ലക്ഷക്കണക്കിനു കുടുംബങ്ങൾ ദാരിദ്ര്യത്തിലേക്കും ആത്മഹത്യയിലേക്കും കൂപ്പുകുത്തിയതിൽ വില്ലൻ ലഹരിമാഫിയയാണ്. പോക്സോ കേസുകളും സ്ത്രീ-സ്ത്രീധനപീഡനക്കേസുകളും ഇക്കഴിഞ്ഞ വർഷങ്ങളിൽ കേരളത്തിൽ വർദ്ധിച്ചിരിക്കുന്നുവെന്നതും ചർച്ച ചെയ്യേണ്ടതാണ്.

സ്വാഭാവികമായ സന്തോഷവും സമാധാനവും സംതൃപ്തിയും ഭരണം നടത്തേണ്ടിടത്ത് കൃത്രിമച്ചിരികളും ആക്കിച്ചിരികളും അതിന്റെ വകഭേദങ്ങളും മനുഷ്യന് 'ആശ്വാസം' പകരുന്ന കാലമാണിത്. സോഷ്യൽമീഡിയായിലും ടി.വി. പരിപാടികളിലും നാം തിരയുന്നത് യഥാർത്ഥസന്തോഷമാണോ അതോ കൃത്രിമച്ചിരികളാണോ? അവിടങ്ങളിൽ ഉത്പാദിപ്പിക്കുന്നത് പൊട്ടിച്ചിരികളാണെങ്കിലും നഷ്ടപ്പെട്ടുപോയ ഏതോ വസന്തകാലത്തെ തിരിച്ചുപിടിക്കാനുള്ള അശ്രാന്തപരിശ്രമം അവിടെയുമുണ്ടെന്നുറപ്പാണ്. അവതാരകരും അന്തിച്ചർച്ചക്കാരും വച്ചുവിളമ്പുന്ന സുഖവിരുന്നുകൾക്കു പകരം മുഖംമൂടിയില്ലാത്ത സ്വർഗീയാനന്ദം ഇനി എന്നാണ് നമ്മൾ തിരഞ്ഞുതുടങ്ങുന്നത്? ■

# പത്രക്കടലാസിനു തീവില

കൊച്ചി: ആഗോള വാണിജ്യമേഖലയെ അടിമുടി ഉലച്ച കൊവിഡ് പ്രതിസന്ധിക്കു പിന്നാലെ റഷ്യ - യുക്രെയ്ൻ യുദ്ധംകൂടിയായപ്പോൾ ന്യൂസ് പ്രിന്റിനു വൻ വിലക്കയറ്റം. ഒരു വർഷത്തിനിടെ വില ഇരട്ടിയിൽ ഏറെയായി; ലഭ്യത തീർത്തും കുറഞ്ഞു. ടണ്ണിനു 450 ഡോളറായിരുന്നത് ഇപ്പോൾ 950 ഡോളറോളമായി.

ഇന്ത്യയിൽ ആവശ്യമായ പത്രക്കടലാസിന്റെ 45% ഇറക്കുമതി ചെയ്യുന്നതു റഷ്യയിൽനിന്നാണ്. റഷ്യയ്ക്കെതിരേ യു.എസും യൂറോപ്യൻരാജ്യങ്ങളും ഉപരോധം



പ്രഖ്യാപിച്ചതോടെ റഷ്യയിൽനിന്നുള്ള ഇറക്കുമതി നിലച്ചു. ഉപരോധംമൂലം റഷ്യൻ ഇന്ധനം വാങ്ങാൻ കഴിയാതെവന്നതോടെ യൂറോപ്യൻ രാജ്യങ്ങളിലെ പേപ്പർ മില്ലുകളിലെ ഉത്പാദനവും പ്രതിസന്ധിയിലായി. യൂറോപ്പിൽ പല നിർമാതാക്കളും പത്രക്കടലാസിനു പകരം മറ്റു പേപ്പർ അധിഷ്ഠിത ഉത്പന്നങ്ങളിലേക്കു ചുവടുവയ്ക്കുന്നതും ലഭ്യത കുറയ്ക്കുന്നു. പത്രക്കടലാസിന്റെ 5% കസ്റ്റംസ് തീരുവ ഒഴിവാക്കണമെന്നു ന്യൂസ് പേപ്പർ വ്യവസായമേഖല കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**കടുത്ത അനിശ്ചിതത്വം**

ഉപരോധം പിൻവലിക്കാതെ റഷ്യയിൽനിന്ന് ഇറക്കുമതി സാധ്യമല്ല. യുദ്ധവും അനുബന്ധ പ്രത്യാഘാതങ്ങളും എത്രകാലം തുടരുമെന്നതിൽ കടുത്ത അനിശ്ചിതത്വവും ആശങ്കയുമാണു നിലനിൽക്കുന്നത്. രണ്ടു വർഷത്തിലേറെയായി തുടരുന്ന കൊവിഡ് പ്രതിസന്ധിയെത്തുടർന്ന്, ആഗോളതലത്തിൽ ചരക്കുനീക്കം പലവട്ടം തടസ്സപ്പെട്ടിരുന്നു. തുറമുഖങ്ങളിൽ കണ്ടെയ്നറുകൾ കെട്ടിക്കിടക്കുന്നതുമൂലം കണ്ടെയ്നർ ലഭ്യത പ്രതിസന്ധിയിലായിരുന്നു. വിതരണശൃംഖലകളിൽ സമ്മർദമേറിയതോടെ ഷിപ്പിങ് കമ്പനികൾ കടത്തുകൂലി നാലും അഞ്ചും ഇരട്ടിയായി വർധിപ്പിച്ചു. ന്യൂസ് പ്രിന്റ് ഉൾപ്പെടെയുള്ള ഉത്പന്നങ്ങളുടെ ഇറക്കുമതിച്ചെലവു ഗണ്യമായി ഉയർന്നു. കൊവിഡ്ഭീതി കുറഞ്ഞെങ്കിലും വിതരണശൃംഖല ഇപ്പോഴും പഴയ സ്ഥിതിയിൽ ആയിട്ടില്ല. ചൈനയിൽ ഇപ്പോഴും കൊവിഡ് ലോക്ഡൗണിനെത്തുടർന്നു വമ്പൻ തുറമുഖങ്ങൾപോലും അടച്ചിടുന്ന സ്ഥിതിയുണ്ട്.

**ആഭ്യന്തരോത്പാദനം പ്രതിസന്ധിയിൽ**

മുമ്പ് 25 ലക്ഷം ടൺ ആയിരുന്നു ഇന്ത്യയുടെ വാർഷികോപയോഗം. ആഭ്യന്തരോത്പാദനം 10 ലക്ഷം ടണ്ണും ഇറക്കുമതി 15 ലക്ഷം ടണ്ണും. പക്ഷേ, ഇപ്പോൾ ഉപയോഗം 10 ലക്ഷം ടണ്ണിലേറെ മാത്രം. ആനുപാതികമായി ഇറക്കുമതി കുറഞ്ഞതോടെ വിദേശകമ്പനികൾക്ക് ഇന്ത്യ പഴയതുപോലെ ആകർഷകവിപണിയല്ല. യൂറോപ്പിലെ പ്രധാന ഉത്പാദകരായ ഫിൻലൻഡിലെ പ്രമുഖ കമ്പനിയായ 'യുപിഎം' ജീവനക്കാരുടെ സമരംമൂലം ഉത്പാദനം നടത്താനാകാത്ത സ്ഥിതിയിലാണ്. കാനഡയാണ് ഇപ്പോൾ ആശ്രയം. എന്നാൽ, അവരുടെ പ്രഥമ പരിഗണന യുഎസിനും യൂറോപ്പിനുമാണ്.

ഇന്ത്യയിൽ പാഴ്ക്കടലാസ് പുനഃസംസ്കരിച്ചു പത്രക്കടലാസ് നിർമിക്കുന്നതു ഗണ്യമായി കുറഞ്ഞു. പാഴ്ക്കടലാസ് ലഭ്യത കുറഞ്ഞതും പാക്കേജിങ് ഉത്പന്നങ്ങൾക്കു കൂടുതൽ പ്രാധാന്യം നൽകുന്നതുമാണു കാരണം. ■

**പുളിമധുരം** — **പ്രതാപൻ പുളിമാത്ത്**



# ഇന്നോളം പറയാത്തൊരു കഥ



ജിൻസ് കാവാലി

"കഥയെ സംബന്ധിച്ചു തീരാത്ത ഒരു മോഹം ഉള്ളിലുണ്ട്. സ്വയം മറന്നു നൃത്തം ചവിട്ടുമ്പോൾ നർത്തകിയെ കാണാതാവുകയും അരങ്ങിൽ നൃത്തം മാത്രം അവശേഷിക്കുകയും ചെയ്യുന്നതു പോലെ എഴുതിയെഴുതി ഞാൻ ഇല്ലാതാവുകയും കഥ അവശേഷിക്കുകയും ചെയ്യണം" – അഷിത.

ജീവിക്കുന്ന ജീവിതത്തെക്കാൾ നിറവുള്ളൊരു ജീവിതം സർവമനുഷ്യരും ആഗ്രഹിക്കുന്നുണ്ട്. ആ ആഗ്രഹം യാഥാർത്ഥ്യങ്ങളുടെ ആവർത്തന വിരസമായ ലോകത്തുനിന്നു ഭാവനകളുടെ വർണച്ചിറകിലേറി മറ്റൊരു ലോകത്തേക്കു യാത്ര ചെയ്യാൻ അവരെ പ്രേരിപ്പിക്കുന്നു. ഈ പ്രേരണയാവണം മനുഷ്യർ കഥകളുടെ പ്രപഞ്ചത്തെ തങ്ങളുടെ ഹൃദയഭൂമിയിൽ കുടിയിരുത്താൻ കാരണം.

കഥ കേൾക്കാനും പറയാനുമുള്ള താത്പര്യം മനുഷ്യനുണ്ടായ കാലം മുതൽക്കേയുണ്ട്. കഥകളില്ലാത്തൊരു ലോകത്തെക്കുറിച്ച് നമുക്കു ചിന്തിക്കാനാവില്ല. കഥകൾ മാറ്റിനിർത്തിയാൽ പിന്നെ എന്താവും മർത്ത്യജീവിതത്തിൽ ബാക്കിയുണ്ടാവുക! അത്രയേറെ ആഴത്തിൽ കൂടിക്കലരുന്നുണ്ട് കഥയും ജീവിതവും. നിങ്ങളയാളുടെ കഥ കേട്ടോ എന്ന ചോദ്യമുയരുമ്പോൾ കഥ ജീവിതത്തിന്റെ രേഖപ്പെടുത്തലായി മാറുന്നു. ഒരാളുടെ കഥാന്ത്യം അയാളുടെ ജീവിതാന്ത്യംതന്നെ.

സ്വന്തം തല കാക്കുന്നതിനായി ആയിരത്തൊന്നു രാവുകൾ നിർത്താതെ കഥകൾ പറഞ്ഞു ഷെഹർസാദ്. ഓരോ രാവിലും അവൾ പറഞ്ഞ കഥകൾക്ക് അവളുടെ ജീവനോളം വിലയുണ്ടായി. ജീവിതദുരിതങ്ങളുടെ നരകത്തിൽ ഉമിത്തീയിലെന്നതുപോലെ എരിഞ്ഞു കൊണ്ടിരുന്ന ഒരു രാജ്ഞിക്ക് പ്രത്യാശയും ആത്മവിശ്വാസവും പകരുന്നതിനായാണത്രേ സോമദേവൻ കഥാസരിത് സാഗരം രചിച്ചത്. ഈസോപ്പു കഥകൾ, ജാതകകഥകൾ, പഞ്ചതന്ത്രം കഥകൾ തുടങ്ങിയ ആദ്യകാല കഥാമാതൃകകളെടുക്കുക. അവയിലൊക്കെയും ആഴമേറിയ ജീവിതദർശനങ്ങളും മഹത്തരമായ തത്ത്വചിന്തകളും ഉള്ളടങ്ങിയിരിക്കുന്നതായി കാണാം. പലപ്പോഴും ശാസ്ത്രത്തിനോ സാങ്കേതികവിദ്യകൾക്കോ ഉത്തരം തരാനാവാത്ത ജീവിതത്തെക്കുറിച്ചുള്ള നമ്മുടെ ആശങ്കകൾക്കും ഉത്കണ്ഠകൾക്കും കഥകൾ ഉത്തരങ്ങളായി മാറുന്നു. കഥയിലെ മനുഷ്യർ ഈ കഠിന കാലങ്ങളെയൊക്കെയും കടന്നു മുന്നോട്ടു നടന്നെങ്കിൽ നമ്മളും നടക്കുകതന്നെ ചെയ്യും എന്നൊരാത്മവിശ്വാസം ഉള്ളിൽ നിറയുന്നു. അങ്ങനെയാണ് കഥ ജീവിതത്തിന്റെ വഴിയും വെളിച്ചവുമാകുന്നത്.

കഥകളുടെ കഥ പറയുമ്പോൾ ആ വഴിത്താരയിൽനിന്നു ക്രിസ്തുവിനെ ഒഴിവാക്കാനാവില്ല. അവൻ സംസാരിച്ചത് അധികവും കഥകളിലൂടെയായിരുന്നു.

ധൂർത്തപുത്രന്റെ കഥ, കാണാതായ ആടിന്റെ കഥ, നല്ല സമറായന്റെ കഥ, ധനവാന്റെയും ലാസറിന്റെയും കഥ തുടങ്ങി നിരവധി കഥകൾ. എന്നാൽ, ഈ കഥകളൊക്കെയും കഥകൾ മാത്രമായിരുന്നോ? ഒരിക്കലുമല്ല. ക്രിസ്തുവിന്റെ കഥകൾ കേട്ട മനുഷ്യരൊക്കെയും ആ കഥകളിൽ തങ്ങളെയും തങ്ങളുടെ കാലത്തെയുമാണു കണ്ടത്. അവന്റെ കഥകൾ ആ മനുഷ്യരുടെ കണ്ണു നിറച്ചു. തങ്ങളുടെ ചിന്തകളിലും ജീവിതവ്യാപാരങ്ങളിലും മാറ്റങ്ങൾ വരുത്താൻ ആ കഥകൾ അവരെ പ്രേരിപ്പിച്ചു. ക്രിസ്തുവിന്റെ കഥകളിൽപ്പെട്ട ധൂർത്തപുത്രന്റെ കഥയാണ് ആദ്യത്തെ ലക്ഷണമൊത്ത ചെറുകഥ എന്നഭിപ്രായമുള്ള സാഹിത്യപണ്ഡിതരുണ്ട്. കേവലം നൂറ്റിയൻപതിൽ താഴെ വാക്കുകൾകൊണ്ട് ഉജ്ജ്വലമായൊരു ജീവിതസത്യത്തെ വരച്ചിടാൻ പ്രസ്തുത കഥയ്ക്കു കഴിഞ്ഞിരിക്കുന്നു.



കഥയെ ചെറുകഥയെന്നാണു പൊതുവെ വിശേഷിപ്പിക്കുന്നതെങ്കിലും എല്ലാ കഥകളും അത്ര ചെറിയ കഥകളല്ല. കാതറിൻ മാൻസ്ഫീൽഡിന്റെ പ്രശസ്തമായ 'കാനറിപ്പക്ഷി' എന്ന കഥ മുന്നൂറു പേജുകൾ ദൈർഘ്യമുള്ളതാണ്. ഏകാന്തദുഃഖത്തിലാഴ്ന്നുപോയ കഥാനായികയ്ക്കരികിൽ സാന്ത്വനമായി ഒരു പക്ഷി എത്തിച്ചേരുന്നതാണു കഥയുടെ ഇതിവൃത്തം. കഥ വലുതോ ചെറുതോ എന്നത് അത്ര പ്രധാനമല്ല. അതിനുള്ളിൽ തുടിക്കുന്ന ജീവിതമാണ് ഏതു കഥയുടെയും വിധി നിശ്ചയിക്കുക.

ശിവഭഗവാൻ തന്റെ പാതിയായ പാർവതീദേവിയോടു നിന്റെ അഭിലാഷമെന്തെന്നാരായുമ്പോൾ, ഇന്നോളം ആരും പറയാത്തൊരു കഥ പറയാനാണ് പാർവതി ആവശ്യപ്പെടുന്നത്. തങ്ങൾക്കു പ്രിയങ്കരരായ ഓരോ കഥാകൃത്തിനോടും വായനക്കാർ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നതും ഇതുതന്നെ. പറയാത്ത കഥകൾ പറയുകയാണ്, പുത്തൻ ഭാവനാകാശങ്ങൾ സൃഷ്ടിക്കുകയാണ് കഥയെഴുത്തുകാർ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. ആ വെല്ലുവിളിയെ അതിജീവിക്കാൻ, കഥയുള്ള കഥകൾ മെനെഞ്ഞെടുക്കാൻ കഥാകൃത്തുക്കൾ എക്കാലത്തും പരിശ്രമിക്കുന്നു.

'വഴിയോരസത്രത്തിലപരാഹ്നവേളയിൽ/
ഒരുമിച്ചുകൂടി പിരിഞ്ഞുപോകുവരെ/
പറയുക പറയുക കഥകൾ നിരന്തരം/
കഥ പറഞ്ഞങ്ങനെ കാലത്തിലലിയുക' എന്ന് റഫീക്ക് അഹമ്മദ്. ■

ദളം പതിനെട്ട്



മോബിൻ മോഹൻ




"ഇന്നത്തെ കഥ ബർണാർഡ് ഷായെ പ്പറ്റിയാണ്."

"അതാരാണ് ഉണ്ണിയമ്മേ?" അമ്മാളു കൗതുകത്തോടെ ചോദിച്ചു.

"ഇംഗ്ലീഷ്സാഹിത്യത്തിലെ അതുല്യനായ ഒരു നാടകകൃത്താണ് ബർണാർഡ്ഷാ. ഹാസ്യത്തിൽ പൊതിഞ്ഞ അദ്ദേഹത്തിന്റെ സാഹിത്യസൃഷ്ടികൾ സാമൂഹികവിഷയങ്ങളെ ആഴത്തിൽ സ്പർശിക്കുന്നവയായിരുന്നു. നോബൽ സമ്മാനവും ഓസ്കാർ അവാർഡും നേടിയ ബർണാർഡ്ഷാ മികച്ച ഒരു വാഗ്മികൂടിയായിരുന്നു. അദ്ദേഹവുമായി ബന്ധപ്പെട്ട ഒരുപാട് നർമകഥകൾ ഉണ്ട്. ഇന്ന് അദ്ദേഹത്തെപ്പറ്റി ആവാം."

"ആവട്ടെ, ആവട്ടെ" കുഞ്ഞുണ്ണിയും ജോണിക്കുട്ടിയും ആവേശത്തോടെ പറഞ്ഞു.

ഉണ്ണീരിയമ്മ പറഞ്ഞുതുടങ്ങി:

ബർണാർഡ്ഷായുടെ നാടകം കാണാൻ ആളുകൾ ആകാംക്ഷയോടെ കാത്തിരുന്ന കാലം. ഒരുപാട് ആരാധകർ അദ്ദേഹത്തിനുണ്ടായിരുന്നു. ബർണാർഡ്ഷായുടെ ബുദ്ധിവൈഭവവും സർഗാത്മകതയും വീണ്ടും വീണ്ടും ആരാധകരെ സൃഷ്ടിച്ചുകൊണ്ടിരുന്നു.

ഒരിക്കൽ ബർണാർഡ്ഷായെ കാണാൻ ഒരു ആരാധിക അദ്ദേഹത്തിന്റെ വീട്ടിലെത്തി. അതിസുന്ദരിയായിരുന്നു അവർ. അക്കാലത്തെ പ്രശസ്തയായ നടിയും മോഡലുമൊക്കെയായിരുന്നു ആരാധിക. ആതിഥ്യമര്യാദകളോടെ ബർണാർഡ്ഷാ അവരെ സ്വീകരിച്ചിരുത്തി. പരസ്പരം സംസാരിച്ചിരിക്കെ ആരാധിക തന്റെ വരവിന്റെ ഉദ്ദേശ്യം വ്യക്തമാക്കി. വൃദ്ധനായ ബർണാർഡ്ഷായെ അവർക്കു വിവാഹം കഴിക്കണംപോലും. ബർണാർഡ്ഷാ ആദ്യം ഒന്ന് അമ്പരന്നുവെങ്കിലും വളരെ വിനയത്തോടെ അവരോടു ചോദിച്ചു:

"ഒരുപാട് സുന്ദരന്മാരായ യുവാക്കൾ ഉള്ളപ്പോൾ വൃദ്ധനും വിരൂപനുമായ എന്നെ എന്തുകൊണ്ടാണ് ഭവതി വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നത്."

ഒരു പുഞ്ചിരിയോടെ നമ്മുടെ കഥാനായിക ഇപ്രകാരം മറുപടി പറഞ്ഞു:

"ഇന്നു ലോകത്തു ജീവിച്ചിരിക്കുന്ന ബുദ്ധിമാൻമാരിൽ ഒരാളാണ് അങ്ങ് സൗന്ദര്യമുള്ളവരിൽ ഒരാളാണ് ഞാനും. നമുക്കുണ്ടാകുന്ന കുഞ്ഞിന് എന്റെ സൗന്ദര്യവും അങ്ങയുടെ ബുദ്ധിയും ലഭിച്ചാൽ മനുഷ്യകുലത്തിന് ഒരു പ്രതിഭയെ നമുക്കു സമ്മാനിക്കാൻ കഴിയും."

ബർണാർഡ്ഷാ കുറച്ചുനേരം ആലോചിച്ചതിനുശേഷം മറുപടി പറഞ്ഞു:

## ബർണാർഡ്ഷാ



"കാര്യമൊക്കെ ശരി തന്നെ. പക്ഷേ, തിരിച്ചാണു സംഭവിക്കുന്നതെങ്കിലോ? എന്റെ സൗന്ദര്യവും ഭവതിയുടെ ബുദ്ധിയുമുള്ള കുട്ടിയാണ് ഉണ്ടാകുന്നതെങ്കിൽ അത് മനുഷ്യകുലത്തോടു ചെയ്യുന്ന ഒരു ദ്രോഹമാവില്ലേ..."

പാവം ആരാധിക! പിന്നീട് ഒരു നിമിഷം അവിടെ നിന്നില്ല.

"ഉണ്ണീരിയമ്മ പറഞ്ഞതു കേട്ട് മൂവർ സംഘം പൊട്ടിച്ചിരിച്ചു.

"ഉണ്ണിയമ്മേ, ഒരു കഥ കൂടി"– അമ്മാളുവാണ് പറഞ്ഞത്.

"ഉണ്ണീരിയമ്മ ഒരു കഥയ്ക്കു കൂടി തിരികൊളുത്തി.

തിരക്കുള്ള നഗരത്തിൽ ഒരാൾ ഒരു ഓഡിറ്റോറിയം തേടി നടക്കുകയാണ്. എന്തോ പരിപാടി അവിടെ നടക്കുന്നുണ്ട്. സമയം വൈകി. അപ്പോഴാണ് സുമുഖനായ ഒരു മധ്യവയസ്കൻ തന്റെ എതിരേ വരുന്നത് അയാൾ കണ്ടത്.

"ഓഡിറ്റോറിയം എവിടെയെന്ന് അറിയാമോ?" അയാൾ ചോദിച്ചു.

"അവിടെ ഇന്ന് എന്താണു പരിപാടി?"

"ഇന്ന് അവിടെ ഒരു പ്രഭാഷണം ഉണ്ട്."

"പ്രഭാഷണമോ? ആരുടെ?"

"ബർണാർഡ്ഷായുടെ."

ഉത്തരം കേട്ടപാടെ മധ്യവയസ്കന്റെ മുഖത്തു പരിഹാസം.

"പ്രിയ സുഹൃത്തേ, ആ ബർണാർഡ് ഷായുടെ പ്രസംഗം എത്ര വിരസമാണ് എന്നറിയാമോ? അതിനുപകരം നിങ്ങൾ ഒരു സിനിമ കാണാൻ പോകൂ"– മധ്യവയസ്കൻ പറഞ്ഞു.

"സമയം ഏറെ വൈകിയിരിക്കുന്നു. ദയവായി ഓഡിറ്റോറിയം എവിടെയാണെന്നു പറയൂ"– അയാൾ വീണ്ടും ചോദിച്ചു.

"ഞാൻ ഇത്ര പറഞ്ഞിട്ടും നിങ്ങൾ എന്തിനാണ് ആ അരസികൻ ബർണാർഡ്ഷായുടെ പ്രസംഗം കേൾക്കാൻ പോകുന്നത്."

"സുഹൃത്തേ, ഞാനാണ് ആ അരസികൻ ബർണാഡ്ഷാ. ഇനിയെങ്കിലും പറയൂ ഓഡിറ്റോറിയം എവിടെയാണ്?"

മധ്യവയസ്കൻ ഇളിഭ്യനായി ഓഡിറ്റോറിയം ചൂണ്ടിക്കാണിച്ചശേഷം സ്ഥലം വിട്ടു.

മൂവർസംഘം പൊട്ടിച്ചിരിച്ചു. അവർക്കൊപ്പം ഉണ്ണീരിയമ്മയും ചേർന്നു. ■

# നൂറ്റാണ്ടു പിന്നിടുന്ന സാധുജീവിതം

## സുപ്രസിദ്ധ അല്മായ പ്രേഷിതൻ സാധു ഇട്ടിയവിരായ്ക്ക് ജന്മശതാബ്ദി



■ ഷാജി മാലിപ്പാറ

**കാ**ക്കിപ്പാന്റും നീളൻ കുപ്പായവും ധരിച്ച ദീർഘകായൻ. ഉടുപ്പിന്റെ മുൻവശത്ത് 'ദൈവം സ്നേഹമാകുന്നു' എന്നും പിൻവശത്ത് GOD IS LOVE എന്നും ലിഖിതങ്ങൾ. തോളിൽ സഞ്ചി. പറ്റെ വെട്ടിനിർത്തിയ തലമുടിയും കുറ്റിമീശയും. മുഖത്തു കുട്ടികളുടേതുപോലുള്ള നിഷ്കളങ്കമായ പുഞ്ചിരിയും ഉള്ളുനിറയെ ജ്വലിക്കുന്ന സ്നേഹവുമായി ഇങ്ങനെ ഒരു മനുഷ്യൻ പതിറ്റാണ്ടുകളോളം മനുഷ്യരെ കാണുന്നിടത്തെല്ലാം പ്രസംഗിച്ചുനടന്നു. സാധു ഇട്ടിയവിരാ എന്ന ആ വ്യത്യസ്തനായ മനുഷ്യൻ നൂറുവയസ്സിന്റെ 'ചെറുപ്പ'വുമായി വീട്ടിൽ ഇരിപ്പാണ്. ഒരു നൂറ്റാണ്ടിനുള്ളിൽ നടന്നുതീർത്ത വഴികളും ചെയ്ത കാര്യങ്ങളും ഏറെയാണ്. സന്ന്യാസതുല്യമായ മനസ്സോടെ വൈവിധ്യമാർന്ന ജീവിതരംഗങ്ങളിൽ സഞ്ചരിച്ച സാധു ഇട്ടിയവിരാ തലമുറകൾക്കു പ്രചോദനമാണ്.

മീനച്ചിൽ താലൂക്കിലെ കൊല്ലപ്പള്ളി ഗ്രാമത്തിൽ പെരുമാട്ടിക്കുന്നേൽ മത്തായി-അന്ന ദമ്പതികളുടെ മകനായി 1922 മാർച്ച് 18 നാണ് ഇട്ടിയവിരായുടെ ജനനം. അന്തീനാട് ഗവ. സ്കൂൾ, പ്രവിത്താനം സെന്റ് മൈക്കിൾസ് സ്കൂൾ, പാലാ സെന്റ് തോമസ് ഹൈസ്കൂൾ എന്നിവിടങ്ങളിലായി വിദ്യാഭ്യാസം. സ്കൂൾ ഫൈനൽ പാസായശേഷം കുറച്ചുനാൾ എറണാകുളത്ത് ഒരു തടിഡിപ്പോയിൽ മാനേജരായി ജോലി നോക്കി. അധികം വൈകാതെ ഇന്ത്യൻ ആർമിയിൽ ചേർന്നു. 1942 ലായിരുന്നു അത്. അഞ്ചുവർഷം സൈനികസേവനം ചെയ്ത അദ്ദേഹം സിംഗപ്പൂർ, മലയ എന്നിവിടങ്ങളിൽ ജോലി ചെയ്തു. യുദ്ധം കഴിഞ്ഞതിനാൽ നാട്ടിലേക്കു തിരികെപ്പോന്നു.

പിന്നീട് ഉപരിപഠനത്തിനായി തേവര എസ്.എച്ച്. കോളജിൽ ചേർന്നു. ഇന്റർമീഡിയറ്റ് പാസായി. വൈദികനാവുക എന്ന ലക്ഷ്യവുമായി ഈശോസഭയിൽ ചേർന്നത് 1950 ലാണ്. പഠനത്തിൽ സമർത്ഥനായ ഇട്ടിയവിരാ വിവിധ സെമിനാരികളിലായി ഫിലോസഫിയും തിയോളജിയും പഠിച്ചു. വൈദികപട്ടം ലഭിക്കാൻ ഒരു വർഷം മാത്രം ബാക്കിനിൽക്കേ അദ്ദേഹം തിരികെപ്പോന്നു. പൗരോഹിത്യത്തിന്റെ പടിവാതിൽക്കൽനിന്നു പിന്തിരിഞ്ഞുനടന്നത് കുടുംബജീവിതത്തിലേക്കായിരുന്നില്ല. ദരിദ്രനായി നടന്നു പ്രസംഗിച്ച കർത്താവിനെ അനുകരിക്കാനായിരുന്നു മോഹം. ഉള്ളിന്റെയുള്ളിൽ സ്നേഹത്തിന്റെ വിപ്ലവം വീര്യമുള്ള വീഞ്ഞായി പതഞ്ഞുയർന്നപ്പോൾ ആ വഴിയേ സഞ്ചരിക്കാനുള്ള സാഹസികത കൈവന്നു.

1958 ജൂൺ 22 ന്, തന്റെ 36-ാം വയസ്സിൽ വീടിനോടും വീട്ടുകാരോടും യാത്ര പറഞ്ഞ് ക്രിസ്തുവിന്റെ സാക്ഷിയായി പ്രസംഗിക്കാൻ ഇറങ്ങിത്തിരിച്ചു. ആ യാത്ര കന്യാകുമാരി വരെ നീണ്ടു. കാൽനടയായി സഞ്ചരിച്ചു തീരപ്രദേശത്തുകൂടി തിരികെയെത്തി, ഒരു മാസം കഴിഞ്ഞ്. മംഗലാപുരം വരെ പോയിവന്നത് രണ്ടു മാസം കഴിഞ്ഞപ്പോഴാണ്. ദൈവം സ്നേഹമാകുന്നു എന്ന സന്ദേശവാക്യവുമായി നടത്തിയ യാത്രകളിലൂടെ ക്രിസ്തുവിന്റെ ലാളിത്യം സ്വജീവിതത്തിൽ ലോകത്തിനു പരിചയപ്പെടുത്താനായിരുന്നു ശ്രമം.

അക്കാലത്താണ് 'സാധു ഇട്ടിയവിരാ' എന്ന പേരു കൈവന്നത്. ഒരു യഥാർത്ഥഭിക്ഷുവിന്റെ ജീവിതമായിരുന്നു അത്. മൺകുടിലിലും മണിമാളികകളിലും പണിശാലകളിലും പാഠാലയങ്ങളിലും കയറിയിറങ്ങി. തെരുവുതിണ്ണകളിലും മരച്ചുവട്ടിലും കിടന്നുറങ്ങി. എല്ലായിടത്തും ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ച് എത്രയും ലളിതമായി പങ്കുവച്ചു. പഠിപ്പിന്റെ കനം തീണ്ടാത്ത വാക്കുകൾ അനേകരുടെ ഹൃദയത്തിൽ നേരിട്ടു പതിഞ്ഞു. പത്തുവർഷത്തോളം ഭിക്ഷുവായി പദയാത്ര നടത്തിയതിലൂടെ അനേകർക്കു നൽകിയ നന്മകൾ അനവധിയാണ്.



സാധു ഇട്ടിയവിരാ

ശാസ്ത്ര-സാങ്കേതികവിഷയങ്ങളിൽ അഗാധമായ താത്പര്യം പുലർത്തിയിരുന്ന സാധു ഇട്ടിയവിരാ ആ വഴിക്കും ചുവടുവച്ചു. പ്രാർത്ഥനയുടെ അരൂപിയിൽ ശാസ്ത്രീയഗവേഷണങ്ങൾ നടത്താൻവേണ്ടി മധ്യപ്രദേശിലെ റായ്പൂരിൽ 'അനുസന്ധാൻ ആശ്രമം' സ്ഥാപിച്ചു. സമാനഹൃദയർ ഒത്തുചേർന്ന ആ വേദിയിൽ അദ്ദേഹംതന്നെ സൗരോർജസംബന്ധിയായ അനേകം ഗവേഷണങ്ങൾ നടത്തി. അനാരോഗ്യം നിമിത്തം അവിടത്തെ പ്രവർത്തനങ്ങൾ ഏറെക്കാലം തുടരാനായില്ല.

തിരികെ നാട്ടിലെത്തിയ സാധു ഇട്ടിയവിരാ വായനയും എഴുത്തും പ്രഭാഷണവുമൊക്കെയായി യാത്രകൾ തുടർന്നു. അതിനിടയിൽ 56-ാം വയസ്സിൽ വിവാഹജീവിതത്തിൽ പ്രവേശിച്ചു. അതും സന്ന്യാസജീവിതത്തിന്റെ മറ്റൊരു മുഖമെന്ന മട്ടിലേ കാണാനാവൂ. ഇട്ടിയവിരാ - ലാലി ദമ്പതികളുടെ ഏക മകൻ ജിജോ അധ്യാപകനാണ്. ഭാര്യയോടും മകന്റെ കുടുംബത്തോടുമൊപ്പം കോതമംഗലം ഇരുമലപ്പടിയിൽ 'ജീവജ്യോതി' എന്നു പേരിട്ട വീട്ടിൽ ജീവിതസായാഹ്നം ചെലവഴിക്കുമ്പോൾ ചുറ്റിലും ആ ഉത്തമ കർഷകന്റെ അപദാനങ്ങളാലപിക്കുന്ന ഫലവൃക്ഷാദികളുമുണ്ട്.

പ്രകൃതിയിൽനിന്നും ചുറ്റുപാടുകളിൽനിന്നും കൊച്ചുകൊച്ചുദാഹരണങ്ങൾ ചേർത്തുവച്ച്, വലിയ ജീവിതപാഠങ്ങൾ ലളിതസുന്ദരമായി അവതരിപ്പിക്കാൻ അസാമാന്യവിരുതുള്ള അദ്ദേഹത്തിന്റെ പ്രഥമഗ്രന്ഥം 1960 ൽ പുറത്തിറങ്ങിയ 'പിതാവും പുത്രനും' ആണ്. തുടർന്ന് നിരവധി പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. മലയാളത്തിൽ അമ്പതും ഇംഗ്ലീഷിൽ എഴുപത്തഞ്ചുമായി ആകെ 125 പുസ്തകങ്ങൾ. സമാഹരിക്കാത്ത ലേഖനങ്ങൾ ഏഴായിരത്തിലധികം ഉണ്ടാകും.

മനുഷ്യസ്നേഹപരമായ സേവനത്തിന് അഞ്ചുവർഷത്തിലൊരിക്കൽ നൽകുന്ന ആൽബർട്ട് ഷൈറ്റ്സർ അന്താരാഷ്ട്ര അവാർഡിന് സാധു ഇട്ടിയവിരാ അർഹനായതു നിസ്സാരകാര്യമല്ല. 1981 ഏപ്രിൽ 23 ന് അമേരിക്കയിലെത്തി അദ്ദേഹം അവാർഡ് ഏറ്റുവാങ്ങി. സെന്റ് പോൾസ് പബ്ലിക്കേഷൻസ് മൂല്യവത്തായ ഗ്രന്ഥത്തിനു നൽകുന്ന 'അൽബേരിയോണോ' അവാർഡും അദ്ദേഹത്തിനു ലഭിച്ചു. ■




*നൂറാം ജന്മദിനം ആഘോഷിക്കുന്ന സാധു ഇട്ടിയവിരായെ സീറോ മലബാർ സഭയുടെ കുടുംബത്തിനും അല്മായർക്കും ജീവനുംവേണ്ടിയുള്ള സിനഡൽ കമ്മീഷൻ ചെയർമാനും പാലാ രൂപത മെത്രാനുമായ മാർ ജോസഫ് കല്ലറങ്ങാട്ട് ആദരിക്കുന്നു. സീറോ മലബാർ സഭ പ്രോലൈഫ് എക്സിക്യൂട്ടീവ് സെക്രട്ടറി സാബു ജോസ്, സീറോ മലബാർ സഭ അല്മായ ഫോറം ജനറൽ സെക്രട്ടറി ടോണി ചിറ്റിലപ്പിള്ളി, അന്തർദേശീയ മാതൃവേദി ജനറൽ സെക്രട്ടറി റോസിലി പോൾ തട്ടിൽ, സാധു ഇട്ടിയവിരായുടെ സഹധർമിണി ലാലിക്കുട്ടി, മകൻ ജിജോ, മരുമകൾ ജെയ്സി, കൊച്ചുമകൾ എമ്മ മരിയ ജിജോ എന്നിവർ സമീപം*

## ബർക്കുമാൻസ് അവാർഡ്
### ഡോ. ഐസൺ വി. വഞ്ചിപ്പുരയ്ക്കലിന്



ചങ്ങനാശേരി: സെന്റ് ബർക്കുമാൻസ് കോളജ് പൂർവവിദ്യാർത്ഥി സംഘടനയുടെ കുവൈറ്റ് ചാപ്റ്റർ ഏർപ്പെടുത്തിയിട്ടുള്ള ബർക്കുമാൻസ് അവാർഡിന് മാന്നാനം കെ.ഇ. കോളജ് പ്രിൻസിപ്പൽ ഡോ. ഐസൺ വി. വഞ്ചിപ്പുരയ്ക്കൽ അർഹനായി. അധ്യാപന ഗവേഷണരംഗങ്ങളിലെ മികവുറ്റ സംഭാവനകൾ, സാമൂഹികരംഗങ്ങളിലെ സേവനം എന്നിവ മാനദണ്ഡമാക്കി കേരളത്തിലെ ആർട്സ് ആൻഡ് സയൻസ് കോളജുകളിലെ മികച്ച അധ്യാപകരെയാണ് അവാർഡിനു പരിഗണിക്കുന്നത്.

മെറ്റീരിയൽ സയൻസിൽ ന്യൂഡൽഹി ഐഐടിയിൽനിന്ന് പി.എച്ച്.ഡി. നേടിയ ഡോ. ഐസൺ പ്രശസ്തങ്ങളായ അന്താരാഷ്ട്ര ജേർണലുകളിൽ ഇരുപതോളം പ്രബന്ധങ്ങൾ രചിച്ചു. ആനുകാലികങ്ങളിൽ ശാസ്ത്രസംബന്ധിയായ ലേഖനങ്ങൾ എഴുതുന്ന ഡോ. ഐസൺ, പതിനൊന്ന് ടെക്സ്റ്റ് ബുക്കുകൾ എഴുതിയിട്ടുണ്ട്. പാലാ സെന്റ് തോമസ് കോളജിൽ ഫിസിക്സ് വിഭാഗം മേധാവിയായിരുന്ന ഡോ. ഐസൺ ഈ മാർച്ച് മൂന്നിനാണ് മാന്നാനം കെ.ഇ. കോളജ് പ്രിൻസിപ്പൽ പദവി ഏറ്റെടുത്തത്.

# വെന്തുതീരുന്ന ജൈവസമ്പത്ത്



ഹണി സുധീർ

ചുട്ടുപൊള്ളുന്ന വെയിലിൽ കാട്ടിൽ പക്ഷികളുടെ ഒരു യോഗം കൂടിക്കൊണ്ടിരിക്കുകയായിരുന്നു. വിഷയം ആഗോളതാപനം. കൂട്ടത്തിൽ തലവൻ വേഴാമ്പലിന് ഒരു നിവേദനം കൊടുത്തിട്ടു കാലം മ്മിണിയായി. ഒരു മഴപോലുമില്ല. ആശാൻ ഒറ്റക്കാലിൽനിന്ന് തപസ്സു ചെയ്താൽ മഴ പെയ്യുമെന്നാണ് കാടിന്റെ വിശ്വാസം.

മയിലുകൾ കൂട്ടമായി നാട്ടിലിറങ്ങി വിളകൾ നശിപ്പിക്കുന്നെന്ന നാട്ടുവർത്തമാനമുണ്ട്. എന്തു ചെയ്യാം, മഴ ഇന്നു പെയ്യും നാളെ പെയ്യും എന്നും പറഞ്ഞിരിക്യല്ലാതെ പെയ്യുന്നില്ല.

ഒരു പുതുമഴയെങ്കിലും കിട്ടീട്ടു വേണം ഒന്നു പറന്നുയരാൻ. മണ്ണിനടിയിൽനിന്ന് ഇയ്യാംപാറ്റകളുടെ നെടുവീർപ്പുകൾ അരണകൾക്കു കേൾക്കാമായിരുന്നു.

പച്ചിലക്കൊത്തിക്കും പച്ചത്തുള്ളനും മാത്രേ ലേശം പച്ചയുള്ളൂ. ബാക്കി എല്ലാം സർവത്ര ഉണങ്ങിവരണ്ടു. പുല്ലുകൾക്കു സ്വർണനിറമാണ്.

ഉണങ്ങിവരണ്ടാലും തലയെടുപ്പോടെ നില്ക്കുന്നുണ്ട്, കാട്ടുപുല്ലുകൾ. ഓന്തുകൾ നിറം മാറി മരമേത് ഓന്തേത് എന്നു മനസ്സിലാക്കാൻ പറ്റാതായി.

ചെറുകിളികൾ എല്ലാരും പറക്കാൻ പറ്റാത്ത വിഷമത്തിലാണ്. ദേശാടനക്കിളികൾ കൂട്ടത്തോടെ പോയിട്ടു മാസങ്ങൾ കഴിഞ്ഞു.

നമ്മൾ ദേശക്കാർ അങ്ങനെ പോകാൻ പാടില്ല. കുരുവിക്കൂട്ടങ്ങൾ തറപ്പിച്ചു പറഞ്ഞു. അത്ര ദൂരത്തിലും ഉയരത്തിലും പറക്കാൻ നമുക്കു കഴിയില്ല. പുതിയ ദേശങ്ങളിലെ ഭക്ഷണം നമുക്കു പറ്റില്ല. ഈ മലമേടു വിട്ടൊരു പോക്കില്ല.

കടുത്ത വിഷാദത്തിലായിരുന്ന കുയിലിന്നു നീട്ടിപ്പാടുന്നുണ്ട്. അങ്ങേച്ചെരുവിൽ മാന്തോപ്പിൽ അവളുടെ വസന്തമുണ്ട്. കുയിലിന്റെ പാട്ട് സദസ്സിനെ ലേശം കുളിർപ്പിച്ചു.

കാട്ടാനക്കൂട്ടങ്ങൾ താഴ്വാരത്തിൽനിന്നു ചിന്നം വിളിക്കുന്നുണ്ടായിരുന്നു.

മാനുകൾ പാറക്കെട്ടിൽനിന്നു തലപൊക്കി നോക്കി.

താഴെ അരുവിയിലെ വെള്ളം ചൂടുപിടിച്ചിരുന്നു. സന്ധ്യയുടെ ചുവപ്പുരാശി ആകാശമാകെ പടർന്നിരുന്നു.

അങ്ങേക്കരയിൽ കുറുക്കന്റെ നിഴൽ കണ്ടതോടെ വെള്ളം കുടിക്കാനെത്തിയ മുയൽക്കൂട്ടങ്ങൾ മാളത്തിലേക്ക് ഓടിക്കയറി.



അസ്തമയത്തിന് അന്നു പതിവിലേറെ ചുവപ്പു തോന്നി മയിലമ്മയ്ക്ക്. പതിവില്ലാതെ പരുന്തുകൾ ഒച്ചയെടുത്തു വട്ടത്തിൽ പറക്കുന്നു. ചൂട് അസഹ്യമായി വരുന്നു. പാറയുടെ അറ്റത്തുള്ള വളഞ്ഞു നിൽക്കുന്ന മരക്കൊമ്പിലേക്കു മയിലമ്മ പറന്നു കേറി നോക്കി.

നെഞ്ചിലൊരു ആന്തലോടെ മയിലമ്മ താഴേക്കു വീണു. അങ്ങേ ചെരുവുകൾ കത്തിവരുന്നു. ചുറ്റും നോക്കി. ആരെയും കാണാനില്ല. മക്കൾ പറന്നുപോയത് ആ ദിക്കിലേക്കാണല്ലോ. ദൈവമേ... നെഞ്ചുപൊട്ടിയുള്ള മയിലമ്മയുടെ കരച്ചിൽ കേട്ട് അരണ പുറത്തേക്കു വന്നു.

എന്തോ ആപത്തുണ്ട്. ആകാശത്ത് പരുന്തുകൾ കൂട്ടംകൂട്ടമായി പറന്നുപോകുന്നു. ചെറുകിളികൾ ചിലച്ചു ചിലച്ചു പറന്നു പോകുന്നു. ചൂട്. അസഹ്യമായ ചൂട്.

തീ... കാട്ടുതീ...

കിളികൾ ബഹളം കൂട്ടി പറക്കുന്നു. മുയലുകൾ ഓടിപ്പോകുന്നു. കൂട്ടുകാരെ ആരെയും കാണാനില്ല.

പാറയുടെ ചൂട് കൂടിവരുന്നു. കുറുനരിയുടെ കാലിന്റെ ഇടയിലൂടെ ഓടിപ്പോകുന്ന മുയൽകുട്ടികൾ... തീ കത്തിപ്പിടിക്കുന്നതിന്റെ ആർത്തനാദം. പുല്ലുകൾ എരിഞ്ഞു തീരുന്നു. ചില്ലകൾ ഒടിയുന്നു.

തീജ്വാലകൾ മാനംമുട്ടെ ഉയരുന്നു. സർവത്ര ഇരുട്ട് ഒരുവശത്ത്, മറുപാതി കത്തിയമരുന്നു. ചൂടിൽ വെന്തുരുകുന്ന ചെറുജീവികൾ, മിന്നാമിന്നികൾ, പുൽച്ചാടികൾ. മരക്കൊമ്പിലെ കിളിക്കൂട്ടിൽനിന്നും ഒരു പൊതി തീയിലേക്ക് പതിച്ചു.കൂടും കുഞ്ഞുങ്ങളും. തീറ്റ തേടിപ്പോയ അമ്മക്കിളിക്ക് എത്താൻ കഴിഞ്ഞില്ല. തീ മലയോരം തിന്നു തീർത്തിരുന്നു അപ്പോഴേക്കും.

കാട്ടുമൃഗങ്ങളുടെ ദീനമായ കരച്ചിലുകൾ... മൂങ്ങകൾ പറന്നുപോകുന്നു. പക്ഷികളെയൊന്നും കാണാൻ ഇല്ല എവിടെയും.

ഇരുട്ടിനെ തുളയ്ക്കുന്ന തീജ്വാല... കൊടുംവേനലിൽ കാടിന്റെ സ്ഥിരം കാഴ്ചകളിലൊന്ന്.

*****

ജൈവസമ്പത്തിൽ കുഞ്ഞുജീവികളെയാണ് കാട്ടുതീ കൂടുതലായും ബാധിക്കുന്നത്. അനുദിനം കാട് കൈയേറി ആവാസവ്യവസ്ഥയ്ക്കു കാര്യമായ കോട്ടം വരുത്തിവയ്ക്കുമ്പോൾ പരസ്ഥിതിസംരക്ഷണം പേരിൽ മാത്രമായിപ്പോകുന്നുണ്ട്. കൂട്ടമായി കാട്ടിൽനിന്നു പലായനം ചെയ്യുന്ന പക്ഷിമൃഗാദികൾ നാടു കയറി ഉണ്ടാക്കുന്ന നാശനഷ്ടങ്ങൾക്കു കണക്കില്ല. കൃഷിയെ മാത്രം ആശ്രയിച്ചു കഴിയുന്ന കർഷകരുടെ വിലാപങ്ങൾ ഇന്നൊരു ഒരു പിന്നാമ്പുറക്കാഴ്ചയും.

ഇടയിൽ ലഭിച്ചിരുന്ന വേനൽമഴയുടെ അഭാവം കാട്ടുതീയുടെ കാഠിന്യം കൂട്ടി. സാമൂഹികവിരുദ്ധരുടെ അശാസ്ത്രീയമായ ഇടപെടലുകൾ, വലിച്ചെറിയുന്ന ഒരു സിഗരറ്റുകുറ്റി മതി ഒരു പ്രദേശം കത്തിച്ചാമ്പലാകാൻ. കാടു സംരക്ഷിക്കേണ്ടവർതന്നെ നാശം വരുത്തിവയ്ക്കുന്നു. ജൈവസമ്പത്ത് അനുദിനം നശിച്ചുകൊണ്ടിരിക്കുന്നു.

കാലചക്രം മാറിമറയുന്നു. മഴയുടെ ഗതിമാറി. മഴ തുടങ്ങിയാൽ ഇന്നീ കത്തിയമരുന്ന കുന്നുകൾ പറിച്ചെടുത്തു താഴ്വാരത്തിലെത്തുന്ന ഉരുൾപൊട്ടലുകളായി മാറും. മിതമായതൊന്നും ഇല്ല. മഴയോ... വെയിലോ... കാറ്റോ.... ഒന്നും.

കത്തിയമർന്ന മരങ്ങൾക്കുപകരം ഇനിയൊരു പച്ച അസാധ്യം. മഴയിൽ മുളച്ചുപൊങ്ങുന്ന നാമ്പുകളിലാണിനി പ്രതീക്ഷയുള്ളത്. കാറ്റിൽ പറന്നിറങ്ങി മണ്ണിന്റെ മടിത്തട്ടിൽ വീണുകിടക്കുന്ന വിത്തുകൾ ബാക്കിയുണ്ടോ ആവോ?

ഓരോ മഴത്തുള്ളിയിലും ഒരായിരം പുതുനാമ്പുകൾ ജനിക്കട്ടെ.

■

# പ്രതിഷേധാഗ്നിയിൽ എരിയുന്ന കേരളം

*1-ാംപേജ് തുടർച്ച*

പദ്ധതിതുടങ്ങും വരെ ഡി പി ആർ പുറത്തുവിടാനാകില്ലെന്ന കെ റെയിലിന്റെ നിലപാടു ദുരൂഹമാണ്. ഇതിനെതിരേ ഹൈക്കോടതിതന്നെ രംഗത്തുവന്നത് പദ്ധതിയെ എതിർക്കുന്നവരുടെ വാദമുഖങ്ങൾക്ക് കൂടുതൽ സ്വീകാര്യത ലഭിക്കാൻ കാരണമായിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ മുൻകൂട്ടി അറിയാൻ ഒരു ജനാധിപത്യ സംവിധാനത്തിൽ ജനങ്ങൾക്ക് അവകാശമുണ്ട്. അതു നിഷേധിക്കാൻ ഒരു ഭരണകൂടത്തിനും കഴിയില്ല. കെ-റെയിൽ നിർമാണവുമായി ബന്ധപ്പെട്ട വിശദപദ്ധതിരേഖ (ഡി.പി.ആർ) പുറത്തുവിടാൻ കഴിയാത്തതിനു കാരണം പദ്ധതിരേഖ കോപ്പിയടിച്ചതാണ് എന്ന അതിഗുരുതരമായ ആരോപണവും ഇതിനിടയിൽ ഉണ്ടായിട്ടുണ്ട്. ബൗദ്ധിക സ്വത്തവകാശനിയമമനുസരിച്ച് അതീവരഹസ്യരേഖയെന്നു പ്രഖ്യാപിച്ചു സർക്കാർ സൂക്ഷിച്ചുവച്ചിരിക്കുന്ന ഡി.എം.ആർ.സിയുടെ അതിവേഗ റെയിൽ പദ്ധതി വിവരങ്ങൾ പകർത്തിയാണ് ഫ്രഞ്ചു കമ്പനിയായ സിസ്ട്ര കെ-റെയിലിന്റെ സാധ്യത പഠനറിപ്പോർട്ട് തയ്യാറാക്കിയതെന്നാണ് പുറത്തുവരുന്ന വിവരങ്ങൾ. തിരുവനന്തപുരത്തിനും കാസർകോടിനുമിടയിൽ നിലവിൽ ട്രെയിനിൽ യാത്രചെയ്യുന്നവരിൽ 4.3 ശതമാനം പേർ മാത്രമേ സിൽവർ ലൈനിലേക്കു മാറുകയുള്ളൂവെന്ന സിസ്ട്രയുടെ സാധ്യതാപഠനറിപ്പോർട്ടും പദ്ധതിയുടെ ഉദ്ദേശ്യശുദ്ധിയെക്കുറിച്ച് സംശയങ്ങൾ ഉയർത്തുന്നുണ്ട്.

ഡി.പി.ആർ. രഹസ്യരേഖയാണെന്നു മുഖ്യമന്ത്രി അടക്കമുള്ളവർ വാദിക്കുമ്പോൾ മറ്റു സംസ്ഥാനങ്ങളിൽ ഡി.പി.ആർ. പുറത്തുവിട്ട് അതിൽ വിശദചർച്ചകൾ നടത്തിയശേഷമാണ് അതിവേഗ റെയിൽ പദ്ധതികൾ നടപ്പാക്കുന്നത്. രണ്ടു സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്ന മുംബൈ-അഹമ്മദാബാദ് ബുള്ളറ്റ് പാതയുടെ വിശദപദ്ധതിരേഖ 2018 മുതൽ ഇൻറർനെറ്റിൽ ലഭ്യമാണ്. നിർമാണം ആരംഭിക്കുന്നതിനു രണ്ടുവർഷം മുമ്പുതന്നെ പദ്ധതിരൂപരേഖ ജനങ്ങൾക്ക് സൗജന്യമായി ലഭ്യമാക്കിയിരുന്നുവെന്ന് അറിയുമ്പോഴാണ് കേരളത്തിന്റെ ഒളിച്ചുകളി ദുരൂഹത ഉയർത്തുന്നത്. സിൽവർ ലൈൻ പദ്ധതിക്കുവേണ്ടി ചെലവു വരുന്ന തുകയെക്കുറിച്ച് ഒരു ധാരണയും അധികാരികൾക്കില്ല എന്നതാണ് മറ്റൊരു യാഥാർഥ്യം. 64,000 കോടി ചെലവാകുമെന്ന് കെ-റെയിലും 95,000 കോടിയാകുമെന്ന് സിസ്ട്രയും എന്നാൽ, 2,10,000 കോടി രൂപ ആവശ്യമായി വരുമെന്നാണ് നിലവിലെ നിർമാണസാമഗ്രികളുടെയും തൊഴിൽശക്തിയുടെയും വിലയുടെ അടിസ്ഥാനത്തിൽ നീതി ആയോഗും പറയുന്നത്. ഈ തുകയിൽ ഭൂരിഭാഗവും ലോകബാങ്ക്, ജയ്ക തുടങ്ങിയ വിദേശ ഏജൻസികളിൽനിന്നുൾപ്പെടെയുള്ള വായ്പയിലൂടെയാണു കണ്ടെത്തുന്നത്. നിലവിൽ പ്രതിമാസം നാലായിരം കോടി രൂപ വായ്പയെടുത്താണ് അനുദിനചെലവുകൾക്കുള്ള പണം സർക്കാർ കണ്ടെത്തുന്നതെന്നിരിക്കേ ഭാരിച്ച ഈ കടബാധ്യത കേരളം എങ്ങനെ താങ്ങുമെന്നത് പദ്ധതിയുടെ മുമ്പിലെ വലിയ ചോദ്യചിഹ്നംതന്നെയാണ്. കൂടാതെ, ഈ പദ്ധതിയുമായി ബന്ധപ്പെട്ടു പുറത്തുവന്ന രേഖകൾപ്രകാരം ഇരുപതിനായിരത്തോളം കുടുംബങ്ങളെ അവരുടെ കിടപ്പാടങ്ങളിൽനിന്നും ജീവനോപാധികളിൽനിന്നും കുടിയിറക്കേണ്ടി വരും. കേരളം കണ്ട ഏറ്റവും വലിയ കുടിയൊഴിപ്പിക്കലാകും ഇത്. പദ്ധതിയുടെ സാമൂഹികാഘാത പഠനംപോലും നടത്താതെ പദ്ധതിയുമായി മുൻപോട്ടു പോകാൻ സംസ്ഥാന സർക്കാർ കാണിക്കുന്ന വ്യഗ്രത നിരവധി സംശയങ്ങൾ ഉയർത്തുന്നുണ്ട്.

പ്രളയവും ഉരുൾപൊട്ടലും കടൽകയറ്റവും സ്ഥിരമായി മാറിക്കഴിഞ്ഞ സംസ്ഥാനത്ത് വലിയ പരിസ്ഥിതിദുരന്തമായിരിക്കും കെ റെയിൽ സമ്മാനിക്കുന്നത് എന്നതാണ് മറ്റൊരു വാദം. ഹിമാലയത്തിന്റെ ഒരു ഭാഗം നശിപ്പിച്ച് ഢാർഢം ഹൈവേ പദ്ധതി നടപ്പാക്കിയത് ഉത്തരാഖണ്ഡിൽ ദുരന്തമായതിനു സമാനമായ അനുഭവമായിരിക്കും കേരളത്തിലും സംഭവിക്കുകയെന്നാണ് കെ റെയിൽ വിരുദ്ധസമരം ഉദ്ഘാടനം ചെയ്തുകൊണ്ട് സുപ്രീം കോടതി അഭിഭാഷകൻ പ്രശാന്ത് ഭൂഷൺ വിശദമാക്കിയത്. നിരവധി പാടശേഖരങ്ങളെയും പുഴകളെയും മറ്റു ജലാശയങ്ങളെയും കെ റെയിൽ തുടച്ചുനീക്കുമെന്നാണ് പരിസ്ഥിതി വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നത്. പാതയിലെ മലകളെ നിരപ്പാക്കുകയും താഴ്ന്ന പ്രദേശങ്ങൾ നിരത്തുകയും ചെയ്യേണ്ടിവരുമെന്ന് പദ്ധതിരേഖ തന്നെ വ്യക്തമാക്കുന്നു. മുൻ ഡൽഹി മെട്രോ മേധാവിയായ ഇ. ശ്രീധരനും കെ റെയിലിനെ വിമർശിച്ചു രംഗത്തെത്തിയിരുന്നു. കൃത്യമായ ആലോചനയോടെ തയ്യാറാക്കിയ പദ്ധതിയല്ല സിൽവർലൈൻ എന്നാണ് അദ്ദേഹം അഭിപ്രായപ്പെടുന്നത്. കെ - റെയിൽ വാഗ്ദാനം ചെയ്യുന്നതിനെക്കാൾ വേഗത്തിൽ സഞ്ചരിക്കുന്ന ഗതിമാൻ എക്സ്പ്രസും വാന്ദേഭാരത് എക്സ്പ്രസുംപോലെയുള്ള ട്രെയിനുകൾ ഇപ്പോൾ ഇന്ത്യയിൽ ഓടുന്നുണ്ട്. നിലവിലുള്ള റെയിൽപ്പാത ഇരട്ടിപ്പിക്കുകയും സിഗ്നൽ സംവിധാനം നവീകരിക്കുകയും ചെയ്താൽത്തന്നെ മണിക്കൂറിൽ 150 മുതൽ 200 കിലോമീറ്റർ വേഗത്തിൽ ഓടാവുന്ന ട്രെയിനുകൾ ഉറപ്പാക്കാനാകുമെന്നും പദ്ധതിയെ എതിർക്കുന്നവർ ചൂണ്ടിക്കാണിക്കുന്നു. നിലവിലെ റോഡ് - റെയിൽ മാർഗങ്ങൾ കാര്യക്ഷമമാക്കുകയാണു വേണ്ടതെന്നാണ് കെ റെയിലിനെ എതിർക്കുന്നവർ അഭിപ്രായപ്പെടുന്നത്. നിലവിലെ റെയിൽ സംവിധാനം മെച്ചപ്പെടുത്തി വേഗം വർധിപ്പിക്കുന്നതിന് 10,000 കോടി രൂപ മാത്രമേ ചെലവു വരികയുള്ളൂ എന്നാണ് റെയിൽവേ സാങ്കേതികവിദഗ്ധൻ അലോക് വർമ അഭിപ്രായപ്പെടുന്നത്. പാറ ഉൾപ്പടെയുള്ള അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവുമൂലം വിഴിഞ്ഞംപോലെയുള്ള പദ്ധതികൾ താളം തെറ്റുമ്പോൾ അതിന്റെ പതിന്മടങ്ങു വ്യാപ്തിയുള്ള കെ റെയിലിന് എങ്ങനെ മുന്നോട്ടുപോകാൻ കഴിയുമെന്ന ചോദ്യവും ഉയരുന്നുണ്ട്.

ജനങ്ങളെ വിശ്വാസത്തിലെടുത്തു മാത്രമേ ഏതൊരു വികസനപദ്ധതിയുമായും ജനാധിപത്യസർക്കാരുകൾക്കു മുമ്പോട്ടുപോകാൻ കഴിയൂ. സാമ്പത്തികവും സാമൂഹികവും പാരിസ്ഥിതികവുമായ ദൂരവ്യാപകപ്രത്യാഘാതങ്ങൾക്കു വഴിവയ്ക്കുന്ന പദ്ധതികൾ ഭരണകൂടത്തിന്റെ ഒറ്റവാശിപ്പുറത്തു നടപ്പാക്കേണ്ടതല്ല. പദ്ധതിയുമായി മുൻപോട്ടു പോകുമെന്നു സർക്കാരും ഏതു വിധേനയും തടയുമെന്നു പ്രതിപക്ഷവും സമരസംഘടനകളും നിലപാടുകൾ സ്വീകരിക്കുമ്പോൾ വരും നാളുകൾ സംഘർഷഭരിതമാവുമെന്ന് ഉറപ്പാണ്.

■

# അടുത്തുവരിക



ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ കപ്പൂച്ചിൻ

വിശുദ്ധ ബൈബിളിൽ രാജാക്കന്മാരുടെ ഒന്നാംപുസ്തകം പതിനെട്ടാമധ്യായം 30 മുതലുള്ള വാക്യങ്ങളിൽ ഏലിയാപ്രവാചകന്റെ ആഹ്വാനം നാം കാണുന്നു. അഞ്ചു കാര്യങ്ങളാണ് പ്രവാചകൻ ആവശ്യപ്പെടുന്നത്. ഒന്നാമതായി, 'എല്ലാവരും അടുത്തുവരുവിൻ' എന്ന് ആഹ്വാനം ചെയ്യുന്നു. വ്യത്യസ്തമായ കാരണങ്ങളാൽ ദൈവത്തിൽനിന്ന് നാം അകന്നവരാണോ? കൗദാശികജീവിതത്തിൽനിന്നും പ്രാർത്ഥനാജീവിതത്തിൽനിന്നും അകന്നുപോയെങ്കിൽ ഈ നോമ്പുകാലത്ത് ദൈവത്തിലേക്കടുത്തുവരണം. അകന്നുപോയപ്പോൾ സ്വഭാവത്തിലുണ്ടായ വൈകല്യങ്ങൾ തിരുത്താൻ ഈ അടുത്തുവരവു സഹായിക്കും. 'ആദം നീയെവിടെ?' എന്നു ചോദിച്ചുകൊണ്ടുള്ള ദൈവത്തിന്റെ കടന്നുവരവ് ഇന്നും സംഭവിച്ചുകൊണ്ടിരിക്കുന്നു. അകന്നുപോയി എന്നു ബോധ്യമുള്ളവനേ അടുത്തുവരാൻ കഴിയൂ. എത്ര ദൂരം അകന്നുവോ അത്രയും ദൂരം തിരിച്ചുനടക്കണം. എത്ര ആഴത്തിൽ വീണുപോയോ അത്രയും ഉയരത്തിലേക്കു തിരിച്ചുകയറണം.

രണ്ടാമതായി, തകർന്ന ബലിപീഠങ്ങൾ നേരേയാക്കണമെന്ന ആഹ്വാനമാണു ലഭിക്കുന്നത്. ജീവിതവ്യഗ്രതകൾക്കിടയിൽ നമ്മൾ തകർത്ത ബലിപീഠങ്ങളുണ്ടോ? പരുഷമായ സംസാരവും പെരുമാറ്റവുംമൂലം ജീവിതപങ്കാളിയെ തകർത്തിട്ടുണ്ടോ? കടുപ്പമുള്ള വാക്കുവഴി മക്കളെ നിരാശപ്പെടുത്തിയിട്ടുണ്ടോ? അലക്ഷ്യമായ ഇടപെടലുകൾവഴി സൗഹൃദങ്ങൾ നഷ്ടപ്പെടുത്തിയോ? വാക്കും പ്രവൃത്തികളുംവഴി ആരെയെങ്കിലും മുറിപ്പെടുത്തിയെങ്കിൽ ക്ഷമ ചോദിക്കണം. ഞാൻമൂലം ആരെങ്കിലും ദൈവത്തിൽനിന്നും സഭയിൽനിന്നും അകന്നിട്ടുണ്ടെങ്കിൽ ഞാൻ പരിഹാരം ചെയ്യണം. എന്റെ സംസാരംവഴി ആരെയെങ്കിലും സ്വഭാവഹത്യ നടത്തിയെങ്കിൽ ഞാൻ പരിഹാരം ചെയ്യണം. നമ്മൾ വഴി വന്ന തകർച്ചകൾക്കു നാംതന്നെ പ്രതിവിധി കണ്ടെത്തണം.

'വിറകടുക്കുവിൻ' എന്ന ആഹ്വാനമാണ് പിന്നീടു വരുന്നത്. ഒരു 'അടുക്കൽ' പ്രക്രിയ എന്നിൽ നടക്കണം. ഒരു ചുള്ളിക്കമ്പിനെ ഒടിക്കാൻ എളുപ്പമാണ്. എന്നാൽ, ഒരു വിറകുകെട്ടിനെ ഒടിക്കാൻ പറ്റില്ല. സഭയിൽനിന്നും കുടുംബത്തിൽനിന്നും വേറിട്ടുനടക്കു



മ്പോൾ ഞാൻ പെട്ടെന്നു വീഴാം. കൂട്ടംവിട്ട് ഒറ്റയ്ക്ക് ഓടുന്ന ആട്ടിൻകുട്ടിയെ എളുപ്പത്തിൽ പിടികൂടാം. ഏദൻതോട്ടത്തിൽ ഒറ്റയ്ക്കുനടന്ന ഹവ്വായാണ് പ്രലോഭനത്തിനടിമയായത്. ഒറ്റയ്ക്കു മരത്തിലിരിക്കുന്ന കോഴിയെ കുറുക്കന് എളുപ്പത്തിൽ കീഴ്പ്പെടുത്താം. ഇടവകയിൽനിന്നും സഭാകൂട്ടായ്മയിൽനിന്നും അകന്നുപോയവർ മുഖ്യധാരയിലേക്കു തിരിച്ചുവരണം. സഭാനേതൃത്വത്തോടും വിശ്വാസിസമൂഹത്തിന്റെ പ്രവർത്തനങ്ങളോടും ചേർന്നുനില്ക്കണം. നമ്മൾ ഒരുമിച്ചുനിന്നാൽ ആർക്കും നമ്മെ തോല്പിക്കാനാവില്ല.

നാലാമതായി, പറയുന്നത് 'ചാലു കീറുക' എന്നാണ്. ലോകത്തിന്റെ ചിന്തകൾക്കും നമ്മുടെ വിശ്വാസത്തിനുമിടയിൽ ഒരു ചാലു കീറണം. ലോകത്തിന്റെ സംസ്കാരവും വിശ്വാസിയുടെ സംസ്കാരവും രണ്ടാണ്. ലൗകികരായ മനുഷ്യരുടെ സംസാരരീതികളിൽനിന്നു വ്യത്യസ്തമായിരിക്കണം നമ്മുടെ സംസാരരീതി. യേശുവിനെക്കുറിച്ച് അന്നത്തെ ജനം പറഞ്ഞതിപ്രകാരമാണ്: "അവൻ നമ്മുടെ ഭക്ഷണം കഴിക്കുന്നു. വസ്ത്രം ധരിക്കുന്നു. നമ്മുടെ ഭാഷ സംസാരിക്കുന്നു. എന്നാൽ, അവനോടടുക്കുമ്പോൾ വ്യത്യസ്തയുണ്ട്." ഇന്നു നമ്മെക്കുറിച്ചു പറയുന്നത് ഇപ്രകാരമായിരിക്കാം: "നല്ല വേഷം ധരിക്കുന്നുണ്ട്, നല്ല ഭാഷ സംസാരിക്കുന്നുണ്ട്. മനോഹരമായ വീട്ടിൽ താമസിക്കുന്നുണ്ട്. പക്ഷേ, അടുക്കുമ്പോൾ കണക്കാ." നമ്മുടെ ജീവിതശൈലികളിൽ മറ്റു മതസ്ഥർ വ്യത്യസ്തത കാണണം. ഒരു വ്യത്യസ്തതയുമില്ലെങ്കിൽ നമ്മളെങ്ങനെ സാക്ഷികളാവും?

അവസാനമായി പറയുന്നത് വെള്ളംകൊണ്ടു വിറകുനിറച്ച് തീ കത്തിക്കാനാണ്. എണ്ണ ഒഴിക്കുന്നതിനുപകരം വെള്ളം ഒഴിക്കുന്നു. എന്താണ് ഇതിന്റെ അർത്ഥം? ഏതു നനഞ്ഞ വിറകിനെയും കത്തിക്കാൻ കർത്താവിനു കഴിയും. എണ്ണയുടെ ശക്തിയല്ല ദൈവത്തിന്റെ ശക്തിയാണ് നാം ഇവിടെ കാണുന്നത്.

ബൈബിളിലൂടെ നാം കടന്നുപോകുമ്പോൾ നനഞ്ഞ വിറകുകളെ കത്തിക്കുന്ന കർത്താവിനെയാണു കാണുന്നത്. മീൻപിടിത്തക്കാരെയും സമൂഹത്തിൽ ഒറ്റപ്പെട്ടവരെയുമെല്ലാം യേശു തിരഞ്ഞെടുത്തു. തത്ത്വചിന്തകന്മാരെയും ബുദ്ധിമാന്മാരെയും തിരഞ്ഞെടുത്താൽ അവരുടെ സാമർത്ഥ്യംകൊണ്ട് സഭ വളർന്നതായിത്തോന്നാം. നിരക്ഷരരായ മനുഷ്യരിലൂടെ ക്രിസ്തു തന്റെ സഭയെ പണിതുയർത്തി. ദുർബലരായ മനുഷ്യരെ ദൈവം തന്റെ പ്രവാചകന്മാരായി അവരോധിച്ചു. നനഞ്ഞ വിറകുകളെ കത്തിക്കുന്ന കർത്താവിന്റെ ശക്തിയുടെ മുമ്പിൽ നമ്രശിരസ്കരായി നമുക്കു നില്ക്കാം. ■

---



ടി.പി. ശാസ്തമംഗലം

പാട്ടെഴുത്തിലെ പാഠഭേദങ്ങൾ

# 'ചേല്' കൊണ്ട് ആറാട്ട്

ഹ്രസ്വചിത്രങ്ങളുടെയും മ്യൂസിക് ആൽബങ്ങളുടെയും ധാരാളിത്തം നമ്മെ വീർപ്പുമുട്ടിക്കുന്ന കാലമാണിത്. ആവർത്തനവിരസതയാണ് അവയെ ആസ്വാദകരിൽനിന്നകറ്റുന്നത്. പശ്ചാത്തലത്തിൽ പലപ്പോഴും ഉപയോഗിക്കുന്നത് പൊട്ടപ്പാട്ടുകൾകൂടി ആണെങ്കിലോ?

"ചേലൊരു ചേലാണേ അഴകൊത്ത നുണക്കുഴിക്കവിൾ പൂങ്കവിള്
മാൻമിഴി ചേലഴക് വാൾമുന നോട്ടമുതിർത്തൊരു കണ്ണവൾക്ക്
മുല്ലമൊട്ടു വിരിയുന്നപോലൊരു പുഞ്ചിരിച്ചേലാണേ
എന്റെ പൂങ്കുയിൽ പെണ്ണിവൾക്ക്."

'കുട്ടന്റെ പെണ്ണ്' എന്ന മ്യൂസിക് ആൽബത്തിനുവേണ്ടി അജീഷ് ആനക്കല്ല് രചനയും സംഗീതവും നിർവഹിച്ച ഗാനമാണിത്. ഈ നാലു വരികളിൽ സമാനാർത്ഥപദങ്ങളുടെ വേലിയേറ്റംതന്നെ സൃഷ്ടിച്ചിരിക്കുന്നു രചയിതാവ്. 'ചേല്' എന്ന വാക്ക് അദ്ദേഹത്തിന് ഏറെ പ്രിയപ്പെട്ടതാണെന്നു തോന്നുന്നു. എന്നു കരുതി സ്ഥാനത്തുമസ്ഥാനത്തും അതെടുത്തു വിളമ്പിയാലോ? അധികമായാൽ അമൃതും വിഷം എന്നല്ലേ പ്രമാണം.

'ചേലൊരു ചേലാണേ' എന്ന തുടക്കംതന്നെ പാളിപ്പോയി. എന്തു വിഡ്ഢിത്തമാണ് താൻ എഴുന്നള്ളിച്ചിരിക്കുന്നതെന്നു മനസ്സിലാക്കാനുള്ള ത്രാണിപോലും അദ്ദേഹത്തിനില്ലാതെപോയല്ലോ. കഷ്ടം! ഒരു കാര്യം വ്യക്തം. ഈ പാട്ടെഴുത്തുകാരന് അധികം പദങ്ങളൊന്നും വശമില്ല. ഉള്ളതുകൊണ്ട് ഓണംപോലെ എന്ന ചൊല്ലിൽ അഭയം തേടിയിരിക്കുകയാണ് അദ്ദേഹം. ചേല് എന്ന പദം നാലിടത്തു തിരുകിക്കയറ്റിയതുകൂടാതെ അതേ അർത്ഥം വരുന്ന അഴകും രണ്ടിടത്തു കടന്നുവന്നിട്ടുണ്ട് ഈ പല്ലവിയിൽ. 'ചേലഴക്' എന്നു പ്രയോഗിച്ച അദ്ദേഹത്തോടു നമുക്കു പൊറുക്കാനാവില്ല. കാരണം, അദ്ദേഹം ഗാനരചന എന്ന മഹത്തായ സർഗാനുഷ്ഠാനത്തിൽ ഏർപ്പെട്ടതാണല്ലോ. അതേസമയം ആകെമൊത്തം, കണ്ണുദൃഷ്ടി, നടുമദ്ധ്യം, എന്നൊക്കെ പറയുന്ന സാധാരണക്കാരോടു നാം ക്ഷമിക്കും. കാരണം, അവർ നിരക്ഷരരാണ്. ഉള്ളതു പറഞ്ഞാൽ അവരും ഈ പാട്ടെഴുതിയ ആളും തമ്മിൽ എന്തു വ്യത്യാസം?

'നുണക്കുഴിക്കവിൾ പൂങ്കവിള്' എന്നു കേട്ടാൽ നായികയ്ക്ക് അനേകം കവിളുകളുണ്ടോ എന്നു നാം സംശയിച്ചുപോകും. പണ്ട് ബിച്ചു തിരുമല എഴുതിയല്ലോ, "ചൊടിയിണകളിലമൃതമോടവനതു വഴി വന്നു" എന്ന്. ('മഞ്ഞിൽ വിരിഞ്ഞ പൂക്കളി' ലെ 'മഞ്ഞണിക്കൊമ്പിൽ ഒരു കിങ്ങിണിത്തുമ്പിൽ' എന്ന ഗാനം.) ഇണ എന്നാൽ ഇരട്ട എന്നർത്ഥം. ചൊടിയിണകൾ എന്നു പ്രയോഗിക്കുമ്പോൾ നായകന് കുറഞ്ഞപക്ഷം നാലു ചൊടികളെങ്കിലും (ചൊടി=മനുഷ്യരുടെ ചുണ്ട്) വേണം. അങ്ങനെ നാലു ചുണ്ടുകളുള്ള ഒരുത്തൻ അവയിൽ അമൃതവുമായി വന്നാലും ഏതു നായിക ഇഷ്ടപ്പെടും?

മാൻമിഴി എന്നു പ്രയോഗിച്ചിട്ട് തൃപ്തിപോരാതെ അതിന്റെ 'ചേലഴക്' കണ്ടു വിസ്മയിച്ചുപോയ നായകൻ (അയാൾക്കുവേണ്ടി തൂലികയെടുത്ത പാട്ടെഴുത്തുകാരനും) അതേ വരിയുടെ അവസാനം 'കണ്ണവൾക്ക്' എന്നെഴുതിയത് ഭാഷയോടുള്ള വെല്ലുവിളിയായിപ്പോയി. പുഞ്ചിരി എന്താണെന്നു നമുക്കറിയാം. പല്ലു കാണിക്കാതെയും ഒച്ച കേൾപ്പിക്കാതെയുമുള്ള ചിരിയാണത്. എന്നാൽ, അജീഷ് ആനക്കല്ല് പറയുന്നു, കുട്ടന്റെ പെണ്ണ് 'മുല്ലമൊട്ടു വിരിയുന്നതുപോലൊരു പുഞ്ചിരി' പാസാക്കിയെന്ന്. അദ്ദേഹത്തിനു പുഞ്ചിരിയും അറിയില്ലെന്നു സ്പഷ്ടമല്ലേ? 'എന്റെ പൂങ്കുയിൽ പെണ്ണിവൾ' എന്നു സാക്ഷ്യപ്പെടുത്താനും രചയിതാവു മറന്നില്ല. പൂങ്കുയിലാണ് മുല്ലമൊട്ടു വിരിയുന്നപോലെ പുഞ്ചിരിച്ചത് എന്നു പറയുമ്പോൾ ഔചിത്യബോധം അദ്ദേഹത്തിന് തൊട്ടു തെറിച്ചിട്ടില്ല എന്നു നാം കൂട്ടിച്ചേർക്കേണ്ടിവരും. ചുരുക്കത്തിൽ ഈ പാട്ടിന്റെ മൂല്യമെത്ര എന്നു ചോദിച്ചാൽ പൂജ്യം എന്നു പറയാൻപോലും നമുക്കു നാണക്കേടു തോന്നും. അത്രയ്ക്കു നിലവാരം കുറഞ്ഞ പാട്ടാണിത്.

■

# പ്രാർത്ഥനയ്ക്കായി വിളിക്കപ്പെട്ടവർ



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

***കർദിനാൾ റോബർട്ട് സറായുടെ 'എന്നന്നേക്കും' (For the Eternity) എന്ന ഗ്രന്ഥം പങ്കുവയ്ക്കുന്ന പൗരോഹിത്യ ചിന്തകളുടെ ഒരു അവലോകനം***

**VII**

12-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ബനഡിക്ടൈൻ സന്ന്യാസവര്യനായിരുന്നു വേദപാരംഗതനായ വിശുദ്ധ ബർണാർഡ് (1090-1153). ഫ്രാൻസിൽ ക്ലെർവോ എന്ന സ്ഥലത്തെ സന്ന്യാസഭവനത്തിന്റെ ആബട്ട് ആയിരുന്നതുകൊണ്ട് അദ്ദേഹം ക്ലെർവോയിലെ വി. ബർണാർഡ് എന്നറിയപ്പെടുന്നു.

മൂന്നാം യൂജീൻ മാർപാപ്പായ്ക്കും ഫ്രാൻസിലെ ചില മെത്രാന്മാർക്കും അദ്ദേഹം എഴുതിയ ലത്തീൻഭാഷയിലുള്ള കത്തുകളുടെ ഫ്രഞ്ചു പരിഭാഷ 1866 ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽനിന്നുള്ള ചില ഭാഗങ്ങളാണ് കർദിനാൾ സറാ തന്റെ ഗ്രന്ഥത്തിൽ ഉദ്ധരിച്ചിരിക്കുന്നത്.

വിശുദ്ധ ബർണാർഡ് എഴുതിയ കത്തുകളിൽ മാർപാപ്പായും മെത്രാന്മാരും വൈദികരും അടങ്ങിയ പുരോഹിതഗണത്തോടു സഭയുടെ നവീകരണത്തിനായി പ്രാർത്ഥനയിൽ അഭയം പ്രാപിക്കണമെന്നാണ് ഉപദേശിച്ചിരുന്നത്. ഫ്രാൻസിലെ സാൻസ് രൂപതയുടെ മെത്രാനായിരുന്ന ഹെൻറിക്ക് എഴുതിയ കത്തിൽ അദ്ദേഹം ചോദിക്കുന്നു: "ലോകത്തെ പ്രസാദിപ്പിക്കാനാണെങ്കിൽ നിങ്ങൾ എന്തിനാണു പുരോഹിതനായത്?" "ഞാൻ എപ്പോഴും മനുഷ്യരെ പ്രസാദിപ്പിക്കുകയാണെങ്കിൽ ക്രിസ്തുവിന്റെ ദാസനാവുകയില്ല." (ഗലാ.1: 10). അദ്ദേഹം തുടരുന്നു: "ആടുകളുടെ ഇടയന്മാർ ആടുകളെപ്പോലെ താഴേക്കു നോക്കി മേഞ്ഞുനടന്നാൽപ്പോരാ. ശത്രു വരുന്നുണ്ടോന്ന് മുഖമുയർത്തി നോക്കണം." തന്നത്താൻ മറന്നു മറ്റുള്ളവരെ പരിപാലിക്കണമെങ്കിൽ നിർമലമായ ഹൃദയത്തിന് ഉടമയാകണം. കോപിഷ്ഠനു നല്ലയിടയനായ ഈശോ മിശിഹായുടെ ശാന്തഗുണം പകർന്നുകൊടുക്കാൻ സാധിക്കുകയില്ലെന്നും വി. ബർണാർഡ് പ്രസ്താവിക്കുന്നു.

**പ്രാർത്ഥന അവഗണിക്കരുത്**

സ്വന്തം നന്മ മറന്ന് മറ്റുള്ളവരുടെ കാര്യങ്ങളിൽ മാത്രം വ്യാപൃതരാകുന്നതിനെയും വിശുദ്ധ ബർണാർഡ് അപലപിക്കുന്നുണ്ട്. 'പ്രവർത്തനങ്ങളിൽ മിതത്വം പാലിച്ച് ജ്ഞാനം നേടുക' എന്ന സോളമന്റെ ഉപദേശം ഓർമിപ്പിക്കുന്നു. എല്ലാ സംരംഭങ്ങൾക്കുംമുമ്പു പ്രാർത്ഥിക്കണമെന്നും വിശുദ്ധൻ നിർദേശിക്കുന്നു. പുരോഹിതൻ എല്ലാവർക്കും എല്ലാമാകുമ്പോൾ തന്നെത്തന്നെയും അതിൽ ഉൾപ്പെടുത്തണമെന്ന് വിശുദ്ധ ബർണാർഡ് പ്രസ്താവിക്കുന്നു. ഒരു പൊതുക്കിണർ എന്നപോലെ എല്ലാവരും നിന്നെ സമീപിച്ചു ദാഹം തീർക്കുന്നു. നീ മാത്രം പാനം ചെയ്യാതിരുന്നാൽ എങ്ങനെ? പ്രാർത്ഥനയാണ് ഇവിടെ അദ്ദേഹം വിവക്ഷിക്കുന്നത്. മുഴുവൻ നേരവും പ്രവർത്തനങ്ങളിൽ മുഴുകാതെ നിങ്ങളുടെ ഹൃദയത്തിന്റെയും സമയത്തിന്റെയും ചെറിയൊരു ഭാഗം പ്രാർത്ഥനയ്ക്കായി നീക്കിവയ്ക്കുക. "തന്നോടുതന്നെ പിശുക്കു കാണിക്കുന്നവൻ ആരോടെങ്കിലും ഔദാര്യം കാണിക്കുമോ? അവൻ സ്വന്തം സമ്പത്ത് ആസ്വദിക്കുകയില്ല" (പ്രഭാ. 14,5). മൂന്നാം യൂജീൻ മാർപാപ്പായ്ക്കുള്ള പ്രസ്തുത കത്തിൽ വി. ബർണാർഡ് തുടർന്നു പ്രതിപാദിക്കുന്നത് പ്രാർത്ഥനയുമായി ബന്ധപ്പെട്ട ദൈവഭക്തി എന്ന വിഷയമാണ്.

**ദൈവഭക്തി**

ദൈവഭക്തി എന്നതുകൊണ്ട് പ്രാർത്ഥനയിലൂടെയുള്ള ദൈവാരാധനയെയാണ് താൻ അർത്ഥമാക്കുന്നത് എന്നു വിശുദ്ധൻ എഴുതുന്നു. സങ്കീർത്തനം 46 ലെ 10-ാം വാക്യമാണ് ഇത്തരുണത്തിൽ വി. ബർണാർഡ് ഉദ്ധരിക്കുന്നത്. "ശാന്തമാവുക, ഞാൻ ദൈവമാണെന്ന് അറിയുക." ഇതല്ലേ പ്രാർത്ഥനയുടെ മുഖ്യകർത്തവ്യം എന്ന് അദ്ദേഹം ചോദിക്കുകയും ചെയ്യുന്നു.

ഇപ്രകാരം ശാന്തമാകാതെ എടുത്ത തീരുമാനങ്ങളും വിധിത്തീർപ്പുകളും തിടുക്കത്തിലുള്ള പ്രവൃത്തികളും ഉപദ്രവകരമായി ഭവിച്ചിട്ടുണ്ടെന്ന് അങ്ങേക്കുതന്നെ അനുഭവമുള്ളതല്ലേ എന്ന് മാർപാപ്പായോടു വി. ബർണാർഡ് ചോദിക്കുന്നു.

**പ്രാർത്ഥനയുടെ ഫലങ്ങൾ**

പ്രാർത്ഥനയുടെ ഫലങ്ങൾ അദ്ദേഹം താഴെക്കാണുംവിധം വിവരിക്കുന്നു: "പ്രാർത്ഥനയുടെ പ്രഥമഫലം അത് അതിന്റെ ഉറവിടമായ മനുഷ്യാത്മാവിനെ ശുദ്ധീകരിക്കുന്നു എന്നതാണ്. തുടർന്ന് വികാരങ്ങളെ നിയന്ത്രിക്കുന്നു, പ്രവൃത്തികളെ നേർവഴിക്കു നയിക്കുന്നു, അതിരു കടന്നാൽ തിരുത്തൽ നല്കുന്നു, നല്ല പെരുമാറ്റം രൂപപ്പെടുത്തുന്നു, ജീവിതത്തെ സത്യസന്ധവും ക്രമാനുഗതവുമാക്കുന്നു. പ്രാർത്ഥന മാനുഷികവും ദൈവികവുമായ ജ്ഞാനം പ്രദാനം ചെയ്യുന്നു. അത് താറുമാറായിടത്ത് അടുക്കും ചിട്ടയും കൊണ്ടുവരുന്നു. അകന്നതിനെ അടുപ്പിക്കുന്നു. ചിതറിപ്പോയതിനെ ഒന്നിച്ചുകൂട്ടുന്നു. പ്രാർത്ഥന രഹസ്യങ്ങൾ ചൂഴ്ന്നിറങ്ങുന്നു, ശ്രദ്ധയോടെ സത്യം അന്വേഷിക്കുന്നു. പ്രഹസങ്ങളുടെ മറനീക്കി കാപട്യവും വ്യാജവും വെളിവാക്കുന്നു. ഐശ്വര്യകാലത്തു കഷ്ടകാലവും കഷ്ടകാലത്ത് ഐശ്വര്യവും മുൻകൂട്ടി ദർശിക്കാനുള്ള കഴിവും വിവേകവും പ്രാർത്ഥന വഴി ആർജിക്കാൻ കഴിയും."

**കർദിനാൾ സറായുടെ വിചിന്തനം**

വിശുദ്ധ ബർണാർഡിന്റെ കാവ്യാത്മകമായ ഈ വാക്യങ്ങൾ വായിക്കുന്നതുതന്നെ ഉണർവു നല്കുന്നുവെന്നും യൂജിൻ മൂന്നാമൻ പാപ്പാ നല്കുന്ന ഉറപ്പുള്ള നിർദേശങ്ങൾ ഈ കാലഘട്ടത്തിലെ പുരോഹിതന്മാർക്കും പ്രസക്തമാണെന്നും കർദിനാൾ സറാ നിരീക്ഷിക്കുന്നു. മദ്ധ്യയുഗത്തിൽ മെത്രാന്മാരുടെയും വൈദികരുടെയും നിയമനത്തിൽ രാജ്യത്തെ ഭരണത്തലവന്മാർ ഇടപെട്ടിരുന്നു. അത് പുരോഹിതന്മാരുടെ ധാർമികാധഃപതനത്തിനു വഴിതെളിച്ചു. ഇതിനെ മറികടക്കാൻ മഹാനായ വിശുദ്ധ ഗ്രിഗറി മാർപാപ്പാ തുടങ്ങിവച്ച നവോത്ഥാന പ്രയത്നങ്ങൾ വി. ബർണാർഡ് തുടരുകയാണു ചെയ്തത്. വൈദികരുടെ വിശുദ്ധീകരണത്തിനാണു പ്രഥമ പരിഗണന നല്കിയിരുന്നത്. ഇന്നും അതുതന്നെയാണ് ആവശ്യമെന്ന് കർദിനാൾ പ്രസ്താവിക്കുന്നു.

അന്ന് രാഷ്ട്രീയാധികാരികളാണു സഭയുടെമേൽ സമ്മർദം ചെലുത്തിയിരുന്നതെങ്കിൽ ഇന്ന് സാംസ്കാരികസമ്മർദങ്ങളാണ് സഭയെയും അവളുടെ പൗരോഹിത്യത്തെയും ദോഷകരമായി ബാധിക്കുന്നത്.

**ആധുനികസമ്മർദങ്ങൾ**

ആപേക്ഷികവാദവും ഉപഭോഗസംസ്കാരവും സുഖഭോഗാസക്തിയും എല്ലാ മേഖലകളിലും നുഴഞ്ഞുകയറുന്നു. കർത്താവിന്റെ സുവിശേഷത്തിനു ചേരാത്ത ഈ പ്രവണതകളെ തള്ളിക്കളയണം. ഭൗതികതയിൽനിന്നും അഹംഭാവത്തിൽനിന്നും മോചിതരായി പുല്ക്കൂട്ടിലെ താഴ്മയുടെയും ഗാഗുൽത്തായിലെ കുരിശിന്റെയും മഹത്ത്വം സ്വാംശീകരിക്കാൻ പുരോഹിതർക്കു കഴിയണം. അല്ലെങ്കിൽ മദ്ധ്യയുഗത്തിലെന്നപോലെ ഇന്നും സഭയിലേക്കുള്ള ഭൗതികതയുടെ കടന്നുകയറ്റംവഴി വൈദികരിൽ ലൈംഗിക ഇടർച്ചകളും സാമ്പത്തികക്രമക്കേടുകളും തത്ഫലമായി അധികാരപ്രമത്തതയും മാരകമായ ആധ്യാത്മിക വരൾച്ചയും ഉളവാകും.

ഭൗതികസംസ്കാരത്തിന്റെ ചങ്ങലകളിൽനിന്നു മോചിതനാകാൻ വി. ബർണാർഡ് വൈദികനു നിർദേശിക്കുന്ന ഒറ്റമൂലി പ്രാർത്ഥനയാണ് എന്ന് കർദിനാൾ സറാ നിരീക്ഷിക്കുന്നു. പ്രാർത്ഥനയ്ക്കായി വിളിക്കപ്പെട്ടവനാണു പുരോഹിതനെന്നും ദീർഘനേരം പ്രാർത്ഥനയിൽ ചെലവഴിക്കുന്ന ഇടയനെ ദർശിക്കുന്നതു വിശ്വാസികൾക്ക് ഒരാദ്ധ്യാത്മികാവശ്യംതന്നെയാണെന്നും അങ്ങനെയുള്ള വൈദികർ തങ്ങളെ ആഴമായി സ്നേഹിക്കുന്നുവെന്ന് അവർക്കു തീർച്ചയായും അറിയാമെന്നും കർദിനാൾ വിശദമാക്കുന്നു.

**പ്രാർത്ഥന**

പ്രാർത്ഥന എന്താണെന്നാണ് അടുത്തതായി ഗ്രന്ഥകാരൻ പരിചിന്തനം ചെയ്യുന്നത്. വിശുദ്ധ കൊച്ചുത്രേസ്യായുടെ ആത്മകഥയിലെ വാക്കുകൾ അദ്ദേഹം ഉദ്ധരിക്കുന്നു: "എന്നെ സംബന്ധിച്ചിടത്തോളം പ്രാർത്ഥന ഹൃദയത്തിന്റെ ഒരാവേശവും അഭിലാഷവുമാണ്. അതു സ്വർഗത്തിന്റെ നേർക്കുള്ള ലളിതമായ ഒരു നോട്ടമാണ്. അത് ആനന്ദത്തിലും ആകുലതയിലും ഒരേപോലെ നന്ദിയുടെയും സ്നേഹത്തിന്റെയും ഒരു തേങ്ങലാണ്. ചുരുക്കത്തിൽ, പ്രാർത്ഥന എന്റെ മനസ്സിനു വികാസം ചൊരിയുകയും ഈശോയോട് അതിനെ ഒന്നിപ്പിക്കുകയും ചെയ്യുന്നു" (അദ്ധ്യായം XI). ശുഷ്കത അനുഭവപ്പെടുമ്പോൾ 'സ്വർഗസ്ഥനായ പിതാവേ' ഒരു പ്രാവശ്യം ശാന്തമായി, സാവധാനം ചൊല്ലുകയാണു ചെയ്യാറുള്ളതെന്നും വി. കൊച്ചുത്രേസ്യാ തുടർന്ന് എഴുതിയിട്ടുണ്ട്.

അനിയന്ത്രിതമായ പ്രവർത്തനനിരതയെക്കുറിച്ച് കുരിശിന്റെ വിശുദ്ധ യോഹന്നാൻ എഴുതിയിട്ടുള്ള കാര്യങ്ങൾ കർദിനാൾ സറാ അനുസ്മരിക്കുന്നുണ്ട്. തന്റെ സുവിശേഷപ്രഘോഷണവും പ്രവർത്തനങ്ങളും ലോകം മുഴുവൻ വ്യാപിപ്പിക്കുവാൻ വ്യാമോഹിക്കുന്ന പ്രേഷിതരോടു കുരിശിന്റെ വി. യോഹന്നാൻ പറഞ്ഞു: "പ്രവർത്തനത്തിനായി എടുക്കുന്ന സമയത്തിന്റെ പകുതി ദൈവസന്നിധിയിൽ ചെലവഴിക്കുക. ഫലം ഏറെ വ്യത്യസ്തമായിരിക്കും."

വി. ബർണാർഡിനെ പിൻചെന്നുകൊണ്ട് നമുക്കു പ്രാർത്ഥിക്കാൻ പഠിക്കാം. പ്രാർത്ഥന എന്നാൽ, പ്രഥമമായി, നമ്മുടെ ശ്രദ്ധ ഈശോയിൽ ഉറപ്പിക്കുകയാണ്. "അതിനാൽ, സ്വർഗത്തിൽനിന്നുള്ള വിളി സ്വീകരിച്ചിരിക്കുന്ന എന്റെ വിശുദ്ധ സഹോദരരേ, നമ്മുടെ വിശ്വാസത്തിന്റെ ശ്ലീഹായും മഹാപുരോഹിതനുമായ ഈശോമിശിഹായെ ശ്രദ്ധിക്കുവിൻ" (ഹെബ്രാ 3, 1-2).

സഹനങ്ങളിലൂടെ കടന്നുപോകുമ്പോൾ ഗദ്സേമനിലെ ഈശോയിൽ കണ്ണുകൾ ഉറപ്പിക്കുവാനാണ് കർദിനാൾ സറാ ഉപദേശിക്കുന്നത്.

■






ഗിരീഷ് കെ. ശാന്തിപുരം

**തി**രുവിതാംകൂറിനു സമീപമുള്ള നാട്ടുരാജ്യമായ കായംകുളത്തെ യുദ്ധത്തിൽ പരാജയപ്പെടുത്തിയശേഷം കായംകുളം രാജാവുമായി ഉണ്ടാക്കിയ സമാധാന ഉടമ്പടിപ്രകാരം കായംകുളത്തിന്റെ പകുതിഭാഗം തിരുവിതാംകൂറിനോടു ചേർക്കുകയും തിരുവിതാംകൂറിന്റെ സാമന്തപദവി കായംകുളം അംഗീകരിക്കുകയും ചെയ്ത കാലമായിരുന്നത്.

തിരുവിതാംകൂറിനെ വിസ്തൃതവും അതിലുപരി സമ്പന്നവുമായ ഒരു രാജ്യമാക്കി പരിവർത്തനപ്പെടുത്തണമെന്നായിരുന്നു മാർത്താണ്ഡവർമ മഹാരാജാവിന്റെ ആഗ്രഹം. പക്ഷേ, അതിനുവേണ്ടിയുള്ള പടനീക്കങ്ങളിൽ ഒരു പരാജയംപോലും അനുഭവിക്കാൻ മഹാരാജാവ് ഒരുക്കമായിരുന്നില്ല.

കായംകുളത്തിനെതിരേ ഉണ്ടായ ആദ്യ ആക്രമണങ്ങളിലും കൊല്ലത്തെ ഡച്ചുകോട്ട ആക്രമണത്തിലും ഭവിച്ച പരാജയങ്ങൾ മഹാരാജാവിനെ ഇരുത്തിച്ചിന്തിപ്പിക്കുകതന്നെ ചെയ്തു.

അതുകൊണ്ടുതന്നെയാണ് മഹാരാജാവ് തിരുവിതാംകൂർ സേനയെ ഏതു വിധേനയും പ്രബലമാക്കാൻ തീരുമാനിച്ചത്. തന്ത്രപരവും ബുദ്ധിപൂർവകവുമായ ആ തീരുമാനമാണ് ബൽജിയത്തിൽ ജനിച്ചുവളർന്ന് ഡച്ചുകപ്പൽപ്പടയുടെ ക്യാപ്റ്റനായിരുന്ന എസ്തേക്കിയൂസ് ബനഡിക്ട് ഡിലനായി എന്ന വിദേശിയെ തിരുവിതാംകൂർസേനയുടെ സൈന്യാധിപൻ എന്ന പദവിയിലേക്കെത്താൻ സഹായിച്ചത്.

തിരുവിതാംകൂറിലെ നായർ പടയാളികൾക്കും കൊട്ടാരം സേവകർക്കും ഏറെ വിചിത്രമായിത്തോന്നി മഹാരാജാവിന്റെ തീരുമാനം. പക്ഷേ, ആരും അതിനെതിരേ ശബ്ദിച്ചില്ല. തിരുവായ്ക്ക് എതിർവായില്ലല്ലോ.

പക്ഷേ, മന്ത്രി രാമയ്യന് മഹാരാജാവിന്റെ തീരുമാനത്തിൽ അദ്ഭുതമൊന്നും തോന്നിയില്ല. കൗടില്യതന്ത്രങ്ങൾ മെനയാൻ രാജാവ് അതിനിപുണനാണെന്ന് രാമയ്യനു നന്നേ ബോധ്യമുണ്ടായിരുന്നു.

അപ്രതീക്ഷിതമായാണ് ക്യാപ്റ്റൻ ഡിലനായി തടങ്കലിൽനിന്നു മോചിക്കപ്പെട്ടത്. ഭടന്മാർ ക്യാപ്റ്റൻ ഡിലനായിയെ മഹാരാജാവിനു മുമ്പിൽ ഹാജരാക്കി.

തന്നെ രാജസന്നിധിയിലേക്കു കൊണ്ടുപോകുന്നത് എന്തിനായിരിക്കുമെന്നു ചിന്തിച്ച് ഡിലനായി വേപഥു പൂണ്ടില്ല. ഒരുപക്ഷേ, കഠിനമായ ശിക്ഷ വിധിക്കാനായിരിക്കും. അല്ലെങ്കിൽ ഗളച്ഛേദം. എന്തിനും മഹാരാജാവിന് അനുവാദമുണ്ട്. താൻ യുദ്ധത്തിൽ പരാജയപ്പെട്ട ശത്രുസൈന്യത്തിലെ പടയാളിയാണ്. തന്നോടൊപ്പം ഏതാനും പേർ കൂടി തടങ്കൽപാളയത്തിലുണ്ട്.


എന്തു സംഭവിച്ചാലും അതു ദൈവഹിതം അനുസരിച്ചേ ആകൂ. ക്യാപ്റ്റൻ എസ്തേക്കിയൂസ് ബനഡിക്ട് ഡിലനായി വിവേകമുള്ളവനായിരുന്നു. വിവേകമാണ് ഒരുവന്റെ വഴികാട്ടി. ജീവിതത്തിന്റെ വഴികൾ ചിലപ്പോൾ പട്ടുവിതാനിച്ചതാവാം. ചിലപ്പോൾ മൂർച്ചയുള്ള കല്ലുകളും മുനകൂർത്ത മുള്ളുകളും വിഷനാഗങ്ങളും നിറഞ്ഞതാകാം. അതിലെ സഞ്ചരിക്കുക എന്നത് അവന്റെ നിയോഗമാണ്.

രാജസന്നിധിയിലേക്കെത്തിയ ഡിലനായിയെ നിറഞ്ഞതും എന്നാൽ ഗൂഢവുമായ ഒരു മന്ദഹാസത്തോടെയാണ് മഹാരാജാവ് സ്വീകരിച്ചത്. സന്ദർശകർക്കുള്ള ഇരിപ്പിടം ചൂണ്ടിക്കാട്ടി മഹാരാജാവ് പറഞ്ഞു:

"ഇരിക്കിൻ കപ്പിത്താനേ..."

തിരുവിതാംകൂറിന്റെ പ്രൗഢിക്കൊത്ത് പുരാസ്മൃതികളുണർത്തുംവിധം പടുത്ത കൊട്ടാരത്തിന്റെ അകത്തളത്തിൽ ആ കൊടിയ വേനലിലും ശീതം നിറഞ്ഞുനിന്നിരുന്നു. ആ കുളിർമയിൽ രാജാവ് ചൂണ്ടിക്കാട്ടിയ ഇരിപ്പിടത്തിൽ ആശങ്കകളൊന്നുമില്ലാതെ ഡിലനായി ഉപവിഷ്ടനായി.

ഡച്ചു കപ്പൽപ്പടയുടെ നായകനായിരുന്നു ക്യാപ്റ്റൻ ഡിലനായി. കാറ്റിന്റെ ഗതിവിഗതികൾക്കനുസരിച്ച് കപ്പൽപ്പായ നിവർത്തിക്കെട്ടി, ലക്ഷ്യം തെറ്റാതെ തീരമണയുന്ന പരിചയസമ്പന്നനായ നാവികൻ. സമുദ്രത്തിന്റെ ആഴവും ക്ഷോഭവും മുൻകൂട്ടി അറിയുന്നവൻ. നടുക്കടലിൽ കപ്പൽത്തട്ടിലിരുന്ന് ആകാശത്തിലെ നക്ഷത്രങ്ങളുടെ സ്ഥാനം ഗണിച്ച് രാത്രിയുടെ ദൈർഘ്യവും പ്രഭാതത്തിലേക്കുള്ള ദൂരവുമളക്കുന്നവൻ.



ദിക്ക് ഗണനാമാപിനിയും ദൂരദർശിനിയും കൈകാര്യം ചെയ്യും. കരവാൾയുദ്ധത്തിലും തോക്കുപ്രയോഗത്തിലും അതിനിപുണൻ. അതെല്ലാംകൊണ്ടുകൂടിയാണ് 'കപ്പിത്താനേ' എന്ന് മഹാരാജാവ് ഡിലനായിയെ സംബോധന ചെയ്തത്.

തനിക്കായി വിധിക്കപ്പെട്ട ഇരിപ്പിടത്തിൽ ക്യാപ്റ്റൻ ഡിലനായി സ്വസ്ഥനും ശാന്തനുമായി ഇരിക്കുകയായിരുന്നു.

"നാം താങ്കളെ വിളിപ്പിച്ചത് ഒരു പ്രത്യേക സംഗതിക്കാണ്." മഹാരാജാവിന്റെ ഘനഗംഭീരമായ ശബ്ദം ക്യാപ്റ്റൻ ഡിലനായിയിലേക്കു വന്നു. ഡിലനായി ശ്രദ്ധാപൂർവം രാജാവിനെ കേട്ടിരുന്നു.

"താങ്കളുടെ സഹിഷ്ണുതയിലും ആഭിജാത്യമുള്ള പെരുമാറ്റത്തിലും യുദ്ധനിപുണതയിലും നമുക്ക് ഏറെ ബഹുമാനമുണ്ട്."

"മഹാരാജൻ അങ്ങയുടെ നല്ല വാക്കുകൾക്കു നന്ദി."

"നമുക്കു വിദേശരീതിയിലുള്ള പടക്കോപ്പുകൾ നിർമിക്കണം. തിരുവിതാംകൂർ സേനയെ ആധുനികയുദ്ധമുറകൾ അഭ്യസിപ്പിക്കണം. ആയതിലേക്കു താങ്കളുടെ സേവനം നാം ആവശ്യപ്പെടുന്നു."

ക്യാപ്റ്റൻ ഡിലനായി അദ്ഭുതത്തോടെ മഹാരാജാവിനെ നോക്കി. മഹാരാജാവ് എന്താണുദ്ദേശിക്കുന്നതെന്ന് ഡിലനായിക്കു മനസ്സിലായില്ല. ഡച്ചു സേനാനായകന്റെ കണ്ണുകളിൽ കണ്ട സന്ദേഹം ബുദ്ധിമാനായ രാജാവ് വായിച്ചെടുത്തു.

"ബഹുമാന്യനായ കപ്പിത്താനേ, വിദേശിയനായിട്ടാണു ജന്മമെങ്കിലും ഇനിയുള്ള കാലം താങ്കൾ തിരുവിതാംകൂറുകാരനായിരിക്കുകയും നമ്മുടെ സേനയുടെ സാരഥ്യം വഹിക്കുകയും സേനയെ നയിക്കുകയും വേണമെന്ന് നാം ആഗ്രഹിക്കുന്നു. താങ്കൾ തിരുവിതാംകൂർ വിട്ടുപോകാതെ സ്വദേശത്തുള്ള താങ്കളുടെ ഭാര്യ മാർഗരറ്റിനെയും പുത്രൻ ജോന്നാസിനെയും തിരുവിതാംകൂറിലേക്കെത്തിക്കുവാനും നാം അനുവാദം തന്നിരിക്കുന്നു."

"താങ്കളുടെ പദവിക്കും ഈ കൊട്ടാരത്തിന്റെ അന്തസ്സിനും യോജിച്ച രീതിയിലുള്ള ജീവിതസൗകര്യങ്ങളും കുറവല്ലാത്ത ശമ്പളവും മറ്റുകാര്യങ്ങളും നിവർത്തിച്ചുതരുന്നതായിരിക്കുമെന്ന് നാം ഉറപ്പുതരുന്നു. ചിന്തിച്ചുറപ്പാക്കിയശേഷം മാത്രം മതി മറുപടി."

"അല്ലയോ മഹാരാജൻ, താങ്കളുടെ ഉദാരമനസ്കതയ്ക്കു നന്ദി. എനിക്ക് ആലോചിക്കാനോ തീരുമാനമെടുക്കാനോ ഒന്നുമില്ല. താങ്കളുടെ കല്പന അനുസരിക്കുന്നതിൽ എനിക്ക് പൂർണസമ്മതം."

ബുദ്ധിമാനായിരുന്നു ക്യാപ്റ്റൻ ഡിലനായി. വിസമ്മതം പ്രകടിപ്പിച്ചാൽ തന്റെ മടക്കം വീണ്ടും തിരുവിതാംകൂറിന്റെ തടങ്കൽപാളയത്തിലേക്കായിരിക്കുമെന്ന് ഡിലനായിക്കു നിശ്ചയമുണ്ടായിരുന്നു. അങ്ങനെ സംഭവിച്ചാൽ താൻ ജീവിതാവസാനം വരെ പാരതന്ത്ര്യത്തിന്റെ ചങ്ങലക്കെട്ടുകളിലായിരിക്കും.

അചഞ്ചലനായ ഒരു ക്രിസ്തു വിശ്വാസിയായിരുന്നു ക്യാപ്റ്റൻ ഡിലനായി. ബൽജിയത്തിൽ ജനിച്ച ഡിലനായി ക്രൈസ്തവവിശ്വാസികളായിരുന്ന മാതാപിതാക്കളുടെ ശിക്ഷണത്തിലും വിശ്വാസത്തിലുമാണു വളർന്നുവന്നത്.

തങ്ങൾക്ക് എന്തുകിട്ടും എന്നതിന്റെ അടിസ്ഥാനത്തിൽ ക്രിസ്തുവിനെ അനുഗമിക്കുന്നവർ കഷ്ടതകൾ വരുമ്പോൾ അവനെ അവഗണിച്ചുകളയും. ക്യാപ്റ്റൻ ഡിലനായി അങ്ങനെയായിരുന്നില്ല. തന്റെ കഷ്ടതകളിലും ക്രിസ്തുവിൽ പാറപോലെ ഉറച്ചുനില്ക്കുകതന്നെ ചെയ്തു.

സകലവും ക്രിസ്തുവിൽ അർപ്പിച്ചിരിക്കുന്ന ഒരുവൻ ഒരു മാർച്ചട്ട അണിഞ്ഞിരിക്കുകയാണ്. പീഡനങ്ങളുടെ ശരമുനകൾ ഒരിക്കലും അവന്റെ നെഞ്ചിൽ തറയുന്നില്ല. തിരുവിതാംകൂർ തടവറയിലെ യുദ്ധത്തടവുകാരന്റെ ജീവിതം ഒരു തരത്തിലും ഡിലനായിയെ മഥിച്ചിരുന്നില്ല. ഒരു പടയാളി എപ്പോഴും മരണത്തെ മുഖാമുഖം കാണുന്നവനാണ്. മുറിവുകളോ അംഗക്ഷതങ്ങളോ മരണഭയമോ അവനെ പടമുഖത്തുനിന്നു പിന്തിരിപ്പിക്കുന്നില്ല.

രണ്ടു ദിവസത്തിനകം ഡച്ചു കപ്പിത്താനായിരുന്ന ഡിലനായി രാജശാസനത്തിൽ ഒപ്പുചാർത്തി തിരുവിതാകൂറിന്റെ സേനാനാകനായി അധികാരമേറ്റു. യുദ്ധത്തടവുകാരിൽ മരണപ്പെടാതെ ശേഷിച്ച ഡച്ചുപടയാളികളും തിരുവിതാംകൂർപട്ടാളത്തിൽ ചേർന്നു.

പത്മനാഭപുരത്തുനിന്ന് കുറച്ചകലെ ഉദയഗിരിയിൽ ഡിലനായിക്കുള്ള താമസസൗകര്യം കൊട്ടാരത്തിൽനിന്ന് ഏർപ്പാടാക്കി. ഭക്ഷണകാര്യങ്ങളിലോ ആരാധനാകാര്യങ്ങളിലോ യാതൊരു വിലക്കുകളും ക്യാപ്റ്റൻ ഡിലനായിക്കുണ്ടായിരുന്നില്ല. ഉദയഗിരിയിൽത്തന്നെയായിരുന്നു തിരുവിതാംകൂറിന്റെ പടയാളിത്താളവും.

പരിമിതമെങ്കിലും തനിക്കു കിട്ടിയ സ്വാതന്ത്ര്യം ദുർവിനിയോഗം ചെയ്യാൻ ക്യാപ്റ്റൻ ഡിലനായി മുതിർന്നില്ല. അവസരങ്ങൾ ഒത്തുവന്നപ്പോൾപ്പോലും കൊല്ലത്തെയോ കൊച്ചിയിലെയോ ഡച്ചുകോട്ടയിലേക്കോ ഡച്ചുകപ്പലിലേക്കോ രക്ഷപ്പെടാൻ ഡിലനായി ഒരുമ്പെട്ടില്ല. അതിനുള്ള സന്ദർഭങ്ങൾ അനവധിയായിരുന്നു. കൊല്ലത്തും കൊച്ചിയിലും കച്ചവടത്തിനായി തമ്പടിച്ചിരിക്കുന്ന ഡച്ചുകാർ, ക്യാപ്റ്റൻ ഡിലനായിയെയും കൂട്ടരെയും തിരുവിതാംകൂർ പാളയത്തിൽ നിന്ന് എങ്ങനെയും മോചിപ്പിക്കണമെന്ന് ആഗ്രഹിച്ചിരുന്നു. പക്ഷേ, അതത്ര ക്ഷിപ്രസാധ്യമല്ലെന്നു ഡച്ചുകാർക്കു അറിയാമായിരുന്നുതാനും. എന്തെന്നാൽ, മാർത്താണ്ഡവർമ മഹാരാജാവ് ക്യാപ്റ്റൻ ഡിലനായിക്കു ചുറ്റും അദൃശ്യമായ ഒരു കാവൽക്കോട്ട പടുത്തുയർത്തിയിരുന്നു.

ഒന്നുകിൽ കീഴടങ്ങുക. അല്ലെങ്കിൽ വധിക്കപ്പെടുക എന്നതായിരുന്നു മാർത്താണ്ഡവർമ മഹാരാജാവിന്റെ നയം. ആ നയം വ്യക്തമായും ഡിലനായിക്ക് അറിയാമായിരുന്നു. അതുകൊണ്ടു മാത്രമല്ല അദ്ദേഹം രക്ഷപ്പെടാൻ ആഗ്രഹിക്കാഞ്ഞത്.

ജീവിതം ഒന്നേയുള്ളൂ. അതു തിരുവിതാകൂറിലായാലും ജന്മദേശത്തായാലും അങ്ങനെതന്നെ. ഒരു മനുഷ്യന്റെ ജീവിതത്തെ ലോകത്തിനുമുമ്പിൽ അടയാളപ്പെടുത്തേണ്ടത് അവൻ ജനിച്ച ദേശത്തിന്റെയോ പാർക്കുന്ന രാജ്യത്തിന്റെയോ മാഹാത്മ്യമനുസരിച്ചല്ല. തന്റെ ജീവിതവും കർമങ്ങളും സത്യസന്ധവും നിസ്വാർത്ഥവുമായിരിക്കുമ്പോഴാണ്. അത് ദൈവനീതിക്കൊപ്പം നില്ക്കുമ്പോഴാണ്. പ്രാർത്ഥിക്കുകയും പ്രാർത്ഥനയ്ക്കൊത്തവിധം പ്രവർത്തിക്കുകയും ചെയ്യുമ്പോഴാണ് അവന്റെ ശിരസ്സിനു മുകളിൽ ദൈവം അനുഗ്രഹങ്ങൾ വർഷിക്കുക.

ശേഷം 14-ാംപേജിൽ

## സർക്കാരിന്റെ ഖജനാവു നിറയ്ക്കാനും വന്യജീവികൾക്കു തീറ്റ നല്കാനും

# എന്തിനു കൃഷിയിറക്കണം?

**നികുതിവർദ്ധന എങ്ങനെ?**

നാലു സ്ലാബുകളിലായുള്ള നികുതിവർദ്ധനയാണ് ബജറ്റിൽ നിർദേശിച്ചത്. എന്നാൽ, ബജറ്റ് ചർച്ചകളുടെ ഭാഗമായി ധനമന്ത്രി ഇത് മാറ്റി നിർദേശിച്ചിട്ടുണ്ട്. കുറഞ്ഞ അളവിൽ ഭൂമിയുള്ളവർക്കും പുതിയ നികുതി പരിഷ്കരണം ബാധകമാകും. ഒരു ആർ (2.47 സെന്റ്) കണക്കാക്കിയാണ് നികുതി നിർദേശം. ബജറ്റ് അവതരണത്തിനുശേഷമുള്ള ചർച്ചയിൽ പങ്കുവച്ച പ്രകാരമുള്ള മാറ്റങ്ങളനുസരിച്ച് നികുതിനിർദേശം ഇപ്രകാരമാകാം:

പഞ്ചായത്ത്:- 8.1 ആർ (20 സെന്റ്) 2.5 രൂപയായിരുന്നത് ഇരട്ടിയാക്കി 5 രൂപ /ആർ. 20 സെന്റിനു മുകളിൽ 5 രൂപയായിരുന്നത് 8 രൂപ/ആർ.

മുനിസിപ്പാലിറ്റി :- 2.43 ആർ (6 സെന്റ്) വരെ 5 രൂപയായിരുന്നത് ഇരട്ടിയാക്കി 10 രൂപ/ആർ. 2.43 ആർനു മുകളിൽ 10 രൂപയായിരുന്നത് 15 രൂപ/ആർ.

കോർപ്പറേഷൻ :- 4 സെന്റ് (1.62 ആർ) വരെ 10 രൂപയായിരുന്നത് 20 രൂപ/ആർ. 4 സെന്റിനു മുകളിൽ 20 രൂപയായിരുന്നത് 30 രൂപ/ആർ.



നാലു സ്ലാബുകളിൽ രണ്ടു സ്ലാബുകളായി ചർച്ചകളിൽ മാറ്റി നിർദേശിച്ചിട്ടുണ്ടെങ്കിലും വർദ്ധനയുടെ ശതമാനം വളരെ വലുതാണ്. ഈ നികുതിവർദ്ധനയ്ക്കനുസൃതമാണു തൊഴിലാളി ക്ഷേമനിധിയും. ഗ്രാമങ്ങളിൽ ജീവിതമാർഗമായി കൃഷിഭൂമിയുള്ള കർഷകൻ സെന്റും ആറും തിരിച്ചുള്ള കണക്കുകൾ നിസ്സാരമാണെന്നു കരുതരുത്. ഏക്കറുകളിലേക്കു കടക്കുമ്പോൾ തുകയുടെ വലുപ്പം ചിന്തകൾക്കതീതമാകും.

**തൊഴിലാളി ക്ഷേമനിധി**

വർദ്ധിച്ച ഭൂനികുതിക്കനുസരിച്ച് തൊഴിലാളി ക്ഷേമനിധിയും കൊടുക്കാൻ നികുതിയടയ്ക്കുന്ന സന്ദർഭത്തിൽ നിലവിലെ നികുതിസമ്പ്രദായത്തിൽ കർഷകനു ബാധ്യതയുണ്ട്. സ്വന്തം കൃഷിഭൂമിയിൽ മറ്റാരുടെയും സഹായമില്ലാതെ പണിയെടുക്കുന്ന കർഷകൻപോലും തൊഴിലാളിക്ഷേമനിധിയടയ്ക്കണം. ഇതെന്തു കാട്ടുനീതിയാണ്? അടയ്ക്കുന്ന ക്ഷേമനിധിയിൽനിന്നു തൊഴിലാളിക്ക് എന്തെങ്കിലും കിട്ടുമോ എന്ന ചോദ്യമുദിക്കുന്നില്ല. പുതിയ ഭൂനികുതി നിർദേശത്തിലും തൊഴിലാളിക്ഷേമനിധിയിലേക്ക് അടയ്ക്കേണ്ടിവരുന്ന തുകയുടെ വർദ്ധനയും ആരുമറിയാതെ ഒളിഞ്ഞിരിപ്പുണ്ട്. നിയമസഭയിൽ ബജറ്റ് പാസാക്കി അടുത്ത സാമ്പത്തികവർഷം നികുതിയടയ്ക്കാനായി ഓഫീസുകളിൽ കയറിയിറങ്ങുമ്പോൾ മാത്രമേ കർഷകനത് അനുഭവത്തിലാകൂ. കർഷകത്തൊഴിലാളി ക്ഷേമനിധിയും കർഷകരടയ്ക്കണം. കർഷകക്ഷേമനിധിയും കർഷകരടയ്ക്കണം. സർക്കാർ ഖജനാവിലേക്കെത്തുന്ന ഈ ക്ഷേമനിധികളുടെ ഗുണഫലം ആർക്ക്? സാമ്പത്തികപ്രതിസന്ധി അവതരിപ്പിച്ച് ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും ശമ്പളമായി വകമാറ്റി രൂപാന്തരപ്പെടുമെന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു.

**കൊള്ളപ്പലിശ വേറേയും**

വിലത്തകർച്ചയും കടക്കെണിയും പ്രകൃതിക്ഷോഭവുംമൂലം കർഷകർ നികുതിയടയ്ക്കാൻ വൈകിയാൽ സർക്കാർവക പലിശ മാസംതോറും രണ്ടു ശതമാനം. ഇതു കൊള്ളപ്പലിശയാണ്. ബ്ലേഡ് മാഫിയകളെക്കാൾ ക്രൂരന്മാരായി സർക്കാർ സംവിധാനങ്ങൾ മാറുന്ന സ്ഥിതിവിശേഷം എതിർക്കപ്പെടേണ്ടതുതന്നെ.

**ന്യായവില വർദ്ധിപ്പിക്കും**

ഭൂമിയുടെ ന്യായവില ഉയർത്താനുള്ള നിർദേശവും വൻ തിരിച്ചടിയാകും. ഭൂമിയുടെ ക്രയവിക്രയങ്ങൾ സ്തംഭിക്കും. അത്യാവശ്യവേളകളിൽ സ്വന്തം ഭൂമി വിൽക്കാൻപോലും കർഷകർക്കു സാധിക്കാതെ വരും. 2010 ലാണ് സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില നിർണയിച്ചു പ്രഖ്യാപനമുണ്ടായത്. ഇതു വളരെ അശാസ്ത്രീയമാണെന്നു തെളിയിക്കപ്പെട്ടതാണ്. ഉദ്യോഗസ്ഥന്മാർ ഓഫീസുകളിലിരുന്ന് യാതൊരു പഠനവുമില്ലാതെ നടത്തിയ വിലപ്രഖ്യാപനം. കഴിഞ്ഞ നാളുകളിലുണ്ടാക്കിയ പ്രതിസന്ധി ചെറുതൊന്നുമല്ല. പലതവണയായി സർക്കാർ ഖജനാവ് നിറയ്ക്കാൻ ന്യായവില ബജറ്റുകളിൽ വർദ്ധിപ്പിച്ചുകൊണ്ടിരുന്നു. 2010 ലെ വിലയുടെ 199.65 ശതമാനമായി ഇതുവരെയുള്ള വർദ്ധന. അതായത്, 200 ശതമാനം. പുതിയ ബജറ്റ് നിർദേശം പിന്നെയും 10 ശതമാനം വർദ്ധന നിർദേശിച്ചിരിക്കുന്നു. 2022 ഏപ്രിൽ ഒന്നുമുതൽ ഈ നിർദേശം നടപ്പിലാക്കും. ന്യായവില വർദ്ധിക്കുമ്പോൾ രജിസ്ട്രേഷൻ ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും ആനുപാതികമായി ഉയരും. ന്യായവിലയുടെ 8 ശതമാനം സ്റ്റാമ്പ് ഡ്യൂട്ടിയും 2 ശതമാനം രജിസ്ട്രേഷൻ ഫീസുമുണ്ട്. ഇവിടെ കർഷകരായ ഭൂവുടമകൾ ഉയർത്തുന്ന ചോദ്യമുണ്ട്. സർക്കാർ പ്രഖ്യാപിക്കുന്ന ന്യായവിലയ്ക്ക് കർഷകരുടെ കൃഷിഭൂമി സർക്കാരിനു നൽകിയാൽ രൊക്കം പണമായി നൽകി സ്വീകരിക്കുമോ? ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമുള്ള മറുപടിയെന്ത് എന്നറിയാൻ കർഷകർ ആഗ്രഹിക്കുന്നു.

**ജനപ്രതിനിധികളുടെ നിശ്ശബ്ദത**

തിരഞ്ഞെടുപ്പിൽ മത്സരിക്കുക, വിജയിക്കുക എന്നതിനപ്പുറം ജനകീയവിഷയങ്ങളിൽ എന്തു പ്രതിബദ്ധതയാണ് പല ജനപ്രതിനിധികൾക്കുമുള്ളത് എന്ന ചോദ്യം പൊതുസമൂഹത്തിലിന്ന് ശക്തമാകുന്നു. രാഷ്ട്രീയാടിമത്തത്തിന്റെയും വിധേയത്വത്തിന്റെയും പേരിൽ നിശ്ശബ്ദരും നിഷ്ക്രിയരുമായി പലരും മാറിയിരിക്കുന്നു. ജനകീയവിഷയങ്ങളിൽ വേണ്ടത്ര പഠനമില്ലാത്തതുകൊണ്ട് പ്രതിപക്ഷത്തിനുപോലും കാര്യങ്ങൾ നിയമസഭയിൽ വ്യക്തമായി അവതരിപ്പിക്കാനാവുന്നില്ല. കേരളത്തിലെ കർഷകസമൂഹത്തെയൊന്നാകെ ബാധിക്കുന്ന കാർഷിക, ഭൂനികുതി, ന്യായവില തുടങ്ങി ജനകീയവിഷയങ്ങളിൽ ശക്തമായി ഇടപെടൽ നടത്താൻ ജനപ്രതിനിധികൾക്കാകണം.

**കർഷകർക്ക് ആർജ്ജവമുണ്ടോ?**

പരസ്പരം പഴിചാരി ഒളിച്ചോട്ടം നടത്തുന്നവരാണ് കർഷകരിലേറെയും. സംഘടിത രാഷ്ട്രീയപ്രസ്ഥാനങ്ങളെ തള്ളിപ്പറഞ്ഞിട്ടു കാര്യമില്ല. മറിച്ച്, അവരിലൂടെ തങ്ങളുടെ കാര്യങ്ങൾ അവതരിപ്പിച്ചെടുക്കാനും വിലപേശി സംസാരിക്കാനും കരുത്തുള്ളവരായി കർഷകർ മാറണം. വോട്ടുചെയ്യാനുള്ള ഉപകരണങ്ങൾ മാത്രമായി കർഷകർ അധഃപതിക്കാതെ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന കാർഷികമേഖലയ്ക്ക് ഇരുട്ടടിയേകി സംസ്ഥാനസർക്കാർ കർഷകരെ ക്രൂശിക്കുന്നതിനെതിരേ സംഘടിച്ചെതിർക്കണം. കർഷകരെ ഞെക്കിപ്പിഴിഞ്ഞെടുത്ത് ഖജനാവ് നിറയ്ക്കാനുള്ള ശ്രമത്തിൽനിന്നു സർക്കാർ പിന്തിരിയണം. പുത്തൻ ഭൂനികുതിനിർദേശങ്ങൾ പിൻവലിക്കാൻ ജനപ്രതിനിധികൾ നിഷ്ക്രിയരാകാതെ കർഷകർക്കുവേണ്ടി ഉറച്ച നിലപാടുകളെടുത്ത് പ്രതികരിക്കണം. വന്യജീവികൾക്കു തീറ്റ നൽകാനും സർക്കാരിന്റെ ഖജനാവു നിറയ്ക്കാനും മാത്രമായി എന്തിന് കൃഷിയിറക്കണമെന്നു കർഷകർ ചിന്തിച്ചുതുടങ്ങിയിരിക്കുന്നു. കുറഞ്ഞപക്ഷം പുതുതലമുറയിലെങ്കിലും ഈ മാറ്റത്തിന്റെ ശബ്ദം മുഴങ്ങിക്കേൾക്കുന്നുണ്ട്. അതിനുദാഹരണമാണ് തരിശായി മാറിക്കൊണ്ടിരിക്കുന്ന കൃഷിയിടങ്ങൾ. സർക്കാരും കണ്ണുതുറക്കുക. കർഷകരുടെമേൽ അധിക നികുതിഭാരങ്ങൾ അടിച്ചേല്പിക്കുകയല്ല, മറിച്ച് അവനു സംരക്ഷണകവചമൊരുക്കുകയാണു വേണ്ടത്. സംസ്ഥാന ബജറ്റിൽ നിർദേശിച്ചിരിക്കുന്ന ഭൂനികുതി വർദ്ധന പിൻവലിച്ചില്ലെങ്കിൽ കേരളത്തിലെ കർഷകർക്ക് ചരിത്രത്തിലെ ഏറ്റവും വലിയ പ്രഹരമാകും നേരിടേണ്ടി വരുക.

---






ഡോ. ജെ. കട്ടയ്ക്കൽ

# വന്ദേ മാതരം!

VANDE MATĀRAM VANDE MĀTARAM!
Sujalām Suphalām, malayaja-śītālam
Sasya-śyāmalam, Mātaram Vande Mātarm
Śubhra-Joystnā-Puḷakita-Yāminīm
Phulla-Kusumita-druma-daḷa-Śobhinīnm
Suhāsinīm, Sumadhura-bhāṣiṇīm
Sukhadām varadām Mātaram
Vande Mātaram, Vande Mātaram!
(By the Bengali Poet
Bankim Chandra Chatterjee)

**വന്ദേ മാതരം!**

വന്ദേ മാതരം വന്ദേ മാതരം!
സുജലാം സുഫലാം മലയജശീതളാം!
സസ്യശ്യാമളാം മാതരം, വന്ദേ മാതരം
ശുഭ്രജ്യോത്സ്നാ - പുളകിത യാമിനീം
ഫുല്ല കുസുമിത ദ്രുമ-ദള ശോഭിനീം
സുഹാസിനീം സുമധുര ഭാഷിണീം
സുഖദാം വരദാം മാതരം
വന്ദേ മാതരം! വന്ദേ മാതരം.

**വന്ദേ മാതരം**

**വന്ദേ മാതരം** – അമ്മയെ ഞാൻ നമിക്കുന്നു. അമ്മയെ ഞാൻ വണങ്ങുന്നു. അമ്മേ! നമസ്കാരം! വണക്കം.

**സുജലാം സുഫലാം മലയജശീതളാം** – ശുദ്ധജലവും സത്ഫലങ്ങളും നൽകുന്നവളും, മലയപർവതത്തിൽനിന്നു വരുന്ന കുളിർകാറ്റു പ്രദാനം ചെയ്യുന്നവളും ആകുന്നു, നമ്മുടെ അമ്മ.

**സസ്യശ്യാമളാം മാതരം വന്ദേ** – സസ്യശ്യാമളകോമളയായ നമ്മുടെ ഭാരതാംബികയ്ക്ക് വന്ദനം!

**ശുഭ്രജ്യോത്സ്നാ - പുളകിതയാമിനീം** – വെട്ടിത്തിളങ്ങുന്ന നക്ഷത്രജാലങ്ങളാൽ പ്രകാശിക്കുന്ന രാത്രികളോടു കൂടിയ ഭാരതാംബികയ്ക്ക് വന്ദനം!

**ഫുല്ല കുസുമിത ദ്രുമദള ശോഭിനീം** – വിടർന്നു വികസിച്ചു നിൽക്കുന്ന കുസുമങ്ങളോടുകൂടിയ വൃക്ഷനിബിഡമായ ഭാരതാംബിക.

**സുഹാസിനീം** – മധുരപുഞ്ചിരി തൂകുന്ന,

**സുമധുരഭാഷിണീം** – സുമധുരമായി സംഭാഷിക്കുന്ന ഭാരതാംബികേ,

**സുഖദാം വരദാം മാതരം വന്ദേ! മാതരം!!** – സുഖദായിനിയും വരദായിനിയുമായ ഭാരതാംബികേ, വന്ദനം (150 കോടിയോളം മക്കളുടെ ആവാസസ്ഥലമായ ഭാരതഭൂമി, അമ്മേ, വണക്കം!)

**വന്ദേ മാതരം**

ഭാരതമാതാവിന് എന്റെ പ്രണാമം! ഭാരതാംബികയ്ക്ക് എന്റെ നമസ്കാരം! സുജലയും സുഫലയുമാണ് ഭാരതമാതാവ്; മലയമലകളിൽനിന്നു വരുന്ന ശീതവാതമേറ്റു കുളിർമയേറിയതുമാണ് ഭാരതമാതാവ്. സസ്യശ്യാമളയുമാണ് അവൾ. തെളിഞ്ഞ രാത്രികളാൽ പുളകം കൊള്ളുന്ന നാടാണ് ഈ ഭാരതം.

സംഫുല്ലമായ പൂങ്കുലകൾ മുറ്റിനിൽക്കുന്ന വൃക്ഷങ്ങൾ നിറഞ്ഞ നാടാണു നമ്മുടെ ഭാരതം. മധുരമായി പൂക്കൾ പുഞ്ചിരിക്കുന്ന സുന്ദരഭൂമിയാണു നമ്മുടെ ഭാരതം. സുഖദായിനിയും വരദായിനിയുമാണ് നമ്മുടെ ഭാരതാംബിക. നമസ്തേ ഭാരതമാതാ. നമസ്കാരം. നമസ്കാരം.




**ഏപ്രിൽ 3**
**നോമ്പുകാലം**
**ആറാം ഞായർ**

നിയ 8 : 1-10
2 മക്ക 6 : 18-31
1 പത്രോ 4 : 12-19
മർക്കോ 8 : 31-9:1

# ഉത്ഥാനരഹസ്യത്തിന്റെ ഉൾപ്പൊരുൾ



ഡോ. ഫ്രാൻസീസ് പിട്ടാപ്പിള്ളിൽ

ഈശോയുടെ പീഡാസഹനവും കുരിശുമരണവും അനുസ്മരിക്കുന്ന ആഴ്ചയിലേക്കു കടക്കുന്നതിന്റെ ഒരുക്കമായി, സഹനത്തിന്റെ രക്ഷാകരമൂല്യത്തെക്കുറിച്ചാണ് നോമ്പുകാലം ആറാം ഞായറാഴ്ചത്തെ വിശുദ്ധഗ്രന്ഥവായനകൾ നമ്മെ പഠിപ്പിക്കുന്നത്. വാഗ്ദത്ത ഭൂമിയിലേക്കുള്ള യാത്രയിൽ ഇസ്രായേൽ ജനത്തിനു നിരവധിയായ സഹനങ്ങൾ നേരിടേണ്ടിവന്നു. എങ്കിലും, ദൈവത്തിന്റെ അദൃശ്യകരം അവരെ സംരക്ഷിക്കുന്നുണ്ടായിരുന്നു. അതിനാൽ, ദൈവമായ കർത്താവിന്റെ മാർഗത്തിലൂടെ ചരിച്ചും അവിടത്തെ കല്പനകൾ പാലിച്ചും അവിടത്തേക്കു സ്തുതികളർപ്പിച്ചും ജീവിക്കണമെന്ന് ഇസ്രായേൽക്കാരെ ഓർമിപ്പിക്കുന്നതാണ് ഒന്നാം വായനയിൽ വിവരിക്കുന്നത് (നിയ 8:1-10).


വിശ്വാസത്തിനുവേണ്ടി സഹനങ്ങളും രക്തസാക്ഷിത്വവും വരിച്ച എലെയാസറിന്റെ ധീരതയെക്കുറിച്ചു മക്കബായരുടെ പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന (2 മക്ക. 8:18-31) ഭാഗമാണു രണ്ടാം വായനയിൽ നാം ശ്രവിക്കുന്നത്. വിശ്വാസത്തിനുവേണ്ടി സഹനങ്ങളേല്ക്കാൻ മാത്രമല്ല മരിക്കാൻപോലും നാം തയ്യാറാകണമെന്ന് എലെയാസറിന്റെ രക്തസാക്ഷിത്വം നമ്മെ പഠിപ്പിക്കുന്നു.

നമ്മുടെ വിശ്വാസത്തിന്റെ ആഴം പരിശോധിക്കാനായി അഗ്നിപരീക്ഷണങ്ങൾ ഉണ്ടാകുമ്പോൾ അപ്രതീക്ഷിതമായതെന്തോ സംഭവിച്ചാലെന്നപോലെ പരിഭ്രമിക്കരുത് എന്നു വി. പത്രോസ് ശ്ലീഹാ (1 പത്രോ. 4:12-19) ഉദ്ബോധിപ്പിക്കുന്നു. മിശിഹായെപ്രതി സഹിക്കേണ്ടി വന്നാൽ ആഹ്ലാദിച്ചാനന്ദിക്കാൻ വിശ്വാസിക്കു സാധിക്കണമെന്നു ശ്ലീഹാ ഓർമിപ്പിക്കുന്നു. ക്രിസ്ത്യാനി എന്ന നിലയിൽ പീഡ സഹിക്കുന്നത് മിശിഹായോടു താദാത്മ്യപ്പെടാൻ നമുക്കു കരുത്തു പകരും.

ഈശോ തന്റെ പീഡാസഹന-മരണോത്ഥാനങ്ങളെപ്പറ്റി നടത്തുന്ന മൂന്നു പ്രവചനങ്ങളിൽ ഒന്നാമത്തേതാണ് സുവിശേഷപാഠം (മർക്കോ. 8:31-9,1). ജറുസലേം യാത്രയുടെ സമാപനഘട്ടത്തിലാണ് ഈശോ പീഡാനുഭവപ്രവചനം നടത്തുന്നത്. ഈശോ ജറുസലേമിലേക്കു പോവുകയെന്നാൽ കുരിശുമരണം ഏറ്റെടുക്കാൻ പോകുന്നുവെന്നാണർത്ഥം. ഈശോയുടെ പീഡാനുഭവമരണത്തെക്കുറിച്ച് പ്രവാചകഗ്രന്ഥങ്ങളിൽ കാണാൻ കഴിയും. ഒരാടിനെപ്പോലെ അവനെ വധിക്കാൻ കൊണ്ടുപോയി. രോമം കത്രിക്കുന്നവന്റെ മുമ്പിലെന്നപോലെ അവൻ നിശ്ശബ്ദനായി നിന്നു (ഏശ. 53:7). അവർ എന്റെ മേലങ്കിക്കുവേണ്ടി ചിട്ടിയിട്ടു എന്ന സങ്കീർത്തന വാക്യവും (സങ്കീ. 22:18) ഈശോയുടെ പീഡാനുഭവമരണത്തിലേക്കാണു വിരൽ ചൂണ്ടുന്നത്.

ക്രിസ്തുശിഷ്യത്വത്തിന്റെ അവിഭാജ്യഘടകമായ സഹനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചാണ് ഈശോ ശിഷ്യന്മാരെ ഉദ്ബോധിപ്പിക്കുന്നത്. സഹനവും മരണവും അംഗീകരിക്കാൻ മനുഷ്യന് ഒരുകാലത്തും എളുപ്പമല്ല. ഈശോയുടെ ശിഷ്യന്മാരും ഇതിന് ഒരു അപവാദമായിരുന്നില്ല. അതുകൊണ്ടാണ്, കർത്താവേ, ഇതു നിനക്കു സംഭവിക്കാതിരിക്കട്ടെ (മത്താ. 16: 22) എന്നുപറഞ്ഞ് പത്രോസ് ശ്ലീഹാ തടസ്സപ്പെടുത്തുന്നതെന്ന് അലക്സാണ്ട്രിയായിലെ വി. സിറിൾ പ്രസ്താവിക്കുന്നു. എന്നാൽ, സഹനത്തോടുള്ള പത്രോസിന്റെ വിപ്രതിപത്തിയെ ഈശോ ശകാരിക്കുന്നു. മിശിഹായെക്കുറിച്ചു വെറും മാനുഷികമായി മാത്രം ചിന്തിക്കുന്നതു ശരിയല്ലെന്നും ദൈവികമായി ചിന്തിക്കാൻ പരിശീലിക്കണമെന്നും അവിടന്ന് അവരെ ഉപദേശിച്ചു (മർക്കോ.8:33).

മറ്റേതൊരു ശക്തനായ ഭൗതികരാജാവിനെയുംപോലെയാണ് ഈശോമിശിഹാ എന്നത് വെറും മാനുഷിക



ചിന്തയാണ്. പ്രത്യുത, സഹനമരണോത്ഥാനങ്ങളിലൂടെ മനുഷ്യരക്ഷ സാധിക്കുന്ന മിശിഹായാണ് ഈശോ എന്നതാണ് അവിടത്തെക്കുറിച്ചുള്ള ദൈവികചിന്ത. ഇപ്രകാരമുള്ള ദൈവികചിന്തയിലേക്കുയരാനും വളരാനുമാണ് ഈ വിശുദ്ധഗ്രന്ഥഭാഗങ്ങൾ നമ്മെ ക്ഷണിക്കുന്നത്. സഹനത്തിന്റെ ഇടുങ്ങിയ വഴിയിലൂടെ സഞ്ചരിച്ചാൽ മാത്രമേ ഉത്ഥാനരഹസ്യത്തിന്റെ ഉൾപ്പൊരുൾ നമുക്കു പിടികിട്ടുകയുള്ളൂ. നോമ്പുകാലമെന്നത് സഹനങ്ങളുടെയും പരിത്യാഗങ്ങളുടെയും പീഡാനുഭവവഴിയിലൂടെ ക്രൂശിതനെ അനുധാവനം ചെയ്യാനുള്ള സമയമാണ്. കർത്താവിനെ അനുഗമിക്കാൻ കുരിശുവഹിക്കുകയല്ലാതെ മറ്റുമാർഗമില്ലെന്നാണ് വിശുദ്ധ ആഗസ്തീനോസ് പഠിപ്പിക്കുന്നത്. ഒരാൾ പീഡാനുഭവത്തിനു വിധേയമാകുമ്പോൾ ഈശോയുടെ കുരിശിലെ സഹനം ചെറിയ തോതിലെങ്കിലും ഏറ്റുവാങ്ങുകയാണു ചെയ്യുന്നത്. ക്രൂശിതന്റെ പാത പിന്തുടർന്നാൽ മാത്രമേ നമുക്ക് അവനോടൊപ്പം ഉത്ഥാനസന്തോഷത്തിൽ പങ്കുചേരാനും നിത്യജീവിതം കരസ്ഥമാക്കാനും കഴിയൂ. നോമ്പിന്റെ ചൈതന്യത്തിൽ നിന്നുകൊണ്ട് ഈശോയുടെ പീഡാസഹനങ്ങളെക്കുറിച്ചു ധ്യാനിക്കാനും, നമ്മുടെ പീഡകളെ മിശിഹായുടെ പീഡാസഹനങ്ങളോടു ചേർത്തുവയ്ക്കാനും നമ്മുടെ അനുദിനകുരിശുകളിൽ ക്രൂശിതന്റെ മുഖം ദർശിക്കാനും തക്കരീതിയിൽ നമ്മുടെ വിശ്വാസത്തെ ആഴമുള്ളതും ദൃഢതരവുമാക്കാം. ■

**സഹനത്തിന്റെ ഇടുങ്ങിയ വഴിയിലൂടെ സഞ്ചരിച്ചാൽ മാത്രമേ ഉത്ഥാനരഹസ്യത്തിന്റെ ഉൾപ്പൊരുൾ നമുക്കു പിടികിട്ടുകയുള്ളൂ. നോമ്പുകാലമെന്നത് സഹനങ്ങളുടെയും പരിത്യാഗങ്ങളുടെയും പീഡാനുഭവവഴിയിലൂടെ ക്രൂശിതനെ അനുധാവനം ചെയ്യാനുള്ള സമയമാണ്.**




## കുട്ടികളും മാതാപിതാക്കളും




ഗ്രന്ഥകർത്താ : ഫുൾട്ടൻ ജെ. ഷീൻ
വിവർത്തനം : തോമസ് ചവറാനി
പ്രസാധനം : ട്രിനിറ്റി ബുക്സ്, ചെമ്പേരി
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 180 രൂപ

പരാദങ്ങളായി ജീവിക്കാതെ സ്വാശ്രയബോധമുള്ള ഒരു പുതുസമൂഹസൃഷ്ടിക്കു മനുഷ്യനെ സജ്ജമാക്കുന്ന ഒരു സത്ഗ്രന്ഥമാണിത്. വായിച്ചുമറക്കാനല്ല, മറിച്ചുതള്ളാനല്ല, ഉള്ളും ഉള്ളടക്കവും ഗ്രഹിച്ചു ജീവിക്കാനുള്ള വഴികാട്ടിയാണിത്.

## വിശുദ്ധകുർബാനയുടെ വചനശുശ്രൂഷ




ഗ്രന്ഥകർത്താ : ഡോ. സൈറസ് വേലംപറമ്പിൽ
പ്രസാധനം : ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീജിയസ് സ്റ്റഡീസ്, വടവാതൂർ
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 225 രൂപ

വിശുദ്ധ ഗ്രന്ഥവായനാകേന്ദ്രീകൃതമായ ആരാധനക്രമാഘോഷങ്ങളുടെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ട്, ദൈവത്തിന്റെ രക്ഷാകരപദ്ധതികൾ ദൈവജനത്തിന് ഒരു ആത്മീയാനുഭവമായിത്തീരുന്ന വചനശുശ്രൂഷയുടെ ഉദ്ഭവത്തെക്കുറിച്ചുള്ള ദൈവശാസ്ത്രപഠനം.

## വൃത്തം തെറ്റിയ കവിത




ഗ്രന്ഥകർത്താ : റ്റി. ഒ. ജോസഫ്
പ്രസാധനം : ഗ്രന്ഥകർത്താവ്
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 120 രൂപ

അതീവഹൃദ്യമായ പ്രയോഗങ്ങൾകൊണ്ടും ശ്രദ്ധേയമായ നിരീക്ഷണങ്ങൾകൊണ്ടും ഈ കവിതകൾ വേറിട്ടു നില്ക്കുന്നു. കവിതയുടെ ഒരു മാമ്പഴക്കാലം വായനക്കാരനു പ്രദാനം ചെയ്യുന്ന കൃതി.

## ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ



സ്ഥലനാമങ്ങളിൽ പലതിന്റെയും പിറവി ഭൂമിശാസ്ത്രപരമായ പ്രത്യേകതകളുമായി ബന്ധപ്പെട്ടിരിക്കുന്നു. പ്രാചീനകേരളത്തിലെ ദ്രാവിഡജനത ഭൂമിയുടെ കിടപ്പിനെ ആധാരമാക്കിയാണു ഭൂപ്രദേശത്തെ വിഭജിച്ചത്. ഭൂപ്രകൃതിയുമായി ബന്ധപ്പെട്ട കാവ്യപ്രമേയസ്വീകരണത്തിനുവേണ്ടിയായിരുന്നു വിഭജനം. ഐന്തിണൈകൾ എന്ന പേരിൽ ആ ഭൂവിഭാഗങ്ങൾ അറിയപ്പെട്ടു. കുറിഞ്ചി, പാലൈ, മുല്ലൈ, മരുതം, നെയ്തൽ എന്നിവയാണ് ഐന്തിണൈകൾ. തിണൈ എന്ന പദത്തിന് വിഭാഗം എന്നോ ഭൂവിഭാഗം എന്നോ അർത്ഥം പറയാം. അതത് പ്രദേശത്തുണ്ടാകുന്ന 'പൂക്കളു'മായി ബന്ധപ്പെടുത്തിയാണ് തിണൈകൾക്ക് നാമകരണം ചെയ്തിരിക്കുന്നത്. കുറിഞ്ചി മലമ്പ്രദേശവും പാലൈ മണൽക്കാടും മുല്ലൈ കുറ്റിക്കാടുകൾ നിറഞ്ഞ സ്ഥലവും മരുതം സമതലവും നെയ്തൽ കടൽത്തീരവുമാകുന്നു.

തമിഴിലെ തിണൈ, മുല്ലൈ, പാലൈ എന്നിവ യഥാക്രമം മലയാളത്തിൽ തിണ, മുല്ല, പാല എന്നിങ്ങനെ രൂപം മാറും. പ്രകൃതികളുടെയും പ്രത്യയങ്ങളുടെയും ഒടുവിൽ ഐകാരം കാണുന്നിടത്ത് മലയാളത്തിൽ അകാരം വരും.

# പാലയോ? പാലായോ?

ഐ(അ+ഇ)കാരത്തിന് സംവരണം സംഭവിച്ചതാണ്, കേരളപാണിനിയുടെ അഭിപ്രായത്തിൽ അകാരം.* അങ്ങനെ പാലൈ – പാല എന്നായിത്തീരുന്നു. മീനച്ചിലാറിന്റെ തീരത്തുള്ള നഗരമാണ് ഇന്നത്തെ പാല. എന്നാൽ മണൽത്തിട്ടകൾ നിറഞ്ഞ ഫലഭൂയിഷ്ഠമല്ലാത്ത ഒരു പ്രദേശമായിട്ടാണ് പാലയെ പൂർവ്വികർ അടയാളപ്പെടുത്തിയിട്ടുള്ളത്. പൂഞ്ഞാർ കേന്ദ്രമായ പാണ്ഡ്യരാജവംശവുമായി പാലയ്ക്കുണ്ടായിരുന്നു ബന്ധവും സുവിദിതമാണല്ലോ. അങ്ങനെയെങ്കിൽ ഭൂപ്രദേശത്തെ അടയാളപ്പെടുത്തുന്ന തിണകളിൽ ഒന്നായ പാലൈ ആണ് പാലാ ആയിത്തീർന്നതെന്നു കരുതുന്നതിൽ ന്യായമില്ലേ?

യക്ഷിയുടെ സാന്നിധ്യമുള്ള ഒരു വൃക്ഷമായി പാലയെ ചിലർ കരുതുന്നു. പാലയുടെ തടി ബലിഷ്ഠമല്ല. ഉറപ്പുവേണ്ട പണിത്തരങ്ങൾക്ക് പാലത്തടി ഉപയോഗിക്കാറില്ല. വലിയ മരമാകുന്നതും അല്ലാത്തതുമായി വിവിധയിനം പാലകളുണ്ട്.** ഉഷ്ണമേഖലാപ്രദേശങ്ങളിലാണ് പാല പൊതുവെ വളരുന്നത്. (ഉണങ്ങി വരണ്ട മണൽക്കാടുകൾ നിറഞ്ഞ പ്രദേശമാണല്ലോ പാലൈനിലം) പാലയുടെ പേരിലുള്ള സ്ഥലനാമങ്ങളിൽ ഒന്നാമത്തേതാണ് പാലാ (പാലാ?). കേരളത്തിലെ പല ജില്ലകളിലും പാല ചേർന്ന സ്ഥലനാമങ്ങൾ ഉണ്ട്. പാലക്കാടു ജില്ലതന്നെ പാലയുടെ പേരിൽ അറിയപ്പെടുന്നു. പാലത്തറ( കൊല്ലം), പാലത്തറ, (വർക്കലയ്ക്കടുത്ത്), പാലാവയൽ (കാസർകോട്) എന്നിവ പാല പൂർവ്വപദമായ സ്ഥലനാമങ്ങളാണ്.

പാലൈ ചുരുങ്ങി പാലാ എന്നു സ്ഥലനാമമാകുന്നതിലും പാൽപോലുള്ള കറയോടുകൂടിയ വൃക്ഷമായ പാല സ്ഥലനാമമാകുന്നതിലും യുക്തിഭംഗമില്ല. ഭൂമിശാസ്ത്രപ്രത്യേകതകളും ചരിത്രസൂചനകളും പാല എന്ന ഹ്രസ്വാന്തരൂപത്തെ സാർത്ഥകമാക്കുന്നു. ഉച്ചാരണത്തിൽ കടന്നുകൂടിയ പദാന്ത്യദീർഘം എഴുത്തിലേക്കു സംക്രമിച്ച് സ്ഥലനാമം പാലാ എന്നു രൂഢിയായിത്തീർന്നതാകണം. "ദീർഘാന്തം ഹ്രസ്വമാക്കേണ/ മനേകാക്ഷരമാവുകിൽ (കാരിക 19) എന്ന കേരളപാണിനീയവിധിയും പാലയെ അനുകൂലിക്കുന്നു. വസ്തുതകൾ എങ്ങനെയായിരുന്നാലും പാല എന്ന ദേശനാമം രണ്ടുതരത്തിൽ എഴുതി വയ്ക്കുന്നത് ആശാസ്യമല്ല.

*രാജരാജവർമ്മ, എ.ആർ., കേരളപാണിനീയം, എൻ.ബി.എസ്. കോട്ടയം 1988, പുറം –60.

** ഏഴിലംപാല, മംഗലപ്പാല, മുക്കമ്പാല, യക്ഷിപ്പാല, ദൈവപ്പാല, കള്ളിപ്പാല, കാക്കപ്പാല, വള്ളിപ്പാല, കുറ്റിപ്പാല മുതലായവ. പാല പൂത്താൽ രൂക്ഷമായ ഗന്ധം ഉണ്ടാകും.

*** മുൻഗ്രന്ഥം, പുറം – 308.

## ഈശോ
FROM THE BIBLE

12





ഫാ. തോമസ് പാട്ടത്തിൽചിറ CMF

# ഉപവാസം

വരണ്ടുണങ്ങിയ മണലാരണ്യത്തിലെ അവന്റെ ഉപവാസത്തിനു തീവ്രത ഏറെയായിരുന്നു. കാഠിന്യമുള്ള കല്ലുകഷണങ്ങളെപ്പോലും മൃദുവായ അപ്പത്തുണ്ടുകളാക്കിമാറ്റാൻ ശേഷിയുള്ളവൻ ഒട്ടിയ വയറും വരണ്ട തൊണ്ടയുമായി ദിനരാത്രങ്ങൾ കഴിച്ചുകൂട്ടി. ഒരു പച്ച മനുഷ്യനായിരുന്നിട്ടും അവനത് അനായാസം സാധിച്ചു. ഉപവാസത്തെ സാധാരണരീതിയിൽ ജലപാനമില്ലാതെയുള്ള വ്രതാനുഷ്ഠാനമായി നിർവചിക്കാം. എന്നാൽ, അതിലുപരി അത് ഒരു 'കൂടെ വസിക്കൽ' ആണ്. അദൃശ്യനായ ഈശ്വരന്റെ അടുത്തിരിക്കൽ. ഭൗമികമായവയിൽനിന്നുള്ള ഒരകലവും ദൈവികമായതിനോടുള്ള ഒരടുപ്പവും. ഉപവാസത്തിൽ ചില ഉപേക്ഷിക്കലുകളുണ്ട്. ഒന്നിന്റെ കൂടെയായിരിക്കണമെങ്കിൽ മറ്റു പലതിനോടുമുള്ള കൂട്ടു വേണ്ടെന്നുതന്നെ വയ്ക്കണം. അതിനാൽത്തന്നെ പരിത്യാഗത്തിന്റെ പാതയാണ് ഉപവാസത്തിന്റേത്. പലതിൽനിന്നും വിടുതൽ നേടിക്കൊണ്ട് പരാശക്തിയായ ദൈവത്തോടുള്ള ഒരു ഒട്ടിച്ചേരലാണ് ഉപവസിക്കുന്നവർക്കു സാധ്യമാകുക.

നമ്മുടെ രക്ഷകന്റെ അകലങ്ങളും അടുപ്പങ്ങളുമൊക്കെ നമുക്കുവേണ്ടിയായിരുന്നു. ജഡികമോഹങ്ങളിൽനിന്നും പ്രലോഭനങ്ങളിൽനിന്നും നമ്മെ അകറ്റിനിർത്താൻ. ദൈവമക്കളായ നമ്മുടെ ആത്യന്തികമായ അടുപ്പം ആരോടായിരിക്കണമെന്നു പഠിപ്പിക്കാൻ. ഓർക്കണം, കർത്താവിനോടുകൂടെ വസിക്കാനുള്ള നിയോഗമാണു നമ്മുടേത്. അതിന്, അവനുമായി ചേർന്നുപോകാത്ത പലതിൽനിന്നും നാം വിട്ടുനില്ക്കേണ്ടതുണ്ട്. ലൗകികമായ ബന്ധങ്ങളിൽനിന്നൊക്കെ മോചനം നേടിയാലേ അവനോട് അടുത്തുനില്ക്കാനാവൂ. ആയതിനാൽ, ജീവിതമാകുന്ന മരുഭൂമിയിലെ പാപപ്രേരണകളെയും പ്രലോഭനങ്ങളെയും അകറ്റിനിർത്താനുള്ള വഴികൾ ആരായാം. ആവശ്യമായ തീരുമാനങ്ങളെടുക്കാം. ആഹാരപാനീയങ്ങളെ മാത്രമല്ല, നമ്മിലെ ആത്മീയമനുഷ്യനെ കളങ്കപ്പെടുത്തുന്ന സകല തിന്മകളെയും വർജിക്കാം. ഈ തപസ്സുകാലത്ത് അല്പംകൂടി സമയവും സ്ഥലവും ദൈവത്തിനും ദൈവികമായവയ്ക്കുമായി നീക്കിവയ്ക്കാം. ദൈവത്തിന്റെ നിഴലാകാം. വചനവായന, പരിഹാരപ്രവൃത്തികൾ, യോഗ്യതയോടെയുള്ള കൂദാശാസ്വീകരണം എന്നിവയിലൂടെ നമ്മിലെ ദൈവികതയുടെ കനലിനെ കൂടുതൽ ജ്വലിപ്പിക്കാം. ചില വർജനങ്ങളോടൊപ്പം ആത്മീയമായ മറ്റു ചില ആർജവങ്ങളുടേതുമായിരിക്കട്ടെ നമ്മുടെ ദിനങ്ങൾ. ഒപ്പം, ആർക്കും ഉതപ്പു കൊടുക്കാതിരിക്കാം. നമ്മുടെ ഉത്തമമായ ജീവിതമാതൃക കർത്താവിങ്കലേക്ക് അടുക്കാൻ ചുറ്റുമുള്ളവർക്കു പ്രചോദനമാകട്ടെ. അനുതാപത്തിലൂടെയും അനുരഞ്ജനത്തിലൂടെയും ദൈവത്തോടും സഹജീവികളോടും ഉപവസിക്കാം, ഉപഗമിക്കാം. ■

# നാലുവർഷ ബിരുദകോഴ്സുകളുടെ കരടുമാർഗരേഖ യുജിസി പുറത്തിറക്കി

ന്യൂഡൽഹി: ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായി 2022 അധ്യയനവർഷം മുതൽ നടപ്പിലാക്കുന്ന നാലുവർഷ ബിരുദകോഴ്സുകളുടെ കരടുമാർഗരേഖ യുജിസി പുറത്തിറക്കി. ശാസ്ത്ര – ആർട്സ് വിഷയങ്ങൾ എന്ന വേർതിരിവ് ഇനി ബിരുദകോഴ്സുകൾക്ക് ഉണ്ടാകില്ല. ബഹുമുഖപ്രതിഭകളാക്കി വിദ്യാർത്ഥികളെ വാർത്തെടുക്കുന്നതിന്റെ ഭാഗമായി ശാസ്ത്ര, സാങ്കേതിക, ആർട്സ് വിഷയങ്ങളിൽ വിദ്യാർത്ഥികൾക്കു പരിശീലനം നൽകും. 90 ദിവസങ്ങൾ വീതമുള്ള എട്ട് സെമസ്റ്ററുകളാകും കോഴ്സിൽ ഉണ്ടാവുക. ആദ്യമൂന്നു സെമസ്റ്ററുകളിൽ ഹ്യൂമാനിറ്റീസ്, സോഷ്യൽ സയൻസ്, ഗണിതം, വൊക്കേഷണൽ എഡ്യൂക്കേഷൻ എന്നിവയാണ് പ്രധാന പഠനവിഷയങ്ങൾ. ഈ സെമസ്റ്ററുകളിലെ മാർക്കിന്റെയും അഭിരുചിയുടെയും അടിസ്ഥാനത്തിലാകും 4,5,6 സെമസ്റ്ററുകളിലേക്കുള്ള പ്രധാന പാഠ്യവിഷയങ്ങൾ (മേജർ വിഷയങ്ങൾ) വിദ്യാർത്ഥികൾക്കു തിരഞ്ഞെടുക്കാനാവുക.

ഏതു വിഷയത്തിലാണോ വിദ്യാർത്ഥി പ്രാധാന്യം (സ്പെഷ്യലൈസേഷൻ) നൽകുന്നത് ആ വിഷയത്തിലാണ് ഏഴ്, എട്ട് സെമസ്റ്ററുകളിൽ ഗവേഷണം നടത്തേണ്ടത്. ആദ്യവർഷ കോഴ്സ് പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ്, രണ്ടാം വർഷം ഡിപ്ലോമ, മൂന്നാം വർഷം ബിരുദം, നാലാംവർഷം ഓണേഴ്സ് എന്നിങ്ങനെ പഠനത്തിൽ ഏതു കാലഘട്ടത്തിലും നിശ്ചിത ബിരുദത്തോടെ വിദ്യാർത്ഥിക്കു കോഴ്സ് അവസാനിപ്പിക്കാൻ സാധിക്കും രണ്ട്, നാല് സെമസ്റ്ററുകളിൽ വിദ്യാർഥികൾക്ക് ഇന്റേൺഷിപ്പ് ചെയ്യാം. നൈപുണ്യപഠനത്തിനു പ്രാധാന്യം നൽകുന്നതിനാൽ പഠനശേഷം ജോലി നേടുന്നതിനും വിദ്യാർത്ഥികൾക്കു സാധിക്കും. ഡൽഹി സർവകലാശാലയിൽ ഈ വർഷംമുതൽ കോഴ്സ് ആരംഭിക്കും. കേന്ദ്രത്തിനു കീഴിലുള്ള 90 സർവകലാശാലകളിലും ഈ അധ്യയനവർഷംതന്നെ കോഴ്സ് തുടങ്ങണമെന്ന് യുജിസി അറിയിച്ചു.



# ദേവാങ്കണം

11-ാംപേജ് തുടർച്ച

ചോദിക്കാത്തവർക്ക് ഒന്നും ദൈവം തരുന്നില്ല. ആഗ്രഹിക്കാത്തവർക്ക് ദൈവം കൊടുക്കുന്നുമില്ല. ദൈവത്തിന്റെ ശക്തിയാൽ തനിക്കു മതിൽ ചാടിക്കടക്കാൻ കഴിയുമെന്നു ദാവീദിനു വിശ്വാസമുണ്ടായിരുന്നു. അതു സ്വന്തം ശക്തിയാലല്ല. നാം ആഗ്രഹിക്കുന്ന കാര്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കുകയും വേണം.

തന്റെമേൽ വർഷിക്കപ്പെടുന്നതൊക്കെയും ക്രിസ്തുവിന്റെ കാരുണ്യമാണെന്നു ഡിലനായി വിശ്വസിച്ചു, പ്രിയങ്ങളും അപ്രിയങ്ങളുമായവയൊക്കെയും. അതുകൊണ്ടുതന്നെ ശേഷിച്ച ജീവിതംകൊണ്ട് തിരുവിതാംകൂറുകാരനായിത്തീരാൻ ഡിലനായി തീരുമാനിച്ചു. തിരുവിതാംകൂറിനെ സ്നേഹിക്കാൻ തുടങ്ങി.

ഉദയഗിരിയിൽ പൂവരശുമരങ്ങൾ കാറ്റിലാടുമ്പോൾ ക്യാപ്റ്റൻ ഡിലനായി ജന്മനാട്ടിലെ ബർച്ചുമരക്കാടുകളെ ഓർമിച്ചു. ഉദയഗിരിയിൽ പൂക്കൾ വിരിയുമ്പോൾ ബൽജിയത്തിലെ വസന്തകാലമോർമിക്കും. രാവറുതികളിൽ ഉത്തമഗീതത്തിലൂടെ കടന്നുപോകുമ്പോൾ ഏഴാംകടലിനക്കരെ തന്നെയും പ്രതീക്ഷിച്ചിരിക്കുന്ന ഭാര്യ മാർഗരറ്റിനെയും മകൻ ജോഹന്നാസിനെയും ഓർമിക്കും.


പക്ഷേ, ആ ഓർമകളിൽ തപിക്കാൻ ക്യാപ്റ്റൻ ഡിലനായി കൂട്ടാക്കിയില്ല. ചോർച്ച അടച്ചില്ലെങ്കിൽ അത് കപ്പലിനെ മുക്കിക്കളയും. അങ്ങനെ മുങ്ങിപ്പോകാൻ ഡിലനായി ഇഷ്ടപ്പെട്ടില്ല.

ക്യാപ്റ്റൻ ഡിലനായി തിരുവിതാംകൂർ പടയാളികൾക്കു പരിശീലനം കൊടുക്കുന്നതിൽ വ്യാപൃതനായി ആ കാലഘട്ടത്തിലാണ് തിരുവിതാംകൂറിനു നേരേ മധുരനായ്ക്കൻപടയുടെ ആക്രമണമുണ്ടായത്.

(തുടരും)

# മലയാളത്തിന്റെ മഹാപ്രതിഭ

## മഹാനായ അർണോസ് പാതിരി അന്തരിച്ചിട്ട് മാർച്ച് ഇരുപതിന് 290 വർഷം





സി. ഡോ. തെരേസ് ആലഞ്ചേരി SABS

**അ**വർ അദ്ദേഹത്തെ സ്നേഹാദരങ്ങളോടെ വിളിച്ചു: അർണോസ് പാതിരി. കരയിലും കടലിലുമായി നൊവിഷ്യേറ്റുപരിശീലനം നടത്തിയ തീക്ഷ്ണ മതിയായ യുവാവ്. സാമൂഹിക സാമ്പത്തിക അസമത്വങ്ങൾ നിലനിന്നിരുന്ന ദരിദ്രമായ നാട്ടിലേക്കു സമ്പന്നമായ ഒരു രാജ്യത്തെ കുലീന കുടുംബത്തിൽ ജനിച്ച ബൗദ്ധികപ്രഭാവനായ ഒരു യുവാവിന്റെ സാഹസികയാത്ര, അതു മലയാള മണ്ണിലേക്കായിരുന്നു. ജാതിസ്പർദ്ധയും ദാരിദ്ര്യവും ഉച്ചനീചത്വങ്ങളും കൊടികുത്തിവാണിരുന്ന കേരളത്തിന്റെ ജീർണിച്ച സാമൂഹികാന്തരീക്ഷത്തിലേക്കു സ്നേഹത്തിന്റെ സന്ദേശമെത്തിച്ച ആ യുവസന്ന്യാസി പാവങ്ങളുടെ ഹൃദയത്തിൽ ഇടം പിടിച്ചു; ഒപ്പം ശത്രുക്കളുടെ മനസ്സിലും.

1681 ൽ ജർമനിയിലെ ഹാനോവറിൽ ഓസ്റ്റർ കാപ്ലയിൻ എന്ന സ്ഥലത്താണ് ജൊഹാൻ ഏണസ്റ്റ് ഹാങ്സിൽഡന്റെ ജനനം. പഠനകാലത്തു പരിചയപ്പെട്ട ജർമൻ മിഷനറിയും ഈശോസഭാംഗവുമായ ഫാ. വില്യം വെബ്ബറാണ് സുവിശേഷമേഖലയിലേക്കു വഴിതിരിച്ചുവിട്ടത്.

ഇന്ത്യയിലെ ആത്മീയപ്രവർത്തനങ്ങൾക്കു സന്നദ്ധപ്രവർത്തകരെ തിരഞ്ഞെടുക്കാനാണ് അന്ന് ഫാ. വെബ്ബർ ഓസ്നാബ്രൂക്കിൽ എത്തുന്നത്. ഫാ. വെബ്ബറിന്റെ വ്യക്തിമാഹാത്മ്യം ചെറുപ്പക്കാരനായ അർണോസിനെയും അർണോസിന്റെ വിനയവും വിജ്ഞാനതൃഷ്ണയും സ്നേഹശീലവും ഫാ. വെബ്ബറിനെയും ആകർഷിച്ചു. മാതാപിതാക്കളോടും സഹോദരങ്ങളോടും വിടപറഞ്ഞ് അദ്ദേഹം വെബ്ബറിന്റെ സംഘത്തിൽ ചേർന്നു.

കുലീനവും സമ്പന്നവുമായ ഹാങ്സിൽഡൻ കുടുംബത്തിലെ കോൺറാഡ് ഫോണിന്റെയും ബർത്ത അന്ന ഫോൻ കേറ്റലറിന്റെയും രണ്ടു മക്കളിൽ ഇളയവനായിരുന്നു ജൊഹാൻ (ജോൺ) ഏണസ്റ്റ്. ജർമനിയിലെ ഈശോസഭാവൈദികർ നടത്തിയിരുന്ന കരോളിനം ജിംനേസും എന്ന വിദ്യാലയത്തിലാണ് ജൊഹാൻ പഠിച്ചിരുന്നത്. വെബ്ബറുടെ ഒപ്പം യാത്ര പുറപ്പെട്ട അർണോസിന്റെ വൈദികപരിശീലനത്തിന്റെ ഒന്നര വർഷങ്ങൾ കപ്പലിലായിരുന്നു. ദുരിതപൂർണമായ യാത്രയ്ക്കിടയിൽ തുർക്കിയിൽവച്ച് കോർബാനദി കടക്കുന്നതിനിടയിൽ അധികച്ചുങ്കം കൊടുക്കേണ്ടിവരികയും തുർക്കിപ്പട്ടാളത്തിന്റെ കിരാതമായ ചോദ്യം ചെയ്യലുകൾക്കു വിധേയരാവുകയും ചെയ്തു. ഈ സഞ്ചാരത്തിനിടയിൽ ഒപ്പമുണ്ടായിരുന്ന വൈദികർ രണ്ടുപേരും (ഫാ. വെബ്ബറും ഫാ. മേയറും) രോഗികളായി മാറി. യാത്രയ്ക്കിടെ കപ്പലിൽവച്ച് അവർ മരണമടഞ്ഞു. 1700 ഡിസംബർ 13 ന് അർണോസും കൂടെയുണ്ടായിരുന്ന ഷില്ലിംഗറും ഗുജറാത്തിലെ സൂറത്ത് തുറമുഖത്ത് കരയ്ക്കിറങ്ങി. സങ്കടമെല്ലാം ഉള്ളിലൊതുക്കി സുവിശേഷവേലയ്ക്കുവേണ്ടി അർണോസ് മുന്നോട്ടുതന്നെ നീങ്ങി. പിന്നീട് കൊച്ചിയിലെ സാമ്പളൂർ എന്ന ഗ്രാമത്തിലെത്തി. അവിടെവച്ചു വൈദികപട്ടം സ്വീകരിച്ചു.

വിജ്ഞാനദാഹിയായ ജൊഹാൻ, വരേണ്യർ മാത്രം പഠിച്ചിരുന്ന സംസ്കൃതം പഠിക്കാൻ ആഗ്രഹിച്ചു. ചില നമ്പൂതിരിമാർ അതിനെ എതിർത്തെങ്കിലും ഉള്ളിൽ നന്മ സൂക്ഷിച്ചിരുന്ന ഉത്പതിഷ്ണുക്കളായ ഏതാനും ചിലരുടെ സഹായത്തോടെ അദ്ദേഹം സംസ്കൃതത്തിൽ പ്രാവീണ്യം നേടി. കൂടാതെ, ചതുരംഗം, വാസ്തുവിദ്യാജ്യോതിഷം, ഭാഷാശാസ്ത്രം എന്നിവയും പഠിച്ചു. ഈ കാലയളവിൽ ഉദരസംബന്ധമായ രോഗങ്ങളും അദ്ദേഹത്തെ അലട്ടിയിരുന്നു. എങ്കിലും ഉള്ളിൽ കത്തിജ്ജ്വലിച്ചിരുന്ന ദൈവസ്നേഹത്തിന്റെ മുന്നിൽ അതൊന്നും ഒന്നുമല്ലായിരുന്നു.

വേലൂർ എന്ന സ്ഥലത്താണ് അർണോസിനു ശുശ്രൂഷ ചെയ്യാൻ നിയോഗം ലഭിച്ചത്. ഒട്ടും വികസിതമല്ലാത്ത അപരിഷ്കൃതഗ്രാമത്തിൽ എത്തിയ അദ്ദേഹത്തിനു പെരുവഴിക്കാട്ട് നായർ കുടുംബം നല്കിയ സ്ഥലത്ത് ആഴ്വാഞ്ചേരി തമ്പ്രാക്കൾ കേരള വാസ്തുശില്പപ്രകാരം ഒരു വസതി നിർമിച്ചുകൊടുത്തു. അവിടെ താമസിച്ചുകൊണ്ടാണ് അദ്ദേഹം ചരിത്രപ്രസിദ്ധമായ വേലൂർ പള്ളി പണിയിച്ചത്. ദീർഘകാലം അദ്ദേഹം അവിടെ ശുശ്രൂഷ ചെയ്തു. പഴുവിൽ പള്ളിയിലായിരിക്കേ 1732 മാർച്ച് 20 ന് സർപ്പദംശനമേറ്റ് 51-ാം വയസ്സിൽ അദ്ദേഹം അന്തരിച്ചു.

സങ്കടത്തിന്റെ തിരമാലകൾ ഒന്നൊന്നായി വേട്ടയാടപ്പെട്ട ഒരു ഹൃദയത്തിൽനിന്നു നിറഞ്ഞൊഴുകിയ വരികൾ ഇന്നും ജീവനോടെ അലയടിക്കുന്നു.

"ദുഃഖമൊക്കെപ്പറവാനോ
വാക്കു പോരാ മാനുഷർക്ക്
ഉൾക്കനെ ചിന്തിച്ചു കൊൾവാൻ
ബുദ്ധിയും പോരാ."
(പുത്തൻപാന)

സകല ദുഃഖങ്ങളും സമർപ്പിച്ചു സ്വർഗത്തിലേക്കു മിഴികളുയർത്തിയ ഒരാൾക്ക് ഇങ്ങനെയേ എഴുതാൻ കഴിയൂ.

"വിണ്ണിലോട്ടു നോക്കി നിന്റെ
കണ്ണിലും നീ ചോര ചിന്തി
മണ്ണുകൂടെ ചോരയാലെ
നനച്ചോ പുത്രാ." (പുത്തൻപാന)

ഈ കാലഘട്ടത്തിലും അതിനുശേഷവും എഴുതപ്പെട്ട മഹത്രചനകൾ പാഠപുസ്തകങ്ങളിലും കലാലയങ്ങളിലുംമാത്രം ഇടം നേടിയപ്പോൾ മലയാളത്തിലെ ഹൃദ്യവും മധുരോദാരവും ഉദാത്തവുമായ അർണോസ് പാതിരിയുടെ പുത്തൻപാന ജനഹൃദയങ്ങളിൽ ചേക്കേറി ജീവിതഗന്ധിയായി മാറി. ചതുരന്ത്യം, ജനോവാപർവം, ഉമ്മാടെ ദുഃഖം, പുത്തൻപാന തുടങ്ങി നിരവധി കാവ്യങ്ങളും മലയാളം-പോർച്ചുഗീസ് നിഘണ്ടുവും വ്യാകരണ ഗ്രന്ഥവും സംസ്കൃതനിഘണ്ടുവും മലയാളത്തിനു സമ്മാനിച്ച അനശ്വരപ്രതിഭയാണ് അർണോസ് പാതിരി.

ഭാഷാചരിത്രകാരനും സാഹിത്യവിമർശകനും കവിയുമായ ശൂരനാട്ട് കുഞ്ഞൻപിള്ളയുടെ വാക്കുകൾ ശ്രദ്ധേയം: "കേരള സാഹിത്യം എന്നും കൃതജ്ഞതയോടെ ഓർമിക്കേണ്ട സേവനങ്ങൾകൊണ്ട് അനശ്വരകീർത്തി നേടിയിട്ടുള്ള ഒരു ധന്യനാണ് അർണോസ് പാതിരി. എന്നാൽ, കേരളീയർ, പ്രത്യേകിച്ച്, ക്രിസ്ത്യാനികൾപോലും വേണ്ടപോലെ അദ്ദേഹത്തെ അറിഞ്ഞിട്ടില്ല." വിദേശികളായ മിഷനറിമാരിൽ പ്രഥമഗണനീയനായി ശോഭിക്കുന്നത് അർണോസ് പാതിരിയാണെന്നു കവിയും ചരിത്രകാരനുമായ ഉള്ളൂർ എസ്. പരമേശ്വരയ്യർ രേഖപ്പെടുത്തിയിരിക്കുന്നു. മലയാളഭാഷയ്ക്കും സാഹിത്യത്തിനും അർണോസ് പാതിരി നൽകിയ സംഭാവനകൾ വിസ്മരിക്കാവതല്ല. മൈക്കലാഞ്ചലോയുടെ പിയാത്തായെ അനുസ്മരിപ്പിക്കുന്ന പുത്തൻ പാന സർപ്പിണിവൃത്തത്തിൽ രചിച്ചതാണ്. അതിലെ 12-ാം പാദം നതോന്നത വൃത്തത്തിലാണ് എഴുതിയിരിക്കുന്നത്. ഭാഷയും വ്യാകരണവും വൃത്തശാസ്ത്രവും സർഗവൈഭവവും കൈമുതലായിട്ടുള്ള ഒരാൾക്കു മാത്രമേ ഇത്രമാത്രം ഉദാത്തമായ ഒരു കാവ്യം രചിക്കാനാകൂ. മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും ഉമ്മറപ്പടിയിലെ റാന്തൽവിളക്കാണ് മഹാനായ അർണോസ് പാതിരി.

■

# ഡോ. തോമസ് ജെ. നെറ്റോ അഭിഷിക്തനായി

## തിരുവനന്തപുരം ലത്തീൻ അതിരൂപതയ്ക്ക് പുതിയ ഇടയൻ



ഡോ. തോമസ് ജെ. നെറ്റോ തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ പുതിയ ആർച്ചുബിഷപ്പായി അഭിഷിക്തനായി. ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ചുബിഷപ് ലിയോ പോൾഡ് ജിറേലിയുടെ സാന്നിധ്യത്തിൽ ചെറുവെട്ടുകാട് സെന്റ് സെബാസ്റ്റ്യൻസ് ഗ്രൗണ്ടിൽ നടന്ന ചടങ്ങിൽ അതിരൂപത അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ഡോ. എം. സൂസപാക്യം മുഖ്യകാർമികത്വം വഹിച്ചു.

തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ രണ്ടാമത്തെ ആർച്ചുബിഷപ്പായ ഡോ. തോമസ് ജെ. നെറ്റോ 1964 ഡിസംബർ 29 ന് തിരുവനന്തപുരം പുതിയതുറയിലാണ് ജനിച്ചത്. ജെസ്സായൻ നെറ്റോയും ഇസബെല്ല നെറ്റോയുമാണ് മാതാപിതാക്കൾ.

തുമ്പ സെന്റ് സേവ്യേഴ്സ് കോളജിൽനിന്നു ബിരുദപഠനം പൂർത്തിയാക്കിയ അദ്ദേഹം പാളയത്തെ സെന്റ് വിൻസെന്റ് മൈനർ സെമിനാരിയിൽ വൈദികാർത്ഥിയായിച്ചേർന്നു. ആലുവ കർമൽഗിരി സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ തത്ത്വശാസ്ത്രത്തിലും മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ ദൈവശാസ്ത്രത്തിലും പഠനം പൂർത്തിയാക്കി. 1989 ഡിസംബർ 19 ന് വൈദികനായി അഭിഷിക്തനായി. കേരള സർവകലാശാലയിൽനിന്നു സോഷ്യോളജിയിൽ എംഎ ബിരുദവും റോമിലെ പൊണ്ടിഫിഷ്യ യൂണിവേഴ്സിറ്റി അർബാനിയാനയിൽനിന്ന് ഡോഗ്മാറ്റിക് തിയോളജിയിൽ ഡോക്ടറേറ്റും നേടി.

അസിസ്റ്റന്റ് വൈദികൻ, എക്യുമെനിസം ആൻഡ് ഡയലോഗ് എക്സിക്യൂട്ടീവ് സെക്രട്ടറി, വിവിധ ഇടവകകളിലെ വികാരി, ബേസിക് ക്രിസ്ത്യൻ കമ്മ്യൂണിറ്റീസ് എക്സിക്യൂട്ടീവ് സെക്രട്ടറി, സെന്റ് വിൻസെന്റ് മൈനർ സെമിനാരി റെക്ടർ എന്നീ സ്ഥാനങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ബേസിക് ക്രിസ്ത്യൻ കമ്മ്യൂണിറ്റീസ് എക്സിക്യൂട്ടീവ് സെക്രട്ടറി, സെന്റ് വിൻസെന്റ് മൈനർ സെമിനാരി റെക്ടർ എന്നിവയായിരുന്നു മറ്റു നിയമനങ്ങൾ.

Deepanalam Weekly
RNI No : 16998/68
Vol. 55 No. 5 Date of Publication 24 March 2022
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment













Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
. Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org